2026 JANUARY 11

eM emalayalee.com

The Weekly


WEEKLY NEWSPAPER




# കരുതലും കാരുണ്യവും: ഫോമാ കേരള കൺവൻഷൻ ചരിത്രമായി




## കേരളം വ്യവസായ സൗഹൃദത്തിൽ ഒന്നാമത് : നിക്ഷേപത്തിലൂടെയാണ് നാടിനെ സേവിക്കേണ്ടത് മന്ത്രി പി. രാജീവ്


the cotillion
Outstanding
Chinese cuisine
Our Asian Fusion restaurant is
known for its modern classic dishes
Authentic Indian food
rich in flavor and taste
Conveniently
located
on Jericho
Turnpike
Excellent service and
friendly staff
the cotillion
440 Jericho Turnpike
JERICHO, NY 11753
(516) 938-3300
The Cotillion is
guaranteed to be a
great dine experience
The Cotillion has
sophisticated and
inviting atmosphere

# ജീവകാരുണ്യ സന്ദേശവുമായി ഫോമാ കേരളാ കൺവൻഷൻ 2026 – ന് കോട്ടയത്ത് ഉജ്ജ്വല തുടക്കം



എ.എസ് ശ്രീകുമാർ

കോട്ടയം: വേദിയിലും സദസിലും സമൂഹത്തിന്റെ പരിഛേദം സാന്നിധ്യമറിയിച്ച പ്രൗഢഗംഭീരമായ നിമിഷത്തിൽ അമേരിക്കൻ മലയാളികളുടെ അനുഗ്രഹീത ഫെഡറേഷനായ ഫോമായുടെ കേരളാ കൺവൻഷന് ഭദ്രദീപം തെളിഞ്ഞു. ഇന്ന് രാവിലെ 11 മണിക്ക് വിൻഡ്സർ കാസിൽ ഹോട്ടലിൽ ഓഡിറ്റോറിയത്തിൽ, ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ അധ്യക്ഷത വഹിച്ച, മഹത്തായ ജീവകാരുണ്യ പ്രവർത്തിയുടെ സന്ദേശം അലയടിച്ച വേദിയിൽ ജലസേചന വകുപ്പ് മന്ത്രി റോഷി അഗസ്റ്റിനാണ് കൺവൻഷൻ ഉദ്ഘാടനം ചെയ്തത്. ഫോമാ ജോയിന്റ് സെക്രട്ടറി പോൾ ജോസ് സ്വാഗതമാശംസിച്ചു.

ഫോമാ കേരളാ കൺവൻഷന്റെ മുഖമുദ്ര അനുകരണീയമായ ജീവകാരുണ്യ പ്രവർത്തനത്തിന്റെ സന്ദേശമാണെന്നും ഫോമായെ സംബന്ധിച്ചിടത്തോളം ഏറ്റവും സന്തോഷപ്രദമായ നിമിഷങ്ങളാണിതെന്നും ബേബി മണക്കുന്നേൽ പറഞ്ഞു. കൺവൻഷനിലൂടെ ഫോമാ വീണ്ടുമൊരിക്കൽക്കൂടി ജൻമനാട്ടിലെത്തി പ്രതിബദ്ധത പ്രകടിപ്പിക്കുകയാണ്. സമൂഹത്തിൽ അവശതയനുഭവിക്കുന്നവരെ നെഞ്ചോട് ചേർത്ത് അവരുടെ ആവശ്യങ്ങൾ തങ്ങളാൽ കഴിയുന്ന തരത്തിൽ നിർവഹിക്കപ്പെടുന്ന ഈ ചടങ്ങ് പോമായുടെ ചരിത്രത്തിലെ മറ്റൊരു നാഴികക്കല്ലായിരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

ഫോമായുടെ ചിരിറ്റി ഉൾപ്പെടെയുള്ള മാതൃകാപരവും ജനോപകാരപ്രദവുമായ പ്രവർത്തനങ്ങൾ കേരളത്തിവേയ്ക്ക് വ്യാപിപ്പിക്കുന്നതിൽ വളരെ സന്തോളവും അഭിമാനവുമുണ്ടെന്ന് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. പ്രളയത്തിലും മറ്റും ഫോമാനൽകിയ

സഹായമുൾപ്പെടെയുള്ള ചേർത്തുനിർത്തലുകളെ റോഷി അഗസ്റ്റിൻ അനുസ്മരിച്ചു ഫോമായ്ക്ക് എല്ലാ വിധ ആശംസകളും നേർന്നുകൊണ്ടാണ് അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചത്.

തുടർന്ന് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഇലക്ട്രിക് വീൽ ചെയറും മുച്ചക്ര സ്കൂട്ടറും കാഴ്ച പരിമിതിയുള്ള വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പും കേഴ്വി പരിമിതിയുള്ള വിദ്യാർത്ഥികൾക്ക് ശ്രവണ സഹായിയും സൗജന്യമായി നൽകുന്ന പദ്ധതിയുടെ വിതരണോദ്ഘാടനവും മന്ത്രി നിർവഹിച്ചു.










FOMAA CHARITY DISTRIBUTION




FOMAA CHARITY DISTRIBUTION






FOMAA CHARITY DISTRIBUTION






MALAYALEE ASSOCIATIONS OF AMERICAS
FOMAA


OF MALAYALEE ASSOCIATIONS OF AMERICAS
FOMAA




FEDERATION OF MALAYALEE ASSOCIATIONS OF AMERICAS
FOMAA


FEDERATION OF MALAYALEE ASSOCIATIONS OF AMERICAS
FOMAA
Kerala
CONVENTION




FOMAA


415+
SHOWROOMS
14 COUNTRIES
MALABAR
GOLD & DIAMONDS
EXPERIENCE JEWELLERY SHOPPING LIKE NEVER BEFORE
VISIT OUR SHOWROOM
USA
AUSTIN
NEW JERSEY
DALLAS
CHICAGO
NAPERVILLE
LOS ANGELES
ATLANTA
CANADA
AJAX | MISSISSAUGA | SURREY
OPENING SOON
IN SEATTLE AND SANTA CLARA

# സത്യനായകാ... എഴുതിയപ്പോൾ ശ്രീകുമാരൻ തമ്പി ക്രിസ്ത്യാനി




കോട്ടയം: വിൻസർ കാസിലിൽ നടന്ന ഫോമാ കേരള കൺവെൻഷനിൽ മുഖ്യാതിഥിയായി പങ്കെടുത്ത്, കവിയും ഗാനരചയിതാവുമായ ശ്രീകുമാരൻ തമ്പി നടത്തിയ പ്രഭാഷണം, അനുഭവങ്ങളുടെയും ദാർശനിക ചിന്തകളുടെയും അപൂർവ സംഗമമായി മാറി. അമേരിക്കയുമായുള്ള തന്റെ ദീർഘകാല ആത്മബന്ധവും, മതസൗഹാർദ്ദത്തിന്റെ സർവ്വമാനവ സന്ദേശവും, കടമഅവകാശ ബോധത്തിന്റെ സാമൂഹിക പ്രസക്തിയും അദ്ദേഹം വാക്കുകളിലൂടെ ശ്രോതാക്കളിലേക്കെത്തിച്ചു.

**അമേരിക്കയിലേക്കുള്ള യാത്രകളും ആത്മബന്ധവും**

താൻ ആറു പ്രാവശ്യം അമേരിക്ക സന്ദർശിച്ചതായി അദ്ദേഹം ഓർമ്മിച്ചു. 1977-ൽ സാൻഫ്രാൻസിസ്കോ അന്തർദേശീയ ഫിലിം ഫെസ്റ്റിവലിൽ പങ്കെടുക്കാനെത്തിയതായിരുന്നു ആദ്യയാത്ര. ആ യാത്രയിൽ ഹോളിവുഡ്, ഡിസ്നിലാൻഡ് എന്നിവിടങ്ങൾ സന്ദർശിക്കുകയും ഒരുമാസത്തോളം അവിടെ താമസിക്കുകയും ചെയ്ത അനുഭവങ്ങൾ അദ്ദേഹം പങ്കുവെച്ചു.

1984-ൽ, തൃശൂർ ഗവൺമെന്റ് എഞ്ചിനിയറിംഗ് കോളേജിൽ തന്നെ പഠിപ്പിച്ചിരുന്ന, പിന്നീട് ടെക്സസിൽ ഡിപ്പാർട്ട്മെന്റ് മേധാവിയായ അധ്യാപകനോടൊപ്പം ഒരു കാറിൽ അമേരിക്കയിലെ 42 സംസ്ഥാനങ്ങളിലൂടെ സഞ്ചരിച്ച അനുഭവം അദ്ദേഹത്തിന്റെ ജീവിതത്തിലെ അപൂർവ ഓർമ്മയാണെന്നും വ്യക്തമാക്കി. റോക്കി മൗണ്ടൻസ്, മൗണ്ട്






റഷ്മോർ, ന്യൂയോർക്ക് തുടങ്ങിയ പ്രധാന കേന്ദ്രങ്ങൾ സന്ദർശിച്ച തനിക്ക് അമേരിക്കയോട് ഒരു ആത്മബന്ധമുണ്ടെന്നും, ഇന്ത്യയും അമേരിക്കയും തമ്മിൽ ചില അദൃശ്യ ബന്ധങ്ങൾ നിലനിൽക്കുന്നുണ്ടെന്നും ചൂണ്ടിക്കാട്ടി.

## ചരിത്രവും ഭൂമിശാസ്ത്രവും മനുഷ്യജീവിതവും

ഏഷ്യയിലെത്തണമെന്ന ആഗ്രഹത്തോടെ യാത്രതിരിച്ച ക്രിസ്റ്റഫർ കൊളംബസ്, യാദൃച്ഛികമായി അമേരിക്കയിലെത്തിയ ചരിത്രം ഓർമ്മിപ്പിച്ചുകൊണ്ട്, ‘‘അമേരിക്ക കണ്ടെത്തിയ കൊളംബസിന്റെ യഥാർത്ഥ ലക്ഷ്യം നമ്മുടെ നാടായിരുന്നു’’ എന്ന ചിന്ത അദ്ദേഹം മുന്നോട്ടുവച്ചു.

അമേരിക്കയുടെ ഭൂമിശാസ്ത്ര സവിശേഷതകളും മനുഷ്യജീവിതവുമായി അദ്ദേഹം ഉപമിച്ചു: ഒരു വശത്ത് എപ്പോഴും പ്രക്ഷുബ്ധമായ അറ്റ്ലാന്റിക് സമുദ്രവും മറുവശത്ത് ശാന്തിയുടെ പ്രതീകമായ പസഫിക് സമുദ്രവും. മനുഷ്യന്റെ മനസ്സ് ഏത് സമുദ്രത്തെപ്പോലെ ആക്കണമെന്നത് അവനവൻ തീരുമാനിക്കേണ്ടതാണെന്നും, സമാധാനത്തിനായുള്ള മനുഷ്യന്റെ തിരച്ചിലാണ് ദൈവവിശ്വാസത്തിലേക്ക് നയിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.




ദൈവം, മതങ്ങൾ, കവിയുടെ ആത്മാവും

‘‘ആരാണ് ഞാൻ, എവിടെ നിന്നാണ് തുടക്കം, എവിടെയാണ് അവസാനം’’ എന്ന ചോദ്യങ്ങളിൽ നിന്നാണ് മനുഷ്യൻ ദൈവത്തെ കണ്ടെത്തിയതെന്ന് അദ്ദേഹം വിശദീകരിച്ചു. ഹിന്ദുമതം, ക്രിസ്തുമതം, ഇസ്ലാം മതംഎല്ലാം ഒരേ ദൈവത്തിലേക്കാണ് മനുഷ്യനെ നയിക്കുന്നതെന്നും, ‘‘അഹം ബ്രഹ്മാസ്മി’’ എന്ന ഹിന്ദു ദർശനം ഒറ്റ ദൈവസങ്കൽപ്പത്തിന്റെ പ്രഖ്യാപനമാണെന്നും അദ്ദേഹം വ്യക്തമാക്കി.

കവിയെന്ന നിലയിൽ, 3000-ലധികം ഗാനങ്ങൾ താൻ എഴുതിയിട്ടുണ്ടെന്നും, അതിൽ ഹിന്ദു ഭക്തിഗാനങ്ങളും ക്രിസ്ത്യൻ ഗാനങ്ങളും ഇസ്ലാമിക ഗാനങ്ങളും ഉൾപ്പെടുന്നുവെന്നും പറഞ്ഞു. ‘‘എന്റെ മതം എന്താണ്’’ എന്ന ചോദ്യത്തിന് അദ്ദേഹം നൽകിയ ഉത്തരം മനുഷ്യസ്നേഹ

ത്തിന്റെതായിരുന്നു'എനിക്ക് മനുഷ്യരേ ഉള്ളു, മനുഷ്യർക്കുവേണ്ടിയാണ് ഞാൻ പാട്ടെഴുതുന്നത്.''

ക്രിസ്തുമസ് കാലത്ത് ലോകമെമ്പാടുമുള്ള ക്രിസ്ത്യൻ സമൂഹം ആലപിക്കുന്ന 'രാജാവിൻ രാജാവ് എഴുന്നള്ളുന്നു' എന്ന ഗാനം താൻ എഴുതിയതാണെന്ന് പലർക്കും അറിയില്ലെന്ന അനുഭവം അദ്ദേഹം രസകരമായി പങ്കുവെച്ചു. 'ജീവിതം ഒരു ഗാനം' എന്ന താൻ തന്നെ എഴുതി സംവിധാനം ചെയ്ത ചിത്രത്തിലൂടെ, ഇടനാടൻ ക്രിസ്ത്യൻ സമൂഹത്തിന്റെ അധ്വാനജീവിതവും മാറ്റങ്ങളും അവതരിപ്പിച്ചതും, അതിലെ 'സത്യനായകാ മുക്തിദായകാ' എന്ന ഗാനം എഴുതിയ അനുഭവങ്ങളും അദ്ദേഹം സ്മരിച്ചു. ''ആ പാട്ടെഴുതുമ്പോൾ ഞാൻ ക്രിസ്ത്യാനിയായിരുന്നു; അല്ലാതെ എനിക്ക് അത് എഴുതാനാവില്ല'' എന്ന അദ്ദേഹത്തിന്റെ വാക്കുകൾ കയ്യടിയോടെയാണ് ശ്രോതാക്കൾ സ്വീകരിച്ചത്. അതുപോലെ 'ആകാശരൂപിണി അന്നപൂർണ്ണേശ്വരി' എഴുതുമ്പോൾ താൻ ഹിന്ദുവായിരുന്നുവെന്നും, 'തത്കാല ദുനിയാവ്' എഴുതുമ്പോൾ ഇസ്ലാമായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

**കടമയും അവകാശവും മുന്നേറ്റത്തിന്റെ രണ്ട് കാലുകൾ**

മനുഷ്യജീവിതത്തിന്റെ മുന്നേറ്റത്തിന് രണ്ട് കാലുകളുണ്ടെന്ന മനോഹരമായ ഉപമയിലൂടെ, കടമയും അവകാശവും തമ്മിലുള്ള ബന്ധം അദ്ദേഹം വിശദീകരിച്ചു. ''കടമ നിർവഹിച്ചതിന് ശേഷമേ അവകാശത്തിനായി സംസാരിക്കാനാകൂ. കടമ മറന്നാൽ ഒരൊറ്റക്കാലിൽ നിൽക്കേണ്ടിവരും'' എന്ന അദ്ദേഹത്തിന്റെ വാക്കുകൾ സാമൂഹിക ബോധത്തിന്റെ ശക്തമായ ഓർമ്മപ്പെടുത്തലായി.

**പ്രവാസികൾക്ക് സന്ദേശം**

പ്രവാസികളായ മലയാളികളോട്, സ്വപ്നവും സത്യവും തമ്മിലുള്ള സമതുലിതമായ പ്രവാഹത്തിന്റെ ആവശ്യകത അദ്ദേഹം ഓർമ്മിപ്പിച്ചു. ''അമേരിക്കയിൽ ജീവിക്കുമ്പോൾ അമേരിക്ക സത്യമാണ്; നമ്മുടെ നാട് സ്വപ്നമാണ്. സ്വപ്നവും സത്യവും ചേർന്നൊഴുകുമ്പോഴാണ് ജീവിതം മുന്നോട്ട് പോകുന്നത്'' എന്ന സന്ദേശത്തോടെയാണ് അദ്ദേഹം പ്രഭാഷണം അവസാനിപ്പിച്ചത്.

കേരളത്തിലെ ഫോമാ സമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കാനായതിൽ സന്തോഷം രേഖപ്പെടുത്തിയ അദ്ദേഹം, എല്ലാ സുഹൃത്തുക്കൾക്കും അതിഥികൾക്കും അഭിവാദ്യം അർപ്പിച്ചുകൊണ്ടാണ് വാക്കുകൾ ഉപസംഹരിച്ചത് .

ഫോമാ കേരള കൺവെൻഷനിലെ ഈ പ്രഭാഷണം, സാഹിത്യവും ആത്മചിന്തയും സാമൂഹിക ഉത്തരവാദിത്തവും ഒരുമിച്ചു ചേർന്ന ഒരു സ്മരണീയ അനുഭവമായി പങ്കെടുത്തവരുടെ മനസ്സിൽ ഇടം പിടിച്ചു.




FEDERATION OF MALAYALEE ASSOCIATIONS OF AMERICAS
FOMAA
Kerala
CONVENTION


FEDERATION OF MALAYALEE ASSOCIATIONS OF AMERICAS (FOMAA)
KERALA CONVENTION
NRI
ASSISTANCE DESK







# നാടിന്റെ സമഗ്ര വികസനത്തിൽ പങ്കാളികളാവുക; ഫോമാ കേരളാ കൺവൻഷനിൽ കേന്ദ്രമന്ത്രി ജോർജ് കുര്യൻ




**എ.എസ് ശ്രീകുമാർ**

കോട്ടയം: അമേരിക്കൻ മലയാളികൾ കേരളത്തിലേയ്ക്ക് അയയ്ക്കുന്ന പണം ഈ നാടിന്റെ സമസ്ത മേഖലയിലും ഉണ്ടാക്കിയ മാറ്റം അത്ഭുതകരമാണെന്ന് കേന്ദ്രമന്ത്രി ജോർജ് കുര്യൻ പ്രസ്താവിച്ചു. ഫോമായുടെ 9-ാം കേരളാ കൺവൻഷന്റെ കോട്ടയത്തെ സമാപന സമ്മേളനം വിൻഡ്സർ ഓാഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. നിങ്ങളുടെ അനുഭവ പരിജ്ഞാനവും സ്നേഹസംഭാവനകളും രാജ്യത്തിന്റെ സമഗ്ര വികസനത്തിനായി നൽകണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. സമ്മേളനത്തിന് എത്തിയ വിശിഷ്ടാതിഥികളെ ചെണ്ടമേളം മാർഗം കളി എന്നിവ അണിനിരന്ന ഘോഷയാത്രയുടെ അകമ്പടിയോടെയാണ് വേദിയിലേക്ക് ആനയിച്ചത്.

അമേരിക്കയിൽ ആറുതവണ എത്തിയിട്ടുള്ള തനിക്ക് ആ രാജ്യത്തെ മലയാളികളുമായി ഹൃദയബന്ധമുണ്ടെന്ന് കവി, നോവലിസ്റ്റ്, ചലച്ചിത്ര ഗാന രചയിതാവ്, സംവിധായകൻ, തിരക്കഥാകൃത്ത്, നിർമ്മാതാവ്, സംഗീത സംവിധായകൻ, ടെലിവിഷൻ നിർമ്മാതാവ് എന്നിങ്ങനെ വിവിധ മേഖലകളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച ശ്രീകുമാരൻ തമ്പി പറഞ്ഞു. കൺവൻഷനിൽ കീനോട്ട് പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. ഏകദേശം 3500 പാട്ടുകൾ എഴുതിയ തനിക്ക് മതമില്ലെന്നും ക്രൈസ്തവ പാട്ടെഴുതുമ്പോൾ ക്രിസ്ത്യാനിയും ഹൈന്ദവ പാട്ടെഴുതുമ്പോൾ ഹിന്ദുവും ഇസ്ലാം ഗാനമെഴുതുമ്പോൾ മുസ്ലീമുമാണ് താനെന്നും ഈ




വേദിയിൽ ഏവരെയും അഭിമുഖീകരിക്കാൻ സാധിച്ചതിൽ ഏറെ സന്തോഷമുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

കേരളാ കൺവൻഷനെത്തിയ ഏവരെയും ഹൃദയപൂർവം ആദരിക്കുന്നുവെന്ന് പുതുവൽസരാശംസകൾ നേർന്നുകൊണ്ട് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ പറഞ്ഞു. കർമഭൂമിയിൽ കഠിനാധ്വാനത്തിലൂടെ നേടിയ ജീവിത വിജയം ജൻമനാടുമായി പങ്കുവയ്ക്കാൻ കാട്ടുന്ന മനോഭാവമാണ് ഫോമായുടെ ശക്തിയെന്ന് ആന്റോ ആന്റണി എം.പി അഭിപ്രായപ്പെട്ടു. അംഗബലത്തിലും കർമ ശേഷിയിലും പൈതൃകത്തിന്റെ കാര്യത്തിലും അമേരിക്കൻ മലയാളികളുടെ ഏറ്റവും കരുത്തുറ്റ സംഘടനയായ ഫോമായുടെ ജനപക്ഷ പ്രവർത്തനങ്ങൾ അനുകരണീയവും മാതൃകാപരവുമാണെന്ന് മോൻസ് ജോസഫ് എം.എൽ.എ ചൂണ്ടിക്കാട്ടി.

ചടങ്ങിൽ ശ്രീകുമാരൻ തമ്പി, കേരളാ കൺവൻഷൻ ചെയർമാൻ പീറ്റർ കുളങ്ങര എന്നിവരെ പൊന്നാടയും മെമന്റോയും നൽകി ആദരിച്ചു. അമേരിക്കയിൽ ബിസിനസ് രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച എയ്റോ കൺട്രോൾസിന്റെ സി.ഇ.ഒ ജോൺ ടൈറ്റസ്, എറിക് ഷൂ കമ്പനിയുടെ സാരഥി വർക്കി എബ്രഹാം, സ്പോൺസർമാരായ ബിജു ലോസൺ, ലക്ഷ്മി സിൽക്സ്, അച്ചായൻസ് ഗോൾഡ് പ്രതിനിധികൾ എന്നിവരും ആദരിക്കപ്പെട്ടു. ഫോമായുടെ കീഴിലുള്ള ലാംഗ്വേജ് & എഡ്യൂക്കേഷൻ ഫോറത്തിന്റെ മലയാള ഭാഷാ പരിപോഷണ പ്രവർത്തനങ്ങൾക്ക് സഹായവുമായി ഹ്യൂസ്റ്റൺ ജനറൽസ് കൺവൻഷൻ വേദിയിലെത്തി.



മലയാള ഭാഷാ പഠനത്തിനും പാഠ്യേതര പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകുന്ന കേരളത്തിലെ മികച്ച രണ്ട് സ്കൂളുകൾക്കുള്ള സഹായധനം നൽകി. ധനസഹായം സ്പോൺസർ ചെയ്തത് അമേരിക്കയിലെ നാഷണൽ ക്രിക്കറ്റ് ലീഗിലെ പ്രധാന ടീമുകളിലൊന്നായ ഹ്യൂസ്റ്റൺ ജനറൽസാണെന്ന് ലാംഗ്വേജ് & എഡ്യൂക്കേഷൻ ഫോറത്തിന്റെ ചെയർ സാമുവൽ മത്തായി പറഞ്ഞു.ജോഫിൻ സെബാസ്റ്റ്യൻ, പ്രവീൺ വർഗീസ് എന്നിവരാണ് ഹൂസ്റ്റൺ ജനറൽസിന് നേതൃത്വം നൽകുന്നത്.

ഡോ. കെ.എം ചെറിയാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ പ്രിവിലേജ് കാർഡ് ഫോമാ വിമൻസ് ഫോറം മുൻ ചെയർ പേഴ്സൺ ഡോ. സാറാ ഈശോ പ്രസിഡന്റ് ബേബി മണക്കുന്നേലിന് കൈമാറി. ഫോമാ





യുടെ സ്ഥാപക പ്രസിഡന്റ് ശശിധരൻ നായർ സംഘടന യുടെ പ്രവർത്തനങ്ങളെ അഭി നന്ദിച്ചു. മുൻ പ്രസിഡന്റുമാരാ യ ബേബി ഊരാളിൽ ഡോ. ജേക്കബ് തോമസ്, അനിയൻ ജോർജ്, ഐ.പി.സി.എൻ.എ പ്രസിഡന്റ് രാജു പള്ളത്ത്, സാജ് ഗ്രൂപ്പിന്റെ എം.ഡി സാ ജൻ വർഗീസ് ജീവകാരുണ്യ പ്രവർത്തകനും ഓർമ വില്ലേ ജിന്റെ സാരഥിയുമായ ജോസ് പുന്നൂസ്, മാത്യു വർഗീസ് തു ടങ്ങിയവരും സന്നിഹിതരായി രുന്നു.

ഫോമായുടെ ജനറൽ സെ ക്രട്ടറി ബൈജു വർഗീസ് സ്വാ ഗതമാശംസിച്ചു. 2.5 മില്യൺ ഡോളറിന്റെ കരുത്തുമായാണ് ഫോമായുടെ ഈ ഭരണസമി തി പ്രവർത്തനമാരംഭിച്ചതെന്ന് ട്രഷറർ സിജിൽ പാലയ്ക്ക ലോടി വ്യക്തമാക്കി. വൈസ് പ്രസിഡന്റ് ഷാലു പുന്നൂസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവരും സം സാരിച്ചു. ജോയിന്റ് സെക്രട്ട റി പോൾ ജോസ് കൃതജ്ഞത പ്രകാശിപ്പിച്ചു. സമ്മേളനത്തി ന് ശേഷം ഫാഷൻ ഷോ, കോ മഡി ഷോ, സംഗീത പരിപാടി എന്നിവ അരങ്ങേറി.



# വ്യവസായ സൗഹൃദത്തിൽ കേരളം ഒന്നാമത് : നിക്ഷേപത്തിലൂടെയാണ് നാടിനെ സേവിക്കേണ്ടത് മന്ത്രി പി. രാജീവ്




കൊച്ചി: കേരളത്തിലെ വ്യവസായ സൗഹൃദ അന്തരീക്ഷവും നിക്ഷേപ സാധ്യതകളും വിശദമായി അവതരിപ്പിച്ച് വ്യവസായ മന്ത്രി പി. രാജീവ്. ഫോമാ ബിസിനസ് മീറ്റ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. പ്രവാസികൾക്ക് ചാരിറ്റിയേക്കാൾ നാടിന് വേണ്ടി ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ നന്മ ഇൻവെസ്റ്റ്മെന്റിലൂടെയാണെന്നും, അതിലൂടെ അനേകം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു.

കേരളം ചരിത്രത്തിലാദ്യമായി ഇന്ത്യയിൽ വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ റാങ്കിംഗിൽ ഒന്നാംസ്ഥാനത്തെത്തിയത്






വലിയ നേട്ടമാണെന്ന് മന്ത്രി വ്യക്തമാക്കി. തങ്ങൾ ഭരണം ഏറ്റെടുക്കുമ്പോൾ കേരളം 28-ാം സ്ഥാനത്തായിരുന്നു. 2026-ലെ റാങ്കിംഗിൽ ഒന്നാമതെത്തുമെന്ന വാഗ്ദാനം പ്രകടനപത്രികയിൽ ഉൾപ്പെടുത്തി ജനവിധി തേടിയ സർക്കാർ, 2023-ൽ തന്നെ ഒന്നാം സ്ഥാനത്തെത്തിയതായും അദ്ദേഹം പറഞ്ഞു. ഈ വർഷം ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ 97.3 ശതമാനം പൂർത്തിയാക്കിയതായും മന്ത്രി അറിയിച്ചു.





റാങ്കിംഗിന്റെ പ്രത്യേകതകൾ പൊതുസമൂഹത്തിന് പലപ്പോഴും വ്യക്തമായി അറിയിക്കപ്പെടാറില്ലെന്ന വിമർശനവും മന്ത്രി ഉന്നയിച്ചു. ഇൻവെസ്റ്റർമാരുടെ ഫീഡ്ബാക്ക് അടിസ്ഥാനമാക്കിയുള്ള വിലയിരുത്തലുകളാണ് റാങ്കിംഗിന് പിന്നിലെന്നും, 90 ശതമാനം പരിഷ്കാരങ്ങൾ പൂർത്തിയാക്കിയാൽ ടോപ്പ് അച്ചീവർ സ്റ്റാറ്റസ് ലഭിക്കുമെന്നും അദ്ദേഹം വിശദീകരിച്ചു. കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ വലിയ സാമ്പിൾ തെരഞ്ഞെടുത്ത്, ഇൻവെസ്റ്റർമാരെ നേരിട്ട് വിളിച്ചുചോദിച്ചാണ് റാങ്കിംഗ് നിർണയിക്കുന്നത്. 2021-ലെ ഇടതുപക്ഷ സർക്കാർ നടപ്പാക്കിയ പരിഷ്കാരങ്ങൾക്കൊപ്പം, നിക്ഷേപകരുടെ അഭിപ്രായങ്ങൾ വിലയിരുത്തിയും ആവശ്യമായ മാറ്റങ്ങൾ വരുത്തിയുമാണ് കേരളം മുന്നേറ്റം കൈവരിച്ചതെന്ന് മന്ത്രി പറഞ്ഞു. 28-ൽ നിന്ന് 15-ലേക്കും പിന്നീട് ഒന്നിലേക്കുമുള്ള കുതിപ്പ് വാർത്തയായില്ലെന്നും, റാങ്ക് താഴ്ന്നിരുന്നെങ്കിൽ അത് മാധ്യമങ്ങളടക്കം ആഘോഷമാക്കിയേനെ എന്നും അദ്ദേഹം കുറ്റപ്പെടുത്തി.

സംശയത്തിന്റെ കണ്ണട മാറ്റി വിശ്വാസത്തിന്റെ കണ്ണട വെച്ച് കേരളത്തെ കാണാൻ തുടങ്ങി





യതിന്റെ ഫലമായാണ് ഈ മുന്നേറ്റം സാധ്യമായതെന്നും മന്ത്രി പറഞ്ഞു. ഒരുകാലത്ത് മുന്നിൽ നിന്നിരുന്ന ആന്ധ്രാ പ്രദേശിനെ മറികടന്ന് കേരളം ഒന്നാമതെത്തിയതും ഈ മാറ്റത്തിന്റെ തെളിവാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമിറ്റ് വഴി 88,000 കോടി രൂപയുടെ നിക്ഷേപ പ്രതിബദ്ധത നേടിയത് സ്വപ്നതുല്യമായ നേട്ടമാണെന്നും, മന്ത്രിയായതിന് ശേഷം ഇതിലേക്ക് എത്താൻ വലിയ പരിശ്രമം നടത്തിയതായും പി. രാജീവ് പറഞ്ഞു. ഏഷ്യയിലെ ഏറ്റവും വലിയ ഉത്പാദന യൂണിറ്റുകൾ, ലോകോത്തര ഒലിവ് ഓയിൽ സിന്തറ്റിക് മാനുഫാക്ചറിംഗ് സ്ഥാപനങ്ങൾ തുടങ്ങി നിരവധി നേട്ടങ്ങൾ കേരളത്തിലുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. 3,800 കോടി രൂപ ടേൺഓവർ ഉള്ള സ്ഥാപനങ്ങൾ വരെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്നും, സ്പൈസസ് പ്രോസസ്സിംഗിന്റെ ലോക ഹബ്ബ് കേരളമാണെന്നും, ജർമ്മൻ, സ്വിസ് കമ്പനികൾ ഇവിടെ സജീവമാണെന്നും മന്ത്രി വ്യക്തമാക്കി.ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഫൈവ് സ്റ്റാർ ഹോട്ടലുകളുള്ള സംസ്ഥാനവും, 22 സ്റ്റാർട്ടപ്പ് പ്രോപ്പർട്ടികൾ ഉള്ളതും കേരളമാണെന്ന് അദ്ദേഹം പറഞ്ഞു.

ഗുജറാത്തിൽ ഒരു സെമികണ്ടക്ടർ കമ്പനി ആരംഭിച്ചപ്പോൾ അത് ഒന്നാം പേജ് വാർത്തയായത് ഓർമിപ്പിച്ച മന്ത്രി, അതേ കമ്പനി 600 കോടി രൂപ നിക്ഷേപത്തോടെ പെരുമ്പാവൂരിൽ 30 ഏക്കറിൽ ഫ്ലെക്സിബിൾ പി.സി.ബി. മാനുഫാക്ചറിംഗ് യൂണിറ്റ് ആരംഭിക്കുമ്പോൾ അർഹിക്കുന്ന വാർത്താപ്രാധാന്യം ലഭിച്ചില്ലെന്ന് പറഞ്ഞു. ടി.സി.എസ്. പദ്ധതികളുടെ കല്ലിടൽ ആരംഭിച്ചതും, കാസർഗോഡിൽ ഒരു ദിവസം 13 കമ്പനികൾ ഉദ്ഘാടനം ചെയ്തതും, എട്ട് സ്ഥാപനങ്ങൾക്ക് കല്ലിട്ടതും അദ്ദേഹം ഉദാഹരണമായി ചൂണ്ടിക്കാട്ടി.

കേരള പര്യടന യാത്രയിൽ നാല് സ്വകാര്യ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ഉദ്ഘാടനം ചെയ്തതായും, കേരളത്തിലെ ആദ്യ വനിതാ ഇൻഡസ്ട്രിയൽ പാർക്ക് സ്വകാര്യ ഉടമസ്ഥതയിൽ സ്ഥാപിച്ചതായും മന്ത്രി പറഞ്ഞു. അഞ്ച് മുതൽ പത്ത് ഏക്കർ വരെ സ്ട്രാറ്റജിക് സെൻറർ ഫാക്ടറികൾ ആരംഭിച്ചാൽ സർക്കാർ ഇൻഡസ്ട്രിയൽ പാർക്കിനുള്ളതുപോലെ തന്നെ സ്റ്റാറ്റസ് നൽകുമെന്നും, കല്ലിടുന്നതിന് മുൻപ് ഇൻഡസ്ട്രിയൽ ഏരിയ നോട്ടിഫിക്കേഷനും സിംഗിൾ വിൻഡോ ക്ലിയറൻസും





കൈമാറുന്ന സംവിധാനമുണ്ടെന്നും അദ്ദേഹം വിശദീകരിച്ചു. നിലവിൽ 40 മുതൽ 44 വരെ സ്വകാര്യ പാർക്കുകൾ പ്രവാസികളുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നുണ്ടെന്നും മന്ത്രി അറിയിച്ചു.

കേരളത്തിൽ ഇന്ന് ഇൻഡസ്ട്രി തുടങ്ങാൻ വെറും ഒരു മിനിറ്റ് മതി; പ്രിൻസിപ്പൽ അപ്രൂവൽ നമ്പറും ടെമ്പററി ബിൽഡിംഗ് നമ്പറും ലഭിക്കും. മൂന്നര വർഷത്തിനുള്ളിൽ ലൈസൻസ് എടുത്താൽ മതിയെന്നും അദ്ദേഹം പറഞ്ഞു. ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പുതിയ ക്യാമ്പയിനിലൂടെ പഞ്ചായത്തുതോറും തൊഴിൽമേളകൾ സംഘടിപ്പിച്ചു. 86,000 പുതിയ സംരംഭങ്ങളിൽ 42 ശതമാനം സ്ത്രീ സംരംഭകരുടേതാണ്. ഇന്ത്യയിൽ സ്ത്രീകളുടെ സംരംഭക പങ്കാളിത്തം ഏറ്റവും കൂടുതലുള്ള സംസ്ഥാനമാണ് കേരളമെന്നത് കേന്ദ്ര സർക്കാരിന്റെ കണക്കുകൾ വ്യക്തമാക്കുന്നതായും മന്ത്രി പറഞ്ഞു.

ആരോഗ്യരംഗത്തും കേരളം മുന്നിലാണെന്ന് മന്ത്രി വ്യക്തമാക്കി. രോഗിക്ക് സ്വയം സ്പെഷ്യലിസ്റ്റിനെ തിരഞ്ഞെടുക്കുകയും അധികം കാത്തുനിൽക്കാതെ കാണാൻ കഴിയുന്നതുമായ അപൂർവമായ സൗകര്യം കേരളത്തിലുണ്ട്. എയിംസ് കഴിഞ്ഞാൽ ശ്വാസകോശം മാറ്റിവെക്കാൻ സൗകര്യമുള്ള ഏക മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രിയിൽ ആദ്യ സൗജന്യ ഹൃദയമാറ്റിവെക്കൽ, താലൂക്ക് ആശുപത്രികളിൽപോലും ഡയാലിസിസ് സൗകര്യം, സർക്കാർ ആശുപത്രികളിൽ ഏറ്റവും കൂടുതൽ വെൻറിലേറ്ററുകളുള്ള സംസ്ഥാനം എന്നിവ എല്ലാം കേരളത്തിന്റെ നേട്ടങ്ങളാണെന്നും അദ്ദേഹം പറഞ്ഞു.

മൈഗ്രേഷൻ കാലഘട്ടം പിന്നിട്ട് റിവേഴ്സ് മൈഗ്രേഷൻ ആരംഭിച്ചുവെന്ന് മന്ത്രി പറഞ്ഞു. 2025 ജനുവരി മുതൽ ജൂലൈ വരെ ലിങ്ക്ഡ്ഇൻ റിപ്പോർട്ടുകൾ പ്രകാരം, യു.എസ്.എ, യൂറോപ്പ്, ഗൾഫ് മേഖലകളിൽ നിന്നായി 40,000 പ്രൊഫഷണലുകൾ കേരളത്തിലേക്ക് തിരിച്ചെത്തി കൂടുതൽ മികച്ച തൊഴിലിൽ ഏർപ്പെടുന്നു എന്നാണ് വിലയിരുത്തൽ. ഇന്ത്യയിലെ ആദ്യ ഗ്രീൻ സ്റ്റീൽ കമ്പനി, ആദ്യ ഇൻഡിജീനസ് ഹാർഡ്വെയർ നിർമ്മാണ കമ്പനി, കൂടാതെ അദാനി പരാമർശിച്ച 300 കോടി രൂപ നേട്ടമുണ്ടാക്കുന്ന ജൻറോബോട്ടിക്സ് പോലുള്ള സ്റ്റാർട്ടപ്പുകൾ കേരളത്തിലുണ്ടെന്നും മന്ത്രി പറഞ്ഞു.

പ്രവാസികളുടെ ഒഴിഞ്ഞുകിടക്കുന്ന വീടുകളിൽ ചെറുസംരംഭങ്ങൾ ആരംഭിക്കാൻ സർക്കാർ സഹായം നൽകുമെന്നും മന്ത്രി അറിയിച്ചു. കേരളം ഇനി അഞ്ചാം ഗിയറിലേക്ക് മാറണോ, ന്യൂട്രലിലേക്കോ പോകണോ എന്നത് ജനങ്ങളാണ് തീരുമാനിക്കേണ്ടതെന്ന സന്ദേശത്തോടെയാണ് ഇലക്ഷൻ അടുത്തുനിൽക്കുന്ന സമയത്ത് വ്യവസായ സൗഹൃദ കേരളത്തിന്റെ ഭാവിദിശയിലേക്കുള്ള മന്ത്രിയുടെ ആഹ്വാനം അവസാനിച്ചത്.




FOMAA


CONV
BUSINESS
FOMAA
BUSINESS MEET




OMAA


FOMAA


FOMAA








FOMAA

# ഫോമായ്ക്ക് വ്യവസായ പാർക്ക് തുടങ്ങാം കേരള സർക്കാരിന്റെ പൂർണ പിന്തുണയുണ്ടെന്ന് മന്ത്രി പി രാജീവ്




എ.എസ് ശ്രീകുമാർ

കൊച്ചി: ഫോമായ്ക്ക് കേരളത്തിൽ സ്വകാര്യ വ്യവസായ പാർക്ക് തുടങ്ങാമെന്നും അതിന് കേരള സർക്കാർ എല്ലാവിധ പിന്തുണ നൽകുമെന്നും ഇതിനായി പ്രത്യേക നോഡൽ ഓഫീസർമാരെ വിട്ടു നൽകാൻ സന്നദ്ധമാണെന്നും വ്യവസായ മന്ത്രി പി രാജീവ് അറിയിച്ചു. എറണാകുളം ഗോകുലം പാർക്ക് കൺവൻഷൻ സെന്ററിൽ ഫോമാ കേരളാ കൺവൻഷനോടനുബന്ധിച്ചുള്ള ബിസിനസ് മീറ്റ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പുതിയ വ്യവസായം ആരംഭിക്കുന്നതിന് ഓൺലൈനിൽ രജിസ്റ്റർ ചെയ്താൽ ഒരു മിനിറ്റിനുള്ളിൽ തന്നെ താത്കാലിക ലൈസൻസ് ലഭിക്കുമെന്ന് മന്ത്രി പറഞ്ഞു.

പ്രവാസികൾക്ക് ചാരിറ്റിയേക്കാൾ നാടിന് വേണ്ടി ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ നന്മ ഇൻവെസ്റ്റ്മെന്റാണെന്നും, അതിലൂടെ അനേ



കം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു. കേരളം ചരിത്രത്തിലാദ്യമായി ഇന്ത്യയിൽ വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ റാങ്കിംഗിൽ ഒന്നാം സ്ഥാനത്തെത്തിയത് വലിയ നേട്ടമാണെന്ന് മന്ത്രി വ്യക്തമാക്കി. തങ്ങൾ ഭരണം ഏറ്റെടുക്കുമ്പോൾ കേരളം 28-ാം സ്ഥാനത്തായിരുന്നു. 2026-ലെ റാങ്കിംഗിൽ ഒന്നാമതെത്തുമെന്ന വാഗ്ദാനം പ്രകടനപത്രികയിൽ ഉൾപ്പെടുത്തി ജനവിധി തേടിയ സർക്കാർ, 2023-ൽ തന്നെ ഒന്നാം സ്ഥാനത്തെത്തിയതായും അദ്ദേഹം പറഞ്ഞു. ഈ വർഷം ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ 97.3 ശതമാനം പൂർത്തിയാക്കിയതായും മന്ത്രി അറിയിച്ചു.

ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ അധ്യക്ഷത വഹിച്ച ബിസിനസ് മീറ്റിൽ ജനറൽ സെക്രട്ടറി ബൈജു വർഗീസ് സ്വാഗതമാശംസിച്ചു. ഫോമാ മുൻ പ്രസിഡന്റ് ബേബി ഊരാളിൽ ആമുഖ പ്രസംഗം നടത്തി. മോഹിനിയാട്ടം, ഭരതനാട്യം, കഥകളി എന്നിവയുടെ മനോഹരമായ ഫ്യൂഷനോടെയാണ് സമ്മേളനത്തിന് തുടക്കം കുറിച്ചത്. വാണിജ്യ വ്യാപാര വിഷയങ്ങളിൽ ഗൗരവതരമായ അഭിപ്രായങ്ങൾ പങ്കുവയ്ക്കുന്നതിനവേണ്ടിയാണ് ഫോമാ ഈ ബിസിനസ് മീറ്റ് സംഘടിപ്പിച്ചതെന്ന് ബേബി മണക്കുന്നേൽ പറഞ്ഞു.

സാമൂഹിക പ്രസക്തമായ വിവധ വിഷയങ്ങളിൽ ഫോമായുടെ ഇടപെടലുകൾ പ്രശംസാർഹമാണെന്ന് സി.പി.ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പറഞ്ഞു. ലോകത്തിന്റെ നിറുകയിലേയ്ക്ക് കേരളം നടന്നുകയറുകയാണെന്നും നാട്ടിലെ ചടുലമായ മാറ്റങ്ങൾ സന്തോഷമുണ്ടാക്കുന്നുവെന്നും ഫോമായ്ക്ക് ആശംസകൾ നേർന്നുകൊണ്ട് ഫ്ളവേഴ്സ് -24 ടി.വി എം.ഡി ആർ ശ്രീകണ്ഠൻ നായർ പറഞ്ഞു. ഫോമാ നാഷണൽ കൺവൻഷൻ-2026 ചെയർമാൻ സുബിൻ കുമാരനായിരുന്നു ബിസിനസ് മീറ്റിന്റെ കോ-ഓർഡിനേറ്റർ.

ചടങ്ങിൽ ജോണി ലൂക്കോസ് (ന്യൂസ് ഡയറക്ടർ മനോരമ ടി.വി), ബിജു ലോസൺ-റാണി ലോസൺ (ബറാക്ക് സ്റ്റഡി എബ്രോഡ്), സാബു ജോണി (എം.ഡി ഇ.വി.എം ഗ്രൂപ്പ്), സാജൻ വർഗീസ് (സാജ് ഗ്രൂപ്പ് സ്ഥാപകൻ), മിനി സാജൻ (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ - സാജ് ഹോട്ടൽസ് ആൻഡ് റിസോർട്ട്സ്), ലക്ഷ്മി സിൽക്ക്സ്, അച്ചായൻസ് ഗോൾഡ്, ജോർജ് ജോസഫ് (മെറ്റ്ലൈഫ് ഫിനാൻഷ്യൽ സർവീസ്), റെനീഷ് റഹ്മാൻ (ഒലിവിയ ഗ്രാമീൺ ക്രെഡിറ്റ്സ്), ഡോ. അഭിജിത്ത് (ആത്മാ ഗ്രൂപ്പ്), പി.വി മത്തായി (ഒലിവ് ബിൽഡേഴ്സ്), ജോൺ വർഗീസ്-ജോൺ ഉമ്മൻ (പ്രോംപ്റ്റ് ഗ്രൂപ്പ് ഓഫ് കമ്പനീസ്), മാത്യു ജോസഫ് (സി.ഇ.ഒ ഫ്രഷ് ടു ഹോം), ഡോ. കെ പോൾ തോമസ് (ഇസാഫ് ബാങ്ക്) ജാക്സ് ബിജോയി (സംഗീത സംവിധായകൻ), ജിത്തു ജോസ് (മണിപ്പാൽ ഗ്രൂപ്പ് കൺസൾട്ടന്റ്), സിബി അച്യുതൻ (എസ്.ഐ ഓഫ് പോലീസ്), എം.ജെ ജേക്കബ് (മുൻ എം.എൽ.എ), എൻ.എ ബെന്നി (എൻ സ്റ്റൈൽ), എന്നി

വർക്ക് വിവിധ മേഖലകളിലെ പ്രവർത്തന മികവിനുള്ള പുരസ്കാരങ്ങൾ നൽകി.

ഫോമാ ട്രഷറർ സിജിൽ പാലയ്ക്കലോടി, വൈസ് പ്രസിഡന്റ് ഷാലു പുന്നൂസ്, ജോയിന്റ്സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ, കേരളാ കൺവൻഷൻ ചെയർമാൻ പീറ്റർ കുളങ്ങര എന്നിവർ സംസാരിച്ചു. ഐ.പി.സി.എൻ.എ പ്രസിഡന്റ് രാജു പള്ളത്ത്, കൊച്ചി മേയർ അഡ്വ. മിനിമോൾ വി.കെ, മുൻ മേയർ സൗമിനി ജെയിൻ, ഹൈബി ഈഡൻ എം.പി, സംസ്ഥാന സർക്കാരിന്റെ പ്രത്യേക പ്രതിനിധി കെ.വി തോമസ്, പി.എസ്.സി മുൻ ചെയർമാൻ ഡോ. കെ.എസ് രാധാകൃഷ്ണൻ, ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ജോർജ് സ്ലീബ, കേരള ഫിലിം ചേംബർ ഓഫ് കൊമേഴ്സ് വൈസ് പ്രസിഡന്റ് സാബു ചെറിയാൻ, ഇ.വി.എം വീൽസ് സി.ഇ.ഒ ആൻസി സജി, കോ-ഓർഡിനേറ്റർ സാബു കെ. ജേക്കബ് എന്നിവർ പ്രസംഗിച്ചു.













FOMAA
Lakshmi Silks




FOMAA

# പീറ്റർ കുളങ്ങരയെ പൊന്നാടയും മെമന്റോയും നൽകി ആദരിച്ചു

കോട്ടയം: ഫോമാ കേരള കൺവൻഷൻ വിജയിപ്പിക്കുന്നതിൽ സ്തുത്യർഹമായ പങ്കു വഹിച്ച കൺവൻഷൻ ചെയർ പീറ്റർ കുളങ്ങരയെ സമാപന സമ്മേളനത്തിൽ ആദരിച്ചു. കേന്ദ്രമന്ത്രി ജോർജ് കുര്യൻ അദ്ദേഹത്തെ പൊന്നാട അണിയിക്കുകയും മെമന്റോ നൽകുകയും ചെയ്തു. ജീവകാരുണ്യ രംഗത്ത് വലിയ സംഭാവനകൾ നൽകുന്ന പീറ്റർ കുളങ്ങര ആണ് കൺവൻഷനിൽ നടന്ന ഫോമാ ചാരിറ്റി പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചത്.







FOKANA ELECTION 2026 -2028
TEAM INTEGRITY
PHILIPOSE PHILIP
President
SANTHOSH NAIR
General Secretary
ANTO VARKEY
Treasurer
LINDO JOLLY
Exe. Vice President
SONY THOMAS AMBOOKEN
Asso. Secretary
DR. SHINY RAJU
Women's Forum Chair
APPUKUTTAN PILLAI
Asso. Treasurer
JOSSY KARAKATTU
Vice President
Request your kind Support
Elect a team that Stands for Integrity
" LET US MOVE FORWARD, NOT BACKWARDS "
DR. AJU OOMMEN
Addi. Asso. Secretary
GRACE MARIA JOSEPH
Addi. Asso. Treasurer
ENDORSED & SUPPORTED BY PAST PRESIDENTS & BOT CHAIRS
MANMADHAN NAIR
GEORGE KORUTHU
PAUL KARUKAPILLIL
G. K. PILLAI
JOHN P. JOHN
MADHAVAN NAIR
GEORGY VARUGHESE
DR. BABU STEPHEN
DR. MAMMEN C. JACOB
JAIBU KULANGARA
SAJI M. POTHEN

# ഫോമാ കേരള കൺവൻഷൻ പ്രസ് മീറ്റിൽ ട്രംപും ഇരട്ട പൗരത്വവും വോട്ടവകാശവും ചോദ്യമായി



എ.എസ് ശ്രീകുമാർ

കോട്ടയം: അക്ഷര നഗരിയിലെ വിൻഡ്സർ കാസിൽ ഹോട്ടലിൽ ജനുവരി 9 ചാരിറ്റിക്ക് മുഖ്യ പരിഗണന നൽകി നടക്കുന്ന ഫോമാ കേരള കൺവൻഷനിൽ രാഷ്ട്രീയ-സാംമൂഹിക-സാംസ്കാരിക രംഗത്തെ പ്രമുഖർ സാന്നിധ്യമറിയിക്കുമെന്ന് കോട്ടയം പ്രസ് ക്ലബിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ പ്രസിഡന്റ് ബേബി മണക്കുന്നേൽ വ്യക്തമാക്കി. കൺവൻഷനെക്കുറിച്ചും ഫോമായുടെ പ്രവർത്തന ചരിത്രത്തെക്കുറിച്ചും വിശദീകരിക്കപ്പെട്ട പ്രസ് മീറ്റിൽ, ട്രംപിന്റെ കുടിയേറ്റ നയങ്ങൾ ഉൾപ്പെടെയുള്ള ചോദ്യങ്ങൾക്ക് ഫോമാ ട്രഷറർ സിജിൽ പാലയ്ക്കലോടി കേരള കൺവൻഷൻ ചെയർമാൻ പീറ്റർ കുളങ്ങര എന്നിവർ മറുപടി നൽകി.

രാവിലെ 10 മണിക്ക് ജലസേചന വകുപ്പ് മന്ത്രി റോഷി അഗസ്റ്റിനാണ് കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നതും ജീവകാരുണ്യ പദ്ധതിയനുസരിച്ചുള്ള സഹായങ്ങൾ വിതരണം ചെയ്യുന്നതും. നിർധനർക്കും ഭിന്നശേഷിക്കാർക്കും ഇലക്ട്രിക് വീൽചെയറുകൾ, ലാപ്ടോപ്പുകൾ, മുച്ചക്ര സ്കൂട്ടറുകൾ, തയ്യൽ മെഷീനുകൾ എന്നിവ വിതരണം ചെയ്യും. എം.പിമാരും എം.എൽ.എമാരും സംബന്ധിക്കും. 50 നേഴ്സിങ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും

ഹൗസിങ് പ്രോജക്ടിന്റെ ഭാഗമായി താക്കോൽ ദാനവും നിർവഹിക്കപ്പെടും. ഉച്ച കഴിഞ്ഞ് അമേരിക്കയിൽ ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന നേഴ്സ് ബിരുദ ധാരികൾക്കും സ്റ്റുഡന്റ് വിസ തേടുന്നവർക്കുമുള്ള കരിയർ ഗൈഡൻസ് സെമിനാർ, യു.കെ നേഴ്സിങ് ഇമിഗ്രേഷൻ സെമിനാർ തുടങ്ങിയവയും കൺവൻഷനോടനുബന്ധിച്ച് നടത്തപ്പെടും.

വൈകുന്നേരം 4.30-ന് ചെണ്ടമേളം, മാർഗം കളി എന്നിവയുടെ അകമ്പടിയോടെയുള്ള ഘോഷയാത്രയാണ്. തുടർന്ന് നടക്കുന്ന പൊതു സമ്മേളനത്തിൽ കേന്ദ്രമന്ത്രി ജോർജ് കുര്യന്റെ സാന്നിധ്യം പ്രതീക്ഷിക്കുന്നതായി ബേബി മണക്കുന്നേൽ വ്യക്തമാക്കി. മലയാളത്തിന്റെ സാംസ്കാരിക മുഖമായ ശ്രീകുമാരൻ തമ്പി കീനോട്ട് സ്പീക്കറായ സമ്മേളനത്തിൽ മന്ത്രിമാരായ വി.എൻ വാസവൻ, സജി ചെറിയാൻ എന്നിവർക്കൊപ്പം എം.പിമാരും എം.എൽഎമാരും പങ്കെടുക്കും. ഫാഷൻ ഷോയും സംഗീത-വിനോദ പരിപാടിയും അരങ്ങേറും. ഫോമായുടെ പത്താമത്തെ പ്രസിഡന്റാണ് താനെന്നും ആറ് മുൻ പ്രസിഡന്റുമാർ കേരളാ കൺവൻഷനിൽ സംബന്ധിക്കുമെന്നും ബേബി മണക്കുന്നേൽ അറിയിച്ചു.

വാർത്താസമ്മേളനത്തിനിടെ പ്രസിഡന്റ് ട്രംപിന്റെ കുടിയേറ്റ നിയമങ്ങൾ മലയാളികളെ എങ്ങനെ ബാധിക്കുമെന്ന ചോദ്യത്തിന് നിയമാനുസൃതം ജീവിക്കുന്നവർക്ക് യാതൊരു പ്രശ്നവും ഇല്ലെന്നായിരുന്നു ബേബി മണക്കുന്നേലിന്റെ മറുപടി. യാതൊരു രേഖകളുമില്ലാതെ അമേരിക്കയിൽ താമസിക്കുന്നവർക്കാണ് പ്രശ്നം. അമേരിക്കൻ പൗരൻമാർക്കും ഇവിടെ താമസിക്കുന്ന മറ്റുള്ളവർക്കും ബുദ്ധിമുട്ടുണ്ടാക്കുന്ന സാഹചര്യം ഉണ്ടായാൽ പ്രസിഡന്റ് എന്ന നിലയിൽ അവരെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം നിറവേറ്റുക മാത്രമാണ് ട്രംപ് ചെയ്യുന്നതെന്ന് അദ്ദേഹം പറഞ്ഞു.

അമേരിക്കയിൽ ജീവിക്കുന്ന മലയാളികളുടെ, നാട്ടിലെ മാതാപിതാക്കളുടെ ഒറ്റപ്പെട്ട ജീവിതാവസ്ഥ എപ്രകാരം പരിഹരിക്കാമെന്നും ചോദ്യമുയർന്നു. മുൻ കാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ പ്രായമായ മാതാപിതാക്കളെ അമേരിക്കയിൽ കൊണ്ടുവന്ന് മക്കളോടും ബന്ധുക്കളോടുമൊപ്പം താമസിപ്പിക്കാൻ വലിയ തടസ്സമില്ലെന്നും 90 ശതമാനം മലയാളികളും അപ്രകാരമാണ് ചെയ്യുന്നതെന്നും ബേബി മണക്കുന്നേൽ പറഞ്ഞു. അല്ലാത്തവർക്ക് നാട്ടിൽ മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ഒരുക്കുന്നുമുണ്ട്.

തങ്ങൾ പ്രവാസി മലയാളികൾ അല്ലെന്നും അമേരിക്കൻ സിറ്റിസൺസ് ആണെന്നും അതിനാൽ നാട്ടിൽ വോട്ടു ചെയ്യുന്ന പ്രശ്നം ഉദിക്കുന്നില്ലെന്നും ഫോമാ ട്രഷറർ സിജിൽ പാലക്കലോടി പറഞ്ഞു. തങ്ങൾക്കുള്ള ഒ.സി.ഐ കാർഡ് ഉപയോഗിച്ച് പരിമിതമായ കാര്യങ്ങൾ മാത്രമേ നിർവഹിക്കാൻ സാധിക്കുകയുള്ളു. ഇരട്ട പൗരത്വത്തെക്കുറിച്ച് കേന്ദ്രസർക്കാരിൽ സംഘടനാ തലത്തിലും മറ്റും നിരവധി തവണ സമ്മർദ്ദം ചെലുത്തുന്നുണ്ടെങ്കിലും അതൊന്നും പരിഗണിക്കപ്പെടുന്നില്ലെന്ന് സിജിൽ പാലക്കലോടി പറഞ്ഞു.

കേരള കൺവൻഷനോടനുബന്ധിച്ച് അമേരിക്കയിൽ ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന നേഴ്സിങ് വിദ്യാർത്ഥികൾക്കും സ്റ്റുഡന്റ് വിസയിൽ യു.എസിൽ എത്താൻ ആഗ്രഹിക്കുന്നവർക്കും വേണ്ടി ഏറെ പ്രയോജനമുള്ള സെമിനാറുകൾ സംഘടിപ്പിച്ചിട്ടുണ്ടെന്നും ഇത് സംബന്ധിച്ച ഫോളോ അപ്പുകൾക്ക് ഫോമാ എല്ലാവിധ പിന്തുണയും നൽകുമെന്നും കേരള കൺവൻഷൻ ചെയർമാൻ പീറ്റർ കുളങ്ങര പറഞ്ഞു.

# ഫോമാ മെഡിക്കൽ ക്യാമ്പിൽ ബഹുജന പങ്കാളിത്തം; രോഗികൾക്ക് സൗജന്യ നിരക്കിൽ തുടർ ചികിൽസ ലഭിക്കും



എ.എസ് ശ്രീകുമാർ
ഫോമാ ന്യൂസ് ടീം

കോട്ടയം: അമേരിക്കൻ മലയാളികളുടെ ഏറ്റവും വലിയ ഫെഡറേഷനായ ഫോമായുടെ കേരള കൺവൻഷന് മുന്നോടിയായി പരുമല സെന്റ് ഗ്രിഗോറിയോസ് മെഡിക്കൽ മിഷൻ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയുമായി സഹകരിച്ച് നടത്തിയ മെഡിക്കൽ ക്യാമ്പിൽ നിരവധിപേർ പങ്കെടുക്കുകയും തുടർ ചികിൽസ ഉറപ്പാക്കുകയും ചെയ്തു. ഇന്ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ചങ്ങനാശേരി കുറിച്ചി സെന്റ് മേരീസ് & സെന്റ് ജോൺസ് ഓർത്ത്ഡോക്സ് പള്ളി ഓഡിറ്റോറിയത്തിൽ നടന്ന മെഡിക്കൽ ക്യാമ്പ് ചങ്ങനാശേരി എം.എൽ.എ ജോബ് മൈക്കിൾ ഉദ്ഘാടനം ചെയ്തു. ഫോമാ വൈസ് പ്രസിഡന്റ് ഷാലു പുന്നൂസ് സ്വാഗതമാശംസിച്ചു.

ഈ മെഡിക്കൽ ക്യാമ്പോടെ ഫോമായുടെ പുതുവർഷത്തിലെ കേരളാ കൺവൻഷൻ പ്രോഗ്രാമുകൾക്ക് ഔദ്യോഗികമായ തുടക്കം കുറിച്ചുവെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ പറഞ്ഞു. മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തവർക്ക് വിതരണം ചെയ്ത കൂപ്പൺ ഉപയോഗിച്ച് പരുമല ആശുപത്രിയിൽ സൗജന്യ കൺസൾട്ടേഷനും ഓപ്പറേഷനും മറ്റും നിശ്ചിത ശതമാനം കുറവ് ലഭിക്കുമെ










ന്നും അദ്ദേഹം അറിയിച്ചു. പിറവത്ത് നടക്കുന്ന അമ്മയോടൊപ്പം ചാരിറ്റി പരിപാടിയിലേയ്ക്കും കോട്ടയം ആതിഥ്യമരുളുന്ന കേരളാ കൺവഷനിലേയ്ക്കും ബേബി മണക്കുന്നേൽ ഏവരെയും ക്ഷണിച്ചു.

ഫോമാ കേരളത്തിൽ നടത്തുന്ന ചാരിറ്റി ഉൾപ്പെടെയുള്ള മാതൃകാപരമായ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്നും ജൻമനാടിനോടുള്ള അവരുടെ പ്രതിബദ്ധതയുടെ അടയാളമാണ് ഈ മെഡിക്കൽ ക്യാമ്പെന്നും ഇവിടെ വിവിധ പരിശോധനകൾക്ക് വിധേയവരായവർക്ക് മെച്ചപ്പെട്ട തുടർ ചികിൽസയും ചെക്കപ്പുമെല്ലാം ലഭിക്കുമെന്നും ജോബ് മൈക്കിൾ പറഞ്ഞു. ജനങ്ങൾക്ക് ഏറെ ഉപകാരപ്രദമാണ് ഇത്തരം മെഡിക്കൽ ക്യാമ്പുകളെന്നും ഫോമായുടെ ചിരകാല സുഹൃത്ത് എന്ന നിലയിൽ ഈ ചടങ്ങിൽ സംബന്ധിക്കാൻ കഴിഞ്ഞതിൽ ചാരിതാർത്ഥ്യമുണ്ടെന്നും മോൻസ് ജോസഫ് എം.എൽ.എ വ്യക്തമാക്കി. കേരള കൺവൻഷൻ ചെയർമാൻ പീറ്റർ കുളങ്ങര, ഫോമാ ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, വിമൻസ് ഫോറം ട്രഷറർ ജൂലി ബിനോയ് എന്നിവരും പുതുവൽരാശംസകൾ നേർന്ന് സംസാരിച്ചു.

പരുമല സെന്റ് ഗ്രിഗോറിയോസ് മെഡിക്കൽ മിഷൻ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി ജനറൽ മെഡിസിൻ വിഭാഗത്തിലെ ഡോ. ദേവിക, ന്യൂറോളജി ഡിപ്പാർട്ട്മെന്റിലെ ഡോ. നൈജിൽ, കാർഡിയോളജി വിഭാഗത്തിലെ ഡോ. ബ്രൈറ്റ് ജേക്കബ് തുടങ്ങിയവരുടെ നേതൃത്വത്തിൽ പാരാമെഡിക്കൽ സ്റ്റാഫുകളടങ്ങിയ ടീം വിവിധ പരിശോധനകൾ നടത്തി. ക്യാമ്പിൽ നിന്ന് റഫർ ചെയ്ത രോഗികൾക്ക് പരുമല ആശുപത്രിയിൽ പ്രത്യേക സേവനം ലഭിക്കും. സൗജന്യ കൺസൾട്ടേഷൻ, സർജറിക്ക് 10 ശതമാനം ഡിസ്കൗണ്ട്, റേഡിയോളജിക്ക് 20 ശതമാനം ഡിസ്കൗണ്ട്, ഗ്യാസ്ട്രോ പ്രൊസിജിയേഴ്സിന് 20 ശതമാനം ഡിസ്കൗണ്ട്, ആൻജിയോ പ്ലാസ്റ്റിക്ക് 10,000 രൂപ ഇളവ്, ഹാർട്ട് ഓപ്പറേഷന് 20,000 രൂപ വരെ ഇളവ്, തിമിര ശസ്ത്രക്രിയയ്ക്ക് 20 ശതമാനം വരെ ഇളവ്, കണ്ണടകൾക്ക് 15 ശതമാനം വരെ ഇളവ് തുടങ്ങിയവ ലഭിക്കും.

മെഡിക്കൽഡ ക്യാമ്പിൽ വിവിധ പ്രായത്തിലുള്ളവർ പങ്കെടുത്തു. ഉദ്ഘാടന സമ്മേളനത്തിൽ കുറിച്ചി സെന്റ് മേരീസ് & സെന്റ് ജോൺസ് ഓർത്ത്ഡോക്സ് പള്ളി വികാരി റവ. ഫാ. മാത്യു പി കുര്യൻ, ജില്ലാ പഞ്ചായത്ത് കുറിച്ചി ഡിവിഷൻ അംഗം സുമ എബി, കുമരകം ഡിവിഷൻ മെമ്പർ ടി.കെ വൈശാഖ്, ബ്ലോക്ക് പഞ്ചായത്ത് അംഗം മനോജ് കുര്യാക്കോസ്, കുറിച്ച് ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ അരുൺ ബാബു, റ്റിബി തോമസ് എന്നിവർ ആശംസകൾ നേർന്നു.




FOMAA
PARUMALA HOSPITAL
MEDICAL CA
03






Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

# ഐ.പി.സി.എൻ.എ. ന്യൂയോർക്ക് ചാപ്റ്ററിനു നവ നേതൃത്വം;

## സജി എബ്രഹാം പ്രസിഡൻറ്, മാത്യുക്കുട്ടി ഈശോ സെക്രട്ടറി, താജ് മാത്യു ട്രഷറർ




**മാത്യുക്കുട്ടി ഈശോ**

ന്യൂയോർക്ക്: കഴിഞ്ഞ രണ്ട് പതിറ്റാണ്ടിലധികമായി പ്രവർത്തിക്കുന്ന അമേരിക്കയിലെ മാധ്യമ പ്രവർത്തകരുടെ ഏറ്റവും വലിയ സംഘടനയായ ഇന്ത്യാ പ്രസ്സ് ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്കയുടെ (IPCNA) ന്യൂയോർക്ക് ചാപ്റ്ററിനെ അടുത്ത രണ്ടു വർഷക്കാലം നയിക്കുവാനുള്ള പുതിയ നേതൃത്വത്തെ തെരഞ്ഞെടുത്തു. നിലവിലെ പ്രസിഡൻറ് ഷോളി കുമ്പിളുവേലിയുടെ അദ്ധ്യക്ഷതയിൽ ഡിസംബർ 21 ഞായറാഴ്ച റോക്‌ലാൻഡ് കൗണ്ടിയിലുള്ള മലബാർ പാലസ് റെസ്റ്റോറന്റിൽ കൂടിയ ന്യൂയോർക്ക് ചാപ്റ്റർ ദ്വൈവാർഷിക പൊതുയോഗത്തിൽ വച്ച് 2026-2027 വർഷം പ്രസ് ക്ലബ്ബിനെ നയിക്കുവാൻ സജി എബ്രഹാമിനെ പ്രസിഡന്റായും, മാത്യുക്കുട്ടി ഈശോയെ സെക്രട്ടറിയായും താജ് മാത്യുവിനെ ട്രഷററായും, ബിനു തോമസിനെ വൈസ് പ്രസിഡന്റായും, ജോർജ് തുമ്പയിലിനെ ജോയിന്റ് സെക്രട്ടറിയായും, സജി കീക്കാടനെ ജോയിന്റ് ട്രഷററായും ഏകകണ്ഠമായി തെരഞ്ഞെടുത്തു.

2024-2025 വർഷം ഐ.പി.സി.എൻ.എ-യുടെ നാഷണൽ പ്രസിഡന്റായി പ്രവർത്തിച്ച സുനിൽ ട്രൈസ്റ്റാർ, അടുത്ത രണ്ടു വർഷത്തെക്കുള്ള നിയുക്ത നാഷണൽ പ്രസിഡൻറ് രാജു പള്ളത്ത്, മുൻ നാഷണൽ പ്രസിഡന്റും ഈ-മലയാളീ ഓൺലൈൻ പത്രത്തിൻറെ മാനേജിങ് എഡിറ്ററുമായ ജോർജ് ജോസഫ്. മുൻ നാഷണൽ പ്രസിഡൻറ് താജ് മാത്യു, ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡൻറ് ഷോളി കുമ്പിളുവേലിൽ, ചാപ്റ്റർ സെക്രട്ടറി ജോജോ കൊട്ടാരക്കര, ചാപ്റ്റർ ട്രഷറർ ബിനു തോമസ്, കൈരളി ചാനൽ ബോർഡ് അംഗം ജോസ് കാടാപുറം, സജി എബ്രഹാം, ജോർജ് തുമ്പയിൽ, മാത്യുക്കുട്ടി ഈശോ, സജി കീക്കാടൻ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

പ്രസ്സ് ക്ലബ്ബിൻറെ തുടക്ക കാലം മുതൽ അംഗമായ സജി എബ്രഹാം സംഘടനയുടെ സജീവ പ്രവർത്തകനാണ്. മൂന്നു പതിറ്റാണ്ടു മുമ്പ് അമേരിക്കയിലേക്ക് കുടിയേറിയ സജി പ്രാരംഭ കാലങ്ങളിൽ കേരള ഭൂഷണം പത്രത്തിൻറെ അമേരിക്കൻ ഡയറക്ടറും, കറസ്പോണ്ടന്റുമായിരുന്നു. അമേരിക്കയിലെ വിവിധ സംഭവ വികാസങ്ങൾ കേരളത്തിലെ വായനക്കാരിലേക്ക് നേരിട്ടെത്തിക്കുന്നതിൽ സജിയുടെ റിപ്പോർട്ടുകൾ നിർണ്ണായകമായിരുന്നു. വിവിധ രീതിയിൽ ക്ലബ്ബിൻറെ പ്രവർത്തനങ്ങൾക്കും

പുരോഗതിക്കും മുൻനിരയിൽ നിന്ന് ചുക്കാൻ പിടിച്ച വ്യക്തിയാണെങ്കിലും ന്യൂയോർക്ക് ചാപ്റ്ററിൻറെ പ്രസിഡൻറ് എന്ന നിലയിൽ സാരഥ്യം ഏറ്റെടുക്കുന്നത് ഇത് ആദ്യമായാണ്. 2025 വർഷം അമേരിക്കയിലെ ഏറ്റവും ആദ്യ മലയാളി സംഘടനയായ കേരളാ സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്കിൻറെ അൻപത്തിമൂന്നാമത് പ്രസിഡന്റായി സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവച്ചതിനു ശേഷമാണ് അടുത്ത രണ്ടു വർഷത്തേക്ക് പ്രസ് ക്ലബ്ബ് ന്യൂയോർക്ക് ചാപ്റ്ററിൻറെ സാരഥ്യം ഏറ്റെടുക്കുന്നത്.

ചാപ്റ്റർ പ്രസിഡൻറ് എന്ന നിലയിൽ അടുത്ത രണ്ടു വർഷത്തേക്ക് നിരവധി പരിപാടികളാണ് സജി വിഭാവനം ചെയ്യുന്നത്. അതിൽ മുഖ്യ പ്രാധാന്യം നൽകുന്നത് നിലവിൽ നടന്നു കൊണ്ടിരിക്കുന്ന പ്രസ്സ് മീറ്റുകൾ കൂടുതൽ വിപുലമാക്കുക എന്നതാണ്. ന്യൂയോർക്കിലും പ്രാന്ത പ്രദേശങ്ങളിലും നടക്കുന്ന മലയാളീ സംഘടനകളുടെയും, സ്പോർട്സ് ക്ലബ്ബ്കളുടെയും, വിവിധ മത സ്ഥാപനങ്ങളുടെയും നിരവധി പരിപാടികളെപ്പറ്റിയും ബിസിനെസ്സ് സംരംഭകരുടെ പുതിയ പ്രോഡക്ടുകളെപ്പറ്റിയും പ്രസ്സ് മീറ്റുകൾ നടത്തി വിവിധ മാധ്യമങ്ങളിലൂടെ പൊതുജന ശ്രദ്ധയിലേക്ക് എത്തിക്കുക എന്നതാണ് പ്രസ്സ് മീറ്റിലൂടെ ഉദ്ദേശിക്കുന്നത്. അതിനു താല്പര്യമുള്ളവർക്ക് പ്രസ്തുത സൗകര്യങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്. ചാപ്റ്റർ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ഉടൻ സജി ന്യൂയോർക്കിൽ പ്രസ്താവിച്ചതാണ് ഈക്കാര്യം.

ന്യൂയോർക്കിലെ അറിയപ്പെടുന്ന ഫ്രീലാൻസ് മാധ്യമ പ്രവർത്തകനാണ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട മാത്യുക്കുട്ടി ഈശോ. കഴിഞ്ഞ ഒരു പതിറ്റാണ്ടായി ന്യൂയോർക്ക് മലയാളികളുടെ ഇടയിൽ സുപരിചിതനായ മാധ്യമ റിപ്പോർട്ടറും വിവിധ മാധ്യമങ്ങളിലെ കോളമിസ്റ്റുമാണ് മാത്യുക്കുട്ടി. ഫോട്ടോഗ്രാഫർ, വീഡിയോഗ്രാഫർ, വീഡിയോ എഡിറ്റർ, ന്യൂസ് ലേഖകൻ, സാമൂഹിക പ്രവർത്തകൻ എന്നീ നിലകളിലും കഴിവ് തെളിയിച്ചിട്ടുണ്ട്. ന്യൂയോർക്ക് ഇന്ത്യൻ കോൺസുലേറ്റിൽ പ്രോട്ടോകോൾ ഓഫീസറായി ചുരുങ്ങിയ വർഷങ്ങളിൽ സേവനം ചെയ്ത അദ്ദേഹം ഒ.സി.ഐ., പാസ്സ്പോർട്ട്, വിസാ, പവർ ഓഫ് അറ്റോർണി, ട്രസ്റ്റ്, വിൽപത്രം, തുടങ്ങി സമൂഹത്തിൽ പലർക്കും സഹായകരമായ വിവിധ സേവനങ്ങളും ചെയ്തുവരുന്നു. കഴിഞ്ഞ വർഷവും ഈ വർഷവും കേരളാ സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്കിൻറെ സെക്രട്ടറിയായും സേവനം അനുഷ്ഠിക്കുന്നു.

1990-കളുടെ ആദ്യ പാതിയിൽ കോട്ടയം മലയാള മനോരമ റിപ്പോർട്ടറായി മാധ്യമ പ്രവർത്തനം ആരംഭിച്ച വ്യക്തിയാണ് ട്രഷററായി ചുമതല ഏൽക്കുന്ന താജ് മാത്യു. പിന്നീട് തൊണ്ണൂറുകളുടെ മദ്ധ്യത്തിൽ അമേരിക്കയിലേക്ക് കുടിയേറിയ താജ് ന്യൂയോർക്കിലും മാധ്യമ പ്രവർത്തനം തുടർന്നു. ഏതാനും വർഷങ്ങൾ മുമ്പ് വരെ ന്യൂയോർക്കിൽ നിന്നും പ്രസിദ്ധീക്കരിച്ചിരുന്ന 'മലയാളം പത്ര'ത്തിൻറെ എഡിറ്ററും പ്രസാധകരിൽ ഒരാളുമായിരുന്നു താജ്. ഇന്ത്യാ പ്രസ്സ് ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്കയുടെ തുടക്കകാല അംഗങ്ങളിൽ ഒരാളായിരുന്ന താജ് മാത്യു പ്രസ്സ് ക്ലബ്ബിലെ നാഷണൽ പ്രസിഡൻറ് എന്ന നിലയിൽ അഭിമാനാർഹമായ സേവനം കാഴ്ചവച്ച് ഏവരുടെയും പ്രശംസ നേടിയിട്ടുണ്ട്. നിലവിൽ മലയാള മനോരമയിലും വിവിധ ഓൺലൈൻ മാധ്യമങ്ങളിലും സ്ഥിരമായി ലേഖനങ്ങളും എഴുതുന്നുണ്ട്. പ്രസ്സ് ക്ളബ്ബിന് തികച്ചും ഒരു മുതൽക്കൂട്ടാണ് ചാപ്റ്റർ ട്രഷറർ താജ് മാത്യു.

ഫോട്ടോ-വീഡിയോ ജേർണലിസ്റ്റ് എന്ന നിലയിലും ഫോട്ടോ പ്രൊഫഷണൽ എന്ന പേരിലും ന്യൂയോർക്കിലും സമീപ സംസ്ഥാനങ്ങളിലും അറിയപ്പെടുന്ന വ്യക്തിയാണ് വൈസ് പ്രസിഡൻറ് ബിനു തോമസ്. 2024 -2025 വർഷങ്ങളിൽ പ്രസ് ക്ലബ്ബ് ചാപ്റ്റർ ട്രഷററായി സ്തുത്യർഹമായി പ്രവർത്തിച്ചിട്ടുണ്ട്. 2025 ഒക്ടോബർ ആദ്യവാരം ന്യൂജേഴ്സിയിൽ നടന്ന ഐ.പി.സി.എൻ.എ.-യുടെ അന്താരാഷ്ട്ര മാധ്യമ കോൺഫ്രൻസിൻറെ വൻ വിജയത്തിൽ നിർണ്ണായക പങ്ക് വഹിച്ച വ്യക്തിയാണ് ബിനു. ന്യൂയോർക്ക് ചാപ്റ്ററിന്റെ പ്രസ്സ് മീറ്റ് പരിപാടികളിൽ വീഡിയോ റെക്കോർഡിങ്ങിനും ഇൻറർവ്യൂകൾക്കും മുഖ്യ പങ്ക് വഹിക്കുന്നു. 24 ന്യൂസ് ചാനൽ, ഫ്ളവേഴ്സ് ടി വി, ഏഷ്യാനെറ്റ് ന്യൂസ് തുടങ്ങിയ ചാനലുകളിലേക്ക് ന്യൂയോർക്കിലെ വിവിധ പരിപാടികളുടെ ദൃശ്യഭംഗികൾ എത്തിച്ചു നൽകുന്ന മാധ്യമ പ്രവർത്തകൻ കൂടിയാണ് ബിനു.

ജോയിന്റ് സെക്രട്ടറിയായി സ്ഥാനമേൽക്കുന്ന ജോർജ് തുമ്പയിൽ അമേരിക്കയിൽ അറിയപ്പെടുന്ന മാധ്യമ പ്രവർത്തകനാണ്. ന്യൂയോർക്കിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന 'മലയാളം' ന്യൂസ്പേപ്പറിൽ ദീർഘകാലം എഡിറ്റർ ആയിരുന്നു. ഇപ്പോൾ സ്ഥിരമായി വിവിധ ഓൺലൈൻ പത്രങ്ങളിലും അച്ചടി മാധ്യമങ്ങളിലും വിവിധ റിപ്പോർട്ടുകളും ലേഖനങ്ങളും കോളമുകളും എഴുതുന്ന പ്രമുഖ മാധ്യമ പ്രവർത്തകനാണ്. ഐ.പി.സി.എൻ.എ-യുടെ വിവിധ പദവികളിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള വ്യക്തിയാണ് ജോർജ് തുമ്പയിൽ.

നല്ലൊരു എഴുത്തുകാരനും ഫ്രീലാൻസ് മാധ്യമ പ്രവർത്തകനുമാണ് ഐ.പി.സി.എൻ. എ ന്യൂയോർക്ക് ചാപ്റ്റർ ജോയിന്റ് ട്രഷററായി സ്ഥാനമേൽക്കുന്ന സജി കീക്കാടൻ. ദീർഘ കാലമായി പ്രസ്സ് ക്ലബ്ബ് അംഗമായിരിക്കുന്ന സജി ക്ലബ്ബിൻറെ എല്ലാ പ്രവർത്തനങ്ങളിലും സജീവ പ്രവർത്തകനാണ്. വിവിധ ഓൺലൈൻ പേപ്പറുകളിലും അച്ചടി മാധ്യമത്തിലും ശ്രദ്ധേയമായ ലേഖനങ്ങൾ സജിയുടേതായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജോയിന്റ് ട്രഷറർ എന്ന നിലയിൽ സജിയുടെ സേവനം ന്യൂയോർക്ക് ചാപ്റ്ററിന് പ്രത്യേക ഊർജ്ജം പകരുന്നതാണ്.


emalayalee.com
ഇ-മലയാളി
ചെറുകഥാ മത്സരവിജയികൾക്ക്
സമ്മാന വിതരണം
ജനുവരി 11, ഞായറാഴ്ച രാവിലെ 11: 30
കൊച്ചി ഗോകുലം പാർക്ക് കൺവൻഷൻ സെന്റർ
ഒന്നാം സമ്മാനം
രണ്ടാം സമ്മാനം
മൂന്നാം സമ്മാനം
ഇ-സന്ധ്യ
ശ്രീകുമാർ ഭാസ്കരൻ
രാജേശ്വരി ജി നായർ
ഷജിബുദീൻ ബി
മുഖ്യാതിഥികൾ
ഡോ. എം.വി. പിള്ള, ദലീമ ജോജോ എം.എൽ.എ., പ്രൊഫ. ബാബു എബ്രഹാം (കമ്പിളികണ്ടത്തെ കൽഭരണികൾ) ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക (ഫോമ) പ്രസിഡന്റ് ബേബി മണക്കുന്നേൽ, സെക്രട്ടറി ബൈജു വർഗീസ്
മുഖ്യ സ്പോൺസർ: അനിൽ പുത്തൻചിറ, റീന അനിൽ
RSVP: editor@emalayalee.com
917 324 4907; 917 662 1122
ജോർജ് ജോസഫ്
സുനിൽ ട്രൈസ്റ്റാർ

# സ്റ്റാറ്റൻ ഐലൻഡ് സെയിന്റ് മേരീസ് ഇടവകയിൽ ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷന് മികച്ച തുടക്കം

**ഉമ്മൻ കാപ്പിൽ**

സ്റ്റാറ്റൻ ഐലൻഡ് (ന്യൂയോർക്ക്): മലങ്കര ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന്റെ ഏറ്റവും വലിയ ആത്മീയ സമ്മേളനമായ ഫാമിലി & യൂത്ത് കോൺഫറൻസിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. ഭദ്രാസനത്തിലുടനീളമുള്ള ഇടവകകളിൽ നിന്നുള്ള വൈദികരും യുവാക്കളും വിശ്വാസികളും ഈ നാല് ദിവസത്തെ ആത്മീയ പരിപാടിയിൽ പങ്കെടുക്കും.



സ്റ്റാറ്റൻ ഐലൻഡ് സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയിൽ കോൺഫറൻസിനുള്ള രജിസ്ട്രേഷൻ 2026 ജനുവരി 4 ഞായറാഴ്ച ആരംഭിച്ചു.

ഫാ. ബോബി ഗീവർഗീസ് (അസിസ്റ്റന്റ് വികാരി) നേതൃത്വം നൽകിയ കുർബാനയെത്തുടർന്ന് രജിസ്ട്രേഷൻ കിക്കോഫ് നടത്തി. കോൺഫറൻസ് ടീമിലെ താഴെ പ്പറയുന്നവർ പങ്കെടുത്തു,

- ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി)
- ആശ ജോർജ് (ജോയിന്റ് സെക്രട്ടറി)

ന്മ അകില സണ്ണി (റാഫിൾ കോർഡിനേറ്റർ)

- ഡോ. ഉമ്മൻ സ്കറിയ (ഫിനാൻസ് കമ്മിറ്റി)
- മെൽവിൻ ബിജു (ഫിനാൻസ് കമ്മിറ്റി)



ക്യാപ്റ്റൻ രാജു ഫിലിപ്പ് (ഇടവക സെക്രട്ടറി) ജോസഫ് മാത്യു (ഇടവക ട്രസ്റ്റി) എന്നിവരും വേദിയിൽ പങ്കുചേർന്നു.

അൻസ ജോൺ കോൺഫറൻസ് സംഘത്തെ പരിചയപ്പെടുത്തുകയും സ്വാഗതം ആശംസിക്കുകയും ചെയ്തു.

ഫാമിലി & യൂത്ത് കോൺഫറൻസിന്റെ ദൗത്യത്തെക്കുറിച്ചും തീയതി, തീം, മുഖ്യ പ്രഭാഷകർ, സ്ഥലം, രജിസ്ട്രേഷൻ ഫീസ് എന്നിവയെക്കുറിച്ചും ജെയ്സൺ തോമസ് സംസാരിച്ചു, കോൺഫറൻസ് ആരംഭിക്കുന്നതിന്







മുമ്പ് “ജോഷ“ യുടെ സൈറ്റ് ആൻഡ് സൗണ്ട് ഷോ സന്ദർശിക്കാൻ അവസരമുണ്ട്. ട്രൈ-സ്റ്റേറ്റ് ഏരിയയിൽ നിന്നും കോൺഫറൻസ് വേദിയിലേക്ക് ചാർട്ടേഡ് ബസിനുള്ള പദ്ധതികളും ജെയ്സൺ എടുത്തുപറഞ്ഞു. കോൺഫറൻസിനെ പിന്തുണയ്ക്കുന്നതിനായി റാഫിൾ ടിക്കറ്റുകൾ വാങ്ങാൻ ഇടവകാംഗങ്ങളെ അകില സണ്ണി പ്രോത്സാഹിപ്പിച്ചു.

കോൺഫറൻസിനെ പിന്തുണയ്ക്കാൻ ലഭ്യമായ സ്പോൺസർഷിപ്പ് അവസരങ്ങൾ ആശ ജോർജ് വിശദീകരിച്ചു. കോൺഫറൻസിൻറെ സ്മരണയ്ക്കായി പ്രസിദ്ധീകരിക്കുന്ന സുവനീറിനെക്കുറിച്ചുള്ള വിശദാംശങ്ങളും ആശ നൽകി.

ഭദ്രാസനത്തിലെ എല്ലാ തലമുറകൾക്കും ഒത്തുചേരാനും ഈ അനുഗ്രഹീത പരിപാടിയിൽ പങ്കുചേരാനുമുള്ള ഒരു മികച്ച അവസരമാണ് കോൺഫറൻസ് എന്ന് ഡോ. ഉമ്മൻ സ്കറിയ അഭിപ്രായപ്പെട്ടു

കോൺഫറൻസ് ടീമിന്റെ ശ്രമങ്ങൾക്ക് നന്ദി പറഞ്ഞുകൊണ്ട് ഫാ. ബോബി ഗീവർഗീസ് കിക്ക്-ഓഫ് അവസാനിപ്പിച്ചു. മുൻ വർഷങ്ങളിൽ കോൺഫറൻസിൽ പങ്കെടുത്തതിന്റെ അനുഭവങ്ങൾ അദ്ദേഹം വിശദീകരിച്ചു, വർക്ക് ഷോപ്പുകൾ, പ്രധാന സെഷനുകൾ, ഭക്ഷണം, ഗെയിമുകൾ, സാമൂഹിക ബന്ധങ്ങൾ എന്നിവയിൽ നിന്ന് എല്ലാവർക്കും അനുഭവിക്കാൻ എന്തെങ്കിലും ഉണ്ടെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. കോൺഫറൻസിൽ പങ്കെടുക്കാനും സ്പോൺസർഷിപ്പുകൾ, സുവനീർ പരസ്യങ്ങൾ, റാഫിൾ ടിക്കറ്റുകൾ വാങ്ങൽ എന്നിവയിലൂടെ കോൺഫറൻസിനെ പിന്തുണയ്ക്കാനും അദ്ദേഹം ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിച്ചു.

ഡയമണ്ട് ലെവൽ സ്പോൺസർമാരായി ജോയലും ഡോ. ജോതി മാത്യുവും പിന്തുണ വാഗ്ദാനം ചെയ്തു.സുവനീർ പരസ്യങ്ങൾ, രജിസ്ട്രേഷൻ, റാഫിൾ ടിക്കറ്റുകൾ എന്നിവയിലൂടെ മറ്റ് നിരവധി ഇടവക അംഗങ്ങൾ പിന്തുണ വാഗ്ദാനം ചെയ്തു.

വികാരി ഫാ. ടി.എ. തോമസ്, അസിസ്റ്റന്റ് വികാരി ഫാ. ബോബി ഗീവർഗീസ്, ഇടവക അംഗങ്ങൾ എന്നിവരുടെ ഉദാരമായ പിന്തുണയ്ക്ക് കോൺഫറൻസ് ഡ് ടീം നന്ദി പറഞ്ഞു.

2026 ഫാമിലി & യൂത്ത് കോൺഫറൻസ് ജൂലൈ 15 ബുധനാഴ്ച മുതൽ ജൂലൈ 18 ശനിയാഴ്ച വരെ പെൻസിൽവേനിയയിലെ ലാങ്കസ്റ്റർ വിൻധം റിസോർട്ടിൽ നടക്കും. "കൃപയുടെ പാത്രങ്ങൾ" എന്ന കോൺഫറൻസ് തീം 2 തിമോത്തി 2:2022 അടിസ്ഥാനമാക്കിയുള്ളതാണ്.









**പ്രധാന പ്രഭാഷകർ:**

- ഡോ. തോമസ് മാർ അത്താനാസിയോസ്, കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത
- ഹൈറോമോങ്ക് വാസിലിയോസ്, സെയിന്റ് ഡയോണിഷ്യസ് മൊണാസ്ട്രി
- ഫാ. ഡോ. എബി ജോർജ്, ലോങ്ങ് ഐലൻഡ് സെന്റ് തോമസ് ഇടവക വികാരി
- ലിജിൻ തോമസ്, സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനം

FYC/Registration link: www.fycnead.org

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

- ഫാ. അലക്സ് ജോയ് (കോൺഫറൻസ് കോർഡിനേറ്റർ): 973-489-6440
- ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി): 917-612-8832
- ജോൺ താമരവേലിൽ (കോൺഫറൻസ് ട്രഷറർ): 917-533-3566

ഇ-മലയാളി
കഥാമത്സരം
2025
വിജയികൾക്ക് അഭിനന്ദനങ്ങൾ



മുഖ്യ സ്പോൺസർ
അനിൽ പുത്തൻചിറ, റീന അനിൽ
ഫൊറാൻസ്, ന്യു ജേഴ്സി
FOURANS



# പൂവണിയുമോ അമേരിക്കയുടെ മോഹം

**വാൽക്കണ്ണാടി**
**കോരസൺ**

emalayalee.com

യുണൈറ്റഡ് സ്റ്റേറ്റ്സ് ഗ്രീൻ ലാൻഡ് വാങ്ങാൻ തയ്യാറാണ്, പ്രസിഡണ്ട് ഡൊണാൾഡ് ട്രംപ് അതുസംബന്ധിച്ചുള്ള താൽപ്പര്യവും വാഗ്ദാനവും പലവുരു ചെയ്തിട്ടുണ്ട്. ആ ആഹ്വാനത്തിന് ശേഷമുള്ള ആരവങ്ങൾ എന്തൊക്കെയാണ്?. എന്താണു അതിലെ അപകടത? തീർച്ചയായും സമയരേഖകൾ പരിശോധിക്കേണ്ടതുണ്ട്.

വാങ്ങലുകൾ, ഉടമ്പടികൾ, നേരിട്ടുള്ള പിടിച്ചെടുക്കൽ, സംഘർഷം (യുദ്ധങ്ങൾ), നിർബന്ധിത നീക്കം ചെയ്യൽ എന്നിവയുടെ സങ്കീർണ്ണമായ മിശ്രിതത്തിലൂടെയാണ് യുണൈറ്റഡ് സ്റ്റേറ്റ്സ് പ്രദേശങ്ങൾ സ്ഥാപിച്ചത്, പലപ്പോഴും സങ്കീർണ്ണമായ ഭൂവുടമസ്ഥ സംവിധാനങ്ങളുള്ള തദ്ദേശീയ അമേരിക്കക്കാരുമായുള്ള മുൻ കരാറുകൾ ലംഘിക്കുകയോ നിർബന്ധിക്കുകയോ ചെയ്തു. ചില ഭൂമി സാങ്കേതികമായി "വാങ്ങുകയോ" ഉടമ്പടികൾ വഴി ഏറ്റെടുക്കുകയോ ചെയ്തിട്ടുണ്ടെങ്കിലും, ഇവയിൽ പലപ്പോഴും മറ്റൊരിടത്തുമുണ്ടാകാനിടയില്ലാത്ത ചില പ്രത്യേക അധികാര ചെലുത്തലുകൾ , ഭൂമിയുടെ ഉടമസ്ഥാവകാശത്തെക്കുറിച്ചുള്ള വ്യത്യസ്ത ധാരണകൾ, അല്ലെങ്കിൽ തട്ടിയെടുക്കൽ , നേരിട്ടുള്ള പിടിച്ചെടുക്കൽ, വാഗ്ദാനങ്ങളുടെ ലംഘനം എന്നിവ ഉൾപ്പെടുന്നു, ഇത് അമേരിക്കൻ ഇന്ത്യൻസിനെ നീക്കം ചെയ്യൽ പോലുള്ള നിർബന്ധിത സ്ഥലംമാറ്റത്തിലേക്ക് നയിച്ചു.

യുഎസ് ചരിത്രത്തിലെ ഏറ്റവും വലിയ പ്രദേശ ഏറ്റെടുക്കൽ 1803-ൽ നടന്നു, അന്ന് യുഎസ് മിസിസിപ്പി നദിയുടെ പടിഞ്ഞാറുള്ള ഏകദേശം 827,000 ചതുരശ്ര മൈൽ ഭൂമി ഫ്രാൻസിൽ നിന്ന് 15 മില്യൺ ഡോളറിന് വാങ്ങി. ഈ വിശാലമായ പ്രദേശത്ത് ഒരു ഡസനിലധികം സംസ്ഥാനങ്ങളുടെ ഭാഗമായി മാറുന്ന ഭൂമി ഉൾപ്പെട്ടിരുന്നു. തുടർന്ന് ഗോത്രങ്ങളുമായി ഉടമ്പടികൾ ഉണ്ടാക്കി, തദ്ദേശീയ പരമാധികാരം അംഗീകരിച്ചു, എന്നാൽ ഭൂമി വിൽപ്പന സർക്കാരിന് മാത്രമായി പരിമിതപ്പെടുത്തി.

ഗാഡ്സ്ഡെൻ വാങ്ങൽ, 1854-ൽ അന്തിമമാക്കിയ ഈ കരാറിൽ, ഇപ്പോൾ തെക്കൻ അരിസോണയുടെയും ന്യൂ മെക്സിക്കോയുടെയും ഭാഗമായ 29,670 ചതുരശ്ര മൈൽ ഭൂമിക്ക് മെക്സിക്കോയ്ക്ക് 10 മില്യൺ ഡോളർ നൽകുന്നതിന് അമേരിക്ക നിർദ്ദേശിച്ചു. ഒരു ട്രാൻസ്കോണ്ടിനെന്റൽ റെയിൽറോഡിനായി ഒരു പ്രായോഗിക തെക്കൻ പാത നൽകുന്നതിനാണ് പ്രധാന

മായും ഈ വാങ്ങൽ നടത്തിയത്.

അലാസ്ക വാങ്ങൽ, 1867-ൽ, അമേരിക്ക റഷ്യയിൽ നിന്ന് 7.2 മില്യൺ ഡോളറിന് അലാസ്കയുടെ വിശാലമായ പ്രദേശം ഏറ്റെടുത്തു, ഈ കരാറിനെ തുടക്കത്തിൽ "സെവാർഡിന്റെ വിഡ്ഢിത്തം" അല്ലെങ്കിൽ "സെവാർഡിന്റെ ഐസ്ബോക്സ്" എന്ന് പരിഹസിച്ചു. തന്ത്രപരമായ മൂല്യവും സ്വർണ്ണം ഉൾപ്പെടെയുള്ള സമൃദ്ധമായ പ്രകൃതി വിഭവങ്ങളും ഒടുവിൽ ഈ വാങ്ങലിനെ ന്യായീകരിച്ചു.



ഒന്നാം ലോകമഹായുദ്ധസമയത്ത് തന്ത്രപരമായ കാരണങ്ങളാൽ, ഡെൻമാർക്കിൽ നിന്ന് 25 മില്യൺ ഡോളറിന് സെന്റ് തോമസ്, സെന്റ് ജോൺ, സെന്റ് ക്രോയിക്സ് ദ്വീപുകൾ യുഎസ് വിർജിൻ ദ്വീപുകൾ വാങ്ങി. 1917 മാർച്ച് 31-ന് ഔദ്യോഗിക കൈമാറ്റം നടന്നു.

മെക്സിക്കൻ വിഭജനം മെക്സിക്കൻ-അമേരിക്കൻ യുദ്ധത്തെത്തുടർന്ന്, 1848-ലെ ഗ്വാഡലൂപ്പ് ഹിഡാൽഗോ ഉടമ്പടി പ്രകാരം കാലിഫോർണിയയും അമേരിക്കൻ തെക്കുപടിഞ്ഞാറൻ പ്രദേശത്തിന്റെ വലിയൊരു ഭാഗവും യു.എസ്.ക്ക് വിട്ടുകൊടുത്തു. മെക്സിക്കോയ്ക്ക് 15 മില്യൺ ഡോളർ നൽകുകയും മെക്സിക്കൻ സർക്കാർ അമേരിക്കൻ പൗരന്മാർക്ക് നൽകേണ്ട 3.25 മില്യൺ ഡോളർ കടം ഏറ്റെടുക്കുകയും ചെയ്തു.

ഫ്ലോറിഡ 1819-ൽ ആഡംസ്-ഒനിസ് ഉടമ്പടി പ്രകാരം സ്പെയിനിൽ നിന്ന് അമേരിക്ക ഫ്ലോറിഡ സ്വന്തമാക്കി. പ്രദേശത്തിന് യുഎസ് നേരിട്ട് സ്പെയിനിന് പണം നൽകിയില്ല, മറിച്ച് സ്പെയിനിനെതിരായ അമേരിക്കൻ പൗരന്മാരുടെ 5 മില്യൺ ഡോളറിന്റെ അവകാശവാദങ്ങൾക്ക് ബാധ്യത ഏറ്റെടുക്കാൻ സമ്മതിച്ചു.

ഹവായ് 1898-ൽ ഹവായിയൻ രാജവാഴ്ചയുമായുള്ള ഒരു വാങ്ങൽ ഉടമ്പടിയിലൂടെയല്ല, മറിച്ച് ഒരു സംയുക്ത പ്രമേയത്തിലൂടെയാണ് അമേരിക്ക ഹവായ് റിപ്പബ്ലിക്കിനെ പിടിച്ചെടുത്തത്. കൂട്ടിച്ചേർക്കലിന്റെ ഭാഗമായി, ഹവായിയൻ പൊതുകടത്തിൽ ഏകദേശം 4 മില്യൺ ഡോളർ യുഎസ് ഏറ്റെടുത്തു. അവസാനത്തെ രാജാവായ രാജ്ഞി ലിലിയുഒകലാനിക്ക് തന്റെ സിംഹാസനമോ കിരീടഭൂമിയോ നഷ്ടപ്പെട്ടതിന് നേരിട്ടുള്ള നഷ്ടപരിഹാരം ലഭിച്ചില്ല.

ചുരുക്കത്തിൽ , അമേരിക്കയുടെ ഭൂമി ഏറ്റെടുക്കൽ എന്നത് വാങ്ങുന്നതിനോ പിടിച്ചെടുക്കുന്നതിനോ ഇടയിലുള്ള ലളിതമായ ഒരു പരിപാടിയായിരുന്നില്ല; അത് ബഹുമുഖവും പലപ്പോഴും അക്രമാസക്തവുമായ ഒരു പ്രക്രിയയായിരുന്നു, അവിടെ നിർബന്ധിതമായി കരാറുകൾ ഉണ്ടാക്കുകയും തദ്ദേശീയ ജനതയുടെ കുടിയിറക്കത്തിലേക്ക് നയിക്കുകയും ചെയ്തു. 19-ാം നൂറ്റാണ്ടിലും 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിലും അമേരിക്ക നടത്തിയ പ്രദേശിക വികാസം രാജ്യത്തിന്റെ സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക ഭൂപ്രകൃതിയെ അടിസ്ഥാനപരമായി പുനർനിർമ്മിച്ചു. ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച മുതൽ ആഴത്തിലുള്ള സാമൂഹിക സംഘർഷങ്ങളും തദ്ദേശീയ ജനതയുടെ വ്യവസ്ഥാപിതമായ കുടിയേറ്റവും വരെ ഈ പ്രത്യാഘാതങ്ങൾ വ്യാപിച്ചു.

ഒരിക്കൽ കാനഡയിലെ യൂണിവേഴ്സിറ്റി ഓഫ് ഒട്ടാവയിൽ വച്ച് നടത്തപ്പെട്ട ഒരു സാംസ്കാരിക യോഗത്തിൽ പങ്കെടുത്തപ്പോൾ അവിടെകേട്ട ഒരു പ്രസംഗം ദീർഘകാലം ഉറക്കംകെടുത്തിയിരുന്നു. സമ്മേളനത്തിന്റെ മുഖ്യപ്രസംഗക ഒരു നേറ്റീവ് അമേരിക്കൻ ഗോത്രത്തിൽപ്പെട്ട വനിതയായിരുന്നു. തങ്ങളുടെ, മാതൃഭാഷയും സംസ്കാരവും ജന്മസ്ഥലവും, പൂർവികഭൂമിയും എല്ലാം നഷ്ടപ്പെട്ട ഒരു ജനതയുടെ പകയോടുകൂടിയുള്ള മൂർച്ചയുള്ള വാക്കുകളിൽ സ്പുരിച്ചിരുന്നത് കുടിയൊഴിപ്പിക്കലിന്റെ നൊമ്പരങ്ങളായിരുന്നു . അമേരിക്കയും കാനഡയും "മോഷ്ടിച്ച ഭൂമിയിലാണ് നിർമ്മിച്ചത്", അത് ഞങ്ങളുടെ പുരാതന സ്വത്തായിരുന്നു. ഞങ്ങളോട് ചോദിക്കാതെ അത് എടുത്തുകൊണ്ടുപോയി. എല്ലാ രാജ്യങ്ങളും നേരിട്ടോ അല്ലാതെയോ മോഷ്ടിച്ചതോ കീഴടക്കിയതോ ആയ ഭൂമിയിൽ നിർമ്മിച്ചതല്ലേ?. വെട്ടിപ്പിച്ചവരോടൊപ്പം ചൂട്ടുകറ്റയുമായി കുടിയേറ്റക്കാരും അങ്ങനെ പുതിയ മണ്ണിൽ.

ഭൂമിയുടെ ഒരു ചതുരശ്ര ഇഞ്ച് പോലും അതിന്റെ യഥാർത്ഥ ഉടമ

സ്ഥരുടെ കൈകളിലല്ല. ഭൂമിയുടെ ഭൂരിഭാഗവും ഡസൻ കണക്കിന് തവണ ഉടമസ്ഥാവകാശം മാറ്റിയിരിക്കുന്നു. ഒരു കൂട്ടം ആളുകൾ ഒരു പ്രത്യേക പ്രദേശം കൈവശപ്പെടുത്താനും അതിർത്തികൾ സംരക്ഷിക്കാനും സമാധാനത്തിനും സമൃദ്ധിക്കും അടുത്തുവരുന്ന എന്തെങ്കിലും സ്ഥലത്ത് ജീവിക്കാനും കഴിയുമെന്ന് വിശ്വസിക്കുമ്പോഴാണ് രാഷ്ട്രങ്ങൾ നിലവിൽ വരുന്നത്. ആദ്യ ഗ്രൂപ്പിന് അതിർത്തികൾ സംരക്ഷിക്കാൻ കഴിയില്ലെന്നും ഭൂമിയിൽ പിടിച്ചുനിൽക്കാൻ കഴിയില്ലെന്നും മാറുമ്പോൾ അവർ അപ്രത്യക്ഷമാവുകയും മറ്റ് രാഷ്ട്രങ്ങൾ അവരെ മാറ്റിസ്ഥാപിക്കുകയും ചെയ്യുന്നു. ഇത് സംഭവിക്കുമ്പോഴെല്ലാം നമ്മൾ ആവേശഭരിതരാകുന്നു, ഒരു വശത്തെയോ മറ്റൊരു പക്ഷത്തെയോ പിന്തുണയ്ക്കുന്നു, ആക്രമണകാരികളെക്കുറിച്ച് പരാതിപ്പെടുന്നു,പ്രതിരോധക്കാരോട്സഹതപിക്കുന്നു. ചിലപ്പോൾ, അന്തിമഫലം കുറച്ചുകാലത്തേക്ക് വ്യക്തമല്ല. എന്നാൽ ഒടുവിൽ, അത് അംഗീകരിക്കപ്പെട്ട ഒരു യാഥാർത്ഥ്യമായി മാറുന്നു.

എല്ലാ രാഷ്ട്രങ്ങളും യുദ്ധത്തിന്റെ ദുഃഖകരമായ ചരിത്രത്തിലാണ് കെട്ടിപ്പടുത്തിരിക്കുന്നത്. നമ്മുടെ രാഷ്ട്രത്തിന്റെ എല്ലാ ചരിത്രങ്ങളും രക്തത്തിൽ എഴുതിയിരിക്കുന്നു. ഭൂഖണ്ഡത്തിലുടനീളമുള്ള പാശ്ചാത്യ വ്യാപനത്തിന് അമേരിക്കക്കാരെയാണോ നമ്മൾ കുറ്റപ്പെടുത്തുന്നത്? പുതിയ ലോകത്തിലേക്കുള്ള അവരുടെ കൊളോണിയലിസത്തിന് ബ്രിട്ടീഷുകാരെയും ഫ്രഞ്ചുകാരെയും സ്പാനിഷുകാരെയും കുറ്റപ്പെടുത്തുന്നുണ്ടോ? മധ്യപൂർവ ദേശത്ത് യൂറോപ്പിന്റെയും ആഫ്രിക്കയുടെയും ഭൂരിഭാഗവും ആക്രമിച്ചതിന് റോമാക്കാരെ കുറ്റപ്പെടുത്തുന്നുണ്ടോ? എല്ലാ രാഷ്ട്രങ്ങളും ഓരോ സ്ഥലവും നിലനിൽക്കുന്നത് മുൻകാലങ്ങളിലെ ഏതെങ്കിലും ആക്രമണകാരി മൂലമാണ്.

അമേരിക്കയുടെയും അതിന്റെ നാറ്റോ സഖ്യകക്ഷികളുടെയും സുരക്ഷ ഉറപ്പാക്കാൻ യുഎസിന് ആർട്ടിക് ദ്വീപിന്റെ നിയന്ത്രണം ആവശ്യമാണെന്ന് പ്രസിഡന്റ് ട്രംപ് വ്യക്തമാക്കിയിട്ടുണ്ട്, ഈ സഖ്യകക്ഷികളും ഗ്രീൻലാൻഡും ഈ കാര്യത്തോട് ശക്തമായി വിയോജിക്കുന്നു. ഗ്രീൻലാൻഡ് ഏകദേശം 836,000 ചതുരശ്ര മൈൽ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്നു, ഇതിന്റെ ഭൂരിഭാഗവും ഗ്രീൻലാൻഡ് ഐസ് ഷീറ്റിനാൽ മൂടപ്പെട്ടിരിക്കുന്നു. ഏകദേശം 60,000 ആളുകൾ മാത്രമേ ഇവിടെ വസിക്കുന്നുള്ളൂ, കൂടാതെ തിരഞ്ഞെടുക്കപ്പെട്ട സ്വന്തം സർക്കാരുള്ള ഡെൻമാർക്ക് രാജ്യത്തിന്റെ അർദ്ധ സ്വയംഭരണ പ്രദേശമാണിത്.

അമേരിക്കയ്ക്കും റഷ്യയ്ക്കും യൂറോപ്പിനും ഇടയിലുള്ള അതിന്റെ സ്ഥാനം സാമ്പത്തിക, പ്രതിരോധ ആവശ്യങ്ങൾക്ക് അതിനെ തന്ത്രപ്രധാനമാക്കുന്നു - പ്രത്യേകിച്ചും കടൽ മഞ്ഞുരുകുന്നത് ആർട്ടിക് വഴി പുതിയ കപ്പൽ പാതകൾ തുറന്നിരിക്കുന്നതിനാൽ. വടക്കേ അറ്റത്തുള്ള യുഎസ് സൈനിക താവളവും ഇവിടെയാണ്. ഗ്രീൻലാൻഡിലെ വിദേശ രാജ്യങ്ങളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിൽ അമേരിക്കക്കാർക്ക് ശക്തമായ താൽപ്പര്യമുണ്ട്.

ഗ്രീൻലാൻഡിൽ എണ്ണ, പ്രകൃതി വാതകം, ഉയർന്ന ഡിമാൻഡുള്ള ധാതു വിഭവങ്ങൾ എന്നിവയുടെ ശേഖരമുണ്ട്. ദ്വീപിന്റെ വിഭവങ്ങൾ വിലയിരുത്തിയ 2023 ലെ റിപ്പോർട്ട് അനുസരിച്ച്, ലിഥിയം, ഗ്രാഫൈറ്റ് എന്നിവയുൾപ്പെടെ 31 വ്യത്യസ്ത ധാതുക്കളുടെ ഗണ്യമായ കരുതൽ ഗ്രീൻലാൻഡിൽ ഉണ്ടായിരിക്കാം. ഇലക്ട്രിക് വാഹനങ്ങൾക്കുള്ള ബാറ്ററികളും മറ്റ് നിരവധി സാങ്കേതിക വിദ്യകളും നിർമ്മിക്കുന്നതിന് രണ്ട് ധാതുക്കളും ആവശ്യമാണ്.

ഇലക്ട്രിക് മോട്ടോറുകളിൽ ഉപയോഗിക്കുന്ന കാന്തങ്ങൾ നിർമ്മിക്കാൻ ഉപയോഗിക്കുന്ന നിയോഡൈമിയം പോലുള്ള അപൂർവ ഭൗമ ധാതുക്കൾ ഗണ്യമായ അളവിൽ നൽകാനുള്ള കഴിവും ഗ്രീൻലാൻഡിനുണ്ട് എന്ന് 2023 ലെ റിപ്പോർട്ട് പറയുന്നു.

വെനിസ്വേലയിലെ യുഎസ് സൈനിക നടപടി, ഗ്രീൻലാൻഡ് ഏറ്റെടുക്കാനുള്ള ഡൊണാൾഡ് ട്രംപിന്റെ നീക്കത്തിന് ധൈര്യം പകരുകയോ പുതുക്കുകയോ ചെയ്തതായി തോന്നുന്നു. അമേരിക്കൻ ഭരണകൂടം യുഎസ് ദേശീയ സുരക്ഷ, ആഗോള ആധിപത്യം, പടിഞ്ഞാറൻ അർദ്ധഗോളത്തിലെ നിർണായക വിഭവങ്ങളിലേക്കുള്ള പ്രവേശനം എന്നിവയുടെ വിശാലമായ തന്ത്രവുമായി ഈ കച്ചവടത്തെ ബന്ധിപ്പിക്കുന്നു. ജീവിതം മുഴുവൻ റിയൽ എസ്റ്റേറ്റ് ലോകത്തു ചിലവാക്കിയ വ്യാപാരിയായ ട്രംപിന്റെ അതിമോഹമാണോ എന്നറിയില്ല, ലോകത്തിലെ ഏറ്റവും വലിയ ദ്വീപ് ഇപ്പോൾ റിയൽ എസ്റ്റേറ്റ് വിപണിയിൽ തെളിഞ്ഞു നിൽക്കുന്നു. ഒറ്റയാൾ കച്ചവടത്തിന് ട്രംപ് റെഡി. എവിടംവരെ എങ്ങനെ പോകുന്നുവെന്ന് നോക്കാം.



# ഐ പി സി എൻ എ അറ്റ്ലാന്റാ ചാപ്റ്ററിനു പുതിയ നേതൃത്വം

## ഷൈനി അബൂബക്കർ പ്രസിഡന്റ്, അനു ഷിബു സെക്രട്ടറി, ഫെമിന ചുക്കാൻ ട്രഷറർ




അറ്റ്ലാന്റ്: ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക (IPCNA) അറ്റ്ലാന്റാ ചാപ്റ്ററിന്റെ അടുത്ത രണ്ടു വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. സ്ഥാനമൊഴിയുന്ന പ്രസിഡന്റ് കാജൽ സഖറിയ അദ്ധ്യക്ഷത വഹിച്ച യോഗത്തിലാണ് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തത്.

ഷൈനി അബൂബക്കർ ആണ് പുതിയ പ്രസിഡന്റ്. അറ്റ്ലാന്റയിലെ ഒരു പ്രമുഖ കമ്പനിയിൽ ഐ.ടി ഡെലിവറി മാനേജറായി പ്രവർത്തിക്കുന്ന ഷൈനി, 2021 മുതൽ ഫ്ലവേഴ്സ് ടിവി യു.എസ്.എയുടെ പ്രൊഡ്യൂസർ, ആങ്കർ, സോഷ്യൽ മീഡിയ ഹെഡ് എന്നീ നിലകളിൽ പ്രവർത്തിച്ചു വരികയാണ്. ചെറുപ്പം മുതലേ മാധ്യമ രംഗത്ത് സജീവമായിരുന്ന അവർ, സ്കൂൾ കാലഘട്ടത്തിൽ യു.എ.ഇ റേഡിയോ ടോക്ക് ഷോകളിൽ

പങ്കെടുത്തിട്ടുണ്ട്. കോളേജ് കാലഘട്ടത്തിൽ സാമൂഹിക വിഷയങ്ങൾ ചർച്ച ചെയ്യുന്ന ഏഷ്യാനെറ്റ് അകത്തളം എന്ന മലയാളം ടോക്ക് ഷോയിലും പങ്കെടുത്തിട്ടുണ്ട്. 2021-ലെ ഫോമാ മയൂഖം പേജന്റിന്റെ പ്രധാന സംഘാടകയായിരുന്ന ഷൈനി, വൻ വിജയമായി മാറിയ ആ പരിപാടിയുടെ സംഘാടനത്തിൽ നിർണായക പങ്ക് വഹിച്ചു. മാധ്യമ-സാംസ്കാരിക രംഗങ്ങളിലെ ഈ സമ്പന്നമായ അനുഭവ പരിചയം കജഇചഅ അറ്റ്ലാന്റാ ചാപ്റ്ററിന്റെ പ്രവർത്തനങ്ങൾക്ക് പുതിയ ഉണർവ് പകരും എന്നത് തീർച്ചയാണ്.

സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട അനു ഷിബു കഴിഞ്ഞ 20 വർഷമായി അറ്റ്ലാന്റയിൽ താമസിക്കുന്നു. ഐ.ടി എഞ്ചിനീയർ ആയ അവർ കഴിഞ്ഞ നാലു വർഷമായി ഏഷ്യാനെറ്റ് യു.എസ് വീക്ക്ലി റൗണ്ടപ്പിൽ സജീവമായി പ്രവർത്തിച്ചു വരികയാണ്. ഇപ്പോൾ പ്രവാസി ചാനലിൽ പ്രവർത്തിക്കുന്ന അനു ഷിബുവിന്റെ ദീർഘകാല മാധ്യമ അനുഭവം IPCNA അറ്റ്ലാന്റാ ചാപ്റ്ററിന് വലിയ മുതൽക്കൂട്ടാകും.

ട്രഷററായി തിരഞ്ഞെടുക്കപ്പെട്ട ഫെമിന ചുക്കാൻ അറ്റ്ലാന്റയിൽ Behavior Therapist ആയി സേവനം അനുഷ്ഠിക്കുന്നു. പ്രൊഫഷണൽ രംഗത്ത് മാത്രമല്ല, മാധ്യമ സാംസ്കാരിക മേഖലകളിലും ശ്രദ്ധേയമായ സാന്നിധ്യമാണ് അവർ. നിരവധി വേദികളിൽ ആങ്കറിംഗ് നിർവഹിച്ചിട്ടുള്ള ഫെമിന, സമൂഹത്തിൽ മാനസികാരോഗ്യത്തെക്കുറിച്ചുള്ള ബോധവൽക്കരണത്തിനായി Mental Wellness ക്ലാസുകളും സെഷനുകളും നയിച്ചിട്ടുണ്ട്. മാധ്യമരംഗത്ത്, Asianet US Weekly Round Up എന്ന പരിപാടിയിൽ 4 വർഷം ആങ്കർ ആയി പ്രവർത്തിച്ച സമൃദ്ധമായ അനുഭവവും ഫെമിന ചുക്കാന് സ്വന്തമാണ്. ഇപ്പോൾ പ്രവാസി മാധ്യമത്തിൽ ആങ്കറായി ചുമതലയേറ്റിരിക്കുന്ന

ഫെമിന, മാധ്യമരംഗത്തെ തന്റെ സജീവ പ്രവർത്തനം കൂടുതൽ ശക്തമാക്കുകയാണ്. ഈ ദീർഘകാല മാധ്യമപരിചയവും പ്രവർത്തനപരിചയവും IPCNA അറ്റ്ലാന്റാ ചാപ്റ്ററിന്റെ പ്രവർത്തനങ്ങൾക്ക് പുതിയ ഊർജം പകരും എന്നതിൽ സംശയമില്ല.

വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട അമ്മു സഖറിയ കൂത്താട്ടുകുളം സ്വദേശിയാണ്. റിട്ടയേർഡ് സ്കൂൾ പ്രിൻസിപ്പലായ അവർ എഴുത്തുകാരിയും കവയത്രിയുമാണ്. ഇപ്പോൾ Global Millets Foundation (GMF) ന്റെ നോർത്ത് അമേരിക്കൻ ഡയറക്ടറായി നിയമിതയായിരിക്കുന്ന അമ്മു സഖറിയ, തന്റെ സാഹിത്യ-സാമൂഹിക പ്രവർത്തനങ്ങളിലൂടെ സമൂഹത്തിൽ ശ്രദ്ധേയ സാന്നിധ്യമാണ്.

ജോയിന്റ് സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട സാദിക്ക് പുളിക്കപ്പറമ്പിൽ അറ്റ്ലാന്റയിലെ മാധ്യമരംഗത്ത് സമൃദ്ധമായ അനുഭവസമ്പത്തുമായി പ്രവർത്തിക്കുന്ന കാമറാമാനാണ്. ഐടി മേഖലയിൽ 20 വർഷത്തെ പ്രൊഫഷണൽ അനുഭവം സ്വന്തമാക്കിയിട്ടുള്ള സാദിക്ക്, അതിനൊപ്പം തന്നെ മാധ്യമരംഗത്തും ശക്തമായ സാന്നിധ്യമാണ്. Asianet US Weekly Ground Up എന്ന പരിപാടിക്കായി തുടർച്ചയായി 4 വർഷം കാമറാമാനായി പ്രവർത്തിച്ച അനുഭവം അദ്ദേഹത്തിന്റെ മീഡിയ കരിയറിന് ശക്തമായ അടിത്തറ നൽകി. നിലവിൽ പ്രവാസി ചാനൽ കാമറാമാനായി പ്രവർത്തിക്കുന്ന സാദിക്ക് പുളിക്കപ്പറമ്പിൽ, തന്റെ ദൃശ്യസൗന്ദര്യവും സാങ്കേതിക മികവും കൊണ്ട് ശ്രദ്ധേയമായ സംഭാവനകളിലൂടെ പ്രവാസി മാധ്യമരംഗത്ത് തുടരുകയാണ്. ഈ ദീർഘകാല പ്രൊഫഷണൽ-മാധ്യമ പരിചയം പ്രവാസി സമൂഹത്തിന്റെയും മാധ്യമപ്രവർത്തനങ്ങളുടെയും ഗുണനിലവാരം കൂടുതൽ ഉയർത്തുമെന്ന് ഉറപ്പാണ്.

ജോയിന്റ് ട്രഷററായി തിരഞ്ഞെടുക്കപ്പെട്ട തോമസ് ജോസഫ് മാർക്കറ്റിംഗ് സ്ട്രാറ്റജിസ്റ്റും ഫുഡ് ട്രക്കറും കണ്ടന്റ് ക്രിയേറ്ററുമാണ്. 18,000-ത്തിലധികം ഫോളോവേഴ്സുള്ള "മിയ മീഡിയ USA' എന്ന ഡിജിറ്റൽ ചാനലിന്റെ സ്രഷ്ടാവാണ് തോമസ് ജോസഫ്. അമേരിക്കയിൽ നിന്ന് കേരളത്തിലേക്കുള്ള ഒരു കണ്ണാടിയായി പ്രവർത്തിക്കുന്ന ഈ ചാനൽ പ്രവാസി മലയാളികൾക്കിടയിൽ ഏറെ ശ്രദ്ധ നേടിയിട്ടുണ്ട്. വ്യത്യസ്ത മേഖലകളിൽ തന്റെ കഴിവുകൾ തെളിയിച്ച തോമസ് ജോസഫ് ചാപ്റ്ററിന് ശക്തി പകരും.


JOSCO TOURS & TRAVELS
OCTOBER 26 TO NOVEMBER 4, 2025
Best of
BRAZIL & ARGENTINA
917 817 4115
TOUR DATE: OCT 26-NOV 4, 2025
INCLUDES
Round-trip airfare from New York
2 flights during tour
Accommodations at 4-star hotels
Meals as per itinerary
All entrance and sightseeing fees as per itinerary
And much more
TOUR COST
$4990
PER PERSON/
DOUBLE OCCUPANCY
JOSECO TOURS & TRAVELS
BOOK NOW
JOSE VARUGHESE
Cell: 917-817-4115
FAITH HOLIDAYS
www.faithholidays.com

# പുത്തൻ കാലത്തെ പുതിയ പ്രവത്തന രീതികളുമായി ഫോക്കാന പ്രസിഡന്റ് സജിമോൻ ആന്റണി



**സാജ് കാവിന്റെ അരികത്ത്**

ഫ്ലോറിഡ : അമേരിക്കൻ മലയാളീ സമൂഹത്തിൽ ഗൗരവമുള്ള ചലനങ്ങൾ സൃഷ്ടിക്കാൻ സഹായിച്ച വ്യക്തിത്വമായി ഫോക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി മാറിയിരിക്കുന്നു.

സമദൂരം, ശരിദൂരം, മൗലികവാദം തുടങ്ങിയ സമൂഹത്തിൽ ആഴത്തിൽ അടിയുറച്ചു പോയ "ശരിയെന്ന് തോന്നുന്ന" പല ആശയരൂപകല്പനകളെയും, സമൂഹത്തിന് പ്രയോജനകരമായ രീതിയിൽ സമന്വയിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചത് അദ്ദേഹത്തിന്റെ നേതൃത്വത്തിന്റെ പ്രത്യേകത ഒന്നുകൊണ്ടു മാത്രമാണ്. പുതിയ പ്രവർത്തന രീതിയിലൂടെ ഫൊക്കാന അമേരിക്കൻ മലയാളികൾക്കു പ്രിയ സംഘടന ആക്കി മാറ്റുവാൻ സജിമോൻ ആന്റണിയുടെ പ്രവർത്തന രീതിയിലൂടെ സാധ്യമായി.

2025ന്റെ തുടക്കത്തിൽ ഫൊക്കാന റീജണൽ ഉൽഘാടനങ്ങളുടെ ഭാഗമായി അമേരിക്കയിലെ പലഭാഗത്തും റീജണൽ ഉൽഘടനകൾ നടത്തുകയും അതിന്റെ ഭാഗമായി ഫ്ലോറിഡയിൽ അദ്ദേഹം നടത്തിയ ഉദ്ഘാടന പ്രസംഗത്തിലെ വാചകങ്ങൾ, സമൂഹത്തെ ഒന്നാകെ അദ്ദേഹത്തിന്റെ ചിന്തകളിലേക്കും ദർശനങ്ങളിലേക്കും ആകർഷിച്ച ഒന്നായിരുന്നു . അതിന്റെ ഫലമായി, ഫ്ലോറിഡയ്ക്കായി സമാനതകളില്ലാത്ത ഒരു ഉദ്ഘാടന ചടങ്ങാണ് അരങ്ങേറിയത് "ഫോക്കാന റീജിയൻ ഇനാഗുറേഷൻ ."""

അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ പറയുകയാണെങ്കിൽ, ഒരു കല്യാണവീട്ടിലെ വിരുന്നിൽ അനുഭവപ്പെടുന്ന ആത്മബന്ധത്തിന്റെ പരമാവധി അവിടെ സൃഷ്ടിക്കപ്പെട്ടിരുന്നു.

അവിടെ രൂപംകൊണ്ട ജനസമ്പർക്കം, മറ്റേതൊരു മലയാളി സംഘടനയ്ക്കും ഫെഡറേഷനും




മാതൃകയാക്കാവുന്ന ഔന്നിത്യത്തിലായിരുന്നു.““ഫോക്കാന മലയാളി സമൂഹത്തിനുള്ളതാണ്; സമൂഹസേവനമാണ് ലക്ഷ്യം““ എന്ന സജിമോൻ ആന്റണിയുടെ സന്ദേശം, വ്യക്തിഗത താൽപര്യങ്ങൾക്കായി ജനങ്ങളുടെ ചെലവിൽ അവരുടെ മൗലിക അവകാശങ്ങൾ നിഷ്കരുണം അവഗണിക്കപ്പെടുന്ന പ്രവണതകളോട് ശക്തമായ മറുപടിയായിരുന്നു.

ഈ സന്ദേശത്തിലൂടെ, ജാതി മതലിംഗപ്രായഭേദമന്യേ എല്ലാ സാമൂഹിക നേതാക്കളെയും ഗുരുസ്ഥാനത്ത് നിൽക്കുന്നവരെയും ഒരു സിംഫണി പോലെ ഒരുമിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചു.

സമൂഹത്തിൽ ഒരു വേറിട്ട കാഴ്ചയായി ചരിത്രത്തിന്റെ ഭാഗമായ ആ പ്രായോഗിക തലത്തിൽ നിന്ന് അദ്ദേഹം നൽകുന്ന സന്ദേശം, നോർത്ത് അമേരിക്കൻ മണ്ണിൽ ഫോക്കാനയുടെ പ്രസക്തി ശക്തമായി ഉദ്ബോധിപ്പിക്കുന്നു.

വളരെ ഊർജ്ജസ്വലനായി പ്രവർത്തിക്കുന്ന പ്രസിഡണ്ട് സജിമോൻ ആന്റണി, മെയിൻസ്ട്രീം മാധ്യമങ്ങളിൽ തന്റേതായ ശൈലിയിൽ വ്യക്തിമുദ്ര പതിപ്പിച്ച നേതാവാണ്. ചാനൽ ചർച്ചകളിലൂടെ തന്റെ പ്രവർത്തന മണ്ഡലത്തിൽ തിളങ്ങി നിൽക്കുമ്പോൾ അദ്ദേഹത്തിന്റെ വാചാലതയെ ഞാൻ പ്രശംസിച്ചിരുന്നു.

വർഷങ്ങളായി ഏറ്റെടുത്ത വിവിധ ഉത്തരവാദിത്വങ്ങളിലൂടെ അദ്ദേഹം സമ്പാദിച്ച അനുഭവസമ്പത്ത് ഫോക്കാനയെ സമ്പുഷ്ടമാക്കുന്നതിനായി വിനിയോഗിക്കപ്പെടുമ്പോൾ, നിരവധി പദ്ധതികൾ ആവിഷ്കരിക്കുവാനും അവയുടെ തുടക്കക്കാരനാകുവാനും അദ്ദേഹത്തിന് സാധിച്ചു.

സമ്പന്നരും ദരിദ്രരും, ഭാഗ്യവാന്മാരും നിർഭാഗ്യവാന്മാരും, സ്ത്രീയും പുരുഷനും എല്ലാവരും സമൂഹത്തിന്റെ അവിഭാജ്യഘടകങ്ങളാണെന്ന ദർശനത്തിലാണ് അദ്ദേഹത്തിന്റെ പ്രവർത്ത







നങ്ങൾ അടിയുറച്ചിരിക്കുന്നത്. ഈ ദീർഘവീക്ഷണത്തിന്റെ ഭാഗമായി ആരംഭിച്ച പദ്ധതികളിൽ പ്രത്യേകം എടുത്തു പറയേണ്ടവയാണ് ഫോക്കാന പ്രിവിലേജ് മെഡിക്കൽ കാർഡ്, ഫൊക്കാന മെഡിക്കൽ കാർഡ് , ഫൊക്കാന ഹെൽത്ത് ക്ലിനിക് പുതുതായി സ്ഥാപിച്ച മെൻസ് ഫോറം, കൂടാതെ നിലവിലുള്ള തുടർപ്രവർത്തനങ്ങൾ.

ഇവയെല്ലാം ഒരുമിച്ച് തെളിയിക്കുന്നത്, ഒരു മലയാളി ഫെഡറേഷന്റെ ആത്മാവ് ഉൾക്കൊണ്ട് പ്രവർത്തിക്കാൻ സജിമോൻ ആന്റണിക്ക് സാധിച്ചിരിക്കുന്നു എന്നതാണ്.




അദ്ദേഹം തുടക്കം കുറിച്ച പദ്ധതികൾ ദീർഘകാല ദർശനത്തോടെയുള്ളതായതിനാൽ, സമൂഹനന്മയ്ക്കായുള്ള തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് വേണ്ടി ഫോക്കാനയ്ക്ക് കരുത്തുറ്റ, ഉത്തരവാദിത്തബോധമുള്ള ഭാരവാഹികളെ സൃഷ്ടിക്കാനുള്ള ശ്രമത്തിലാണ് അദ്ദേഹം.

അമേരിക്കൻ മലയാളികളുടെ ചരിത്രത്തിലെ ഉജ്ജ്വലനായ വ്യക്തിത്വമാണ് സജിമോൻ ആന്റണി . നമ്മുടെ സമൂഹത്തിന് എന്നും ഒരു പ്രചോദനമാണ്. ചെറിയ ഒരു സമയത്തിനുള്ളിൽ കുറെ നല്ല നാളെകൾ സമ്മാനിച്ചുസമൂഹത്തിൽ തൻറേതായ ഇടം സൃഷ്ടിക്കുന്നതിനും അദ്ദേഹത്തിന് കഴിഞ്ഞു. യുവാക്കളെ സംഘടനയിലേക്ക് കൂടുതൽ ആകർഷിക്കുക ലക്ഷ്യത്തോടെ നടത്തിയ പല പ്രവർത്തനങ്ങളും ഫലം കണ്ടു കഴിഞ്ഞിരിക്കുന്നു.

ഓരോ വ്യക്തിക്കും പ്രത്യേകം കഴിവുകൾ ഉണ്ടായിരിക്കും. ഒരു വ്യക്തിയുടെ കഴിവ് സമൂഹത്തിന്റെ അഭിവൃദ്ധിക്കായും, സമൂഹ നന്മക്കായും, സാമൂഹ്യസേവനത്തിനായും പ്രവർത്തിക്കുബോൾ സമൂഹത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ എടുത്തു പറയേണ്ടുന്നതാണ് . അങ്ങനെ ഒരു വ്യക്തിത്വമാണ് സജിമോൻ ആന്റണിയുടേത് . കുറഞ്ഞ സമയം കൊണ്ട് കൂടുതൽ കാര്യങ്ങൾ ചെയ്തു അമേരിക്കൻ മലയാളികൾക്ക് പ്രിയങ്കരൻ ആവുകയാണ് സജിമോൻ ആന്റണി.

# മതചിഹ്നങ്ങളെ അധിക്ഷേപിക്കുന്നത് മാപ്പർഹിക്കാത്ത അപരാധം;

## ലോട്ടറി വിവാദത്തിൽ പ്രതിഷേധവുമായി കെ.എച്ച്.എൻ.എ.

കെ.എച്ച്.എൻ.എ.
ന്യൂസ് ഡെസ്ക്




വിശ്വാസികളുടെ വികാരം വ്രണപ്പെടുത്തിയ ഈ നടപടിക്കെതിരെ കെ.എച്ച്.എൻ.എ. ഭരണസമിതി ഔദ്യോഗികമായി പ്രതിഷേധ പ്രമേയം പാസാക്കി. കേരള സർക്കാരിന്റെ 'സുവർണ്ണ കേരളം' ലോട്ടറി ടിക്കറ്റിൽ ഹൈന്ദവ വിശ്വാസങ്ങളെയും ചിഹ്നങ്ങളെയും അപമാനിക്കുന്ന തരത്തിലുള്ള ചിത്രം ഉൾപ്പെടുത്തിയ നടപടിയിൽ കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്ക (KHNA) ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. ഭാരതീയർ പവിത്രമായി കാണുന്ന ശിവലിംഗത്തെ ആർത്തവരക്തവുമായി ബന്ധിപ്പിച്ച് വികലമായി ചിത്രീകരിച്ചത് ലോകമെമ്പാടുമുള്ള ഹിന്ദു വിശ്വാസികളെ അവഹേളിക്കുന്നതിന് തുല്യമാണെന്ന് കെ.എച്ച്.എൻ.എ. പ്രസിഡന്റ് ഉണ്ണികൃഷ്ണൻ അറിയിച്ചു.

ഭാരതീയർ പവിത്രമായി കാണുന്ന ആരാധനാബിംബങ്ങളെ വികലമായി ചിത്രീകരിക്കുന്നത് ഒരു മതേതര സർക്കാരിന് ചേർന്നതല്ല. ഇത്തരം നീക്കങ്ങൾ ഹൈന്ദവ സമൂഹത്തോടുള്ള തുറന്ന വെല്ലുവിളിയായി മാത്രമേ കാണാൻ കഴിയൂ. വൈകൃതങ്ങളെ ആഘോഷമാക്കുന്ന ഇത്തരം നടപടികൾ വിശ്വാസത്തോടൊപ്പം സമൂഹം കാത്തുസൂക്ഷിക്കുന്ന സദാചാര സങ്കല്പങ്ങളെയും ബാധിക്കും. സമൂഹത്തിന്റെ അന്തസ്സും സദാചാര സങ്കല്പങ്ങളും തകർക്കുന്ന തരത്തിലുള്ള ചിത്രങ്ങൾ ഔദ്യോഗിക സംവിധാനങ്ങളിലൂടെ പ്രചരിപ്പിക്കുന്ന പ്രവണത സർക്കാർ അടിയന്തരമായി അവസാനിപ്പിക്കണം.

ശബരിമല വിഷയമുൾപ്പെടെയുള്ള കാര്യങ്ങളിൽ വിശ്വാസികളുടെ വികാരം വ്രണപ്പെട്ട സാഹചര്യത്തിൽ, ലോട്ടറി വിവാദത്തിലൂടെയുള്ള ഇത്തരം നീക്കങ്ങൾ ഹൈന്ദവ വിരുദ്ധ സമീപനമായി മാത്രമേ വിലയിരുത്താൻ സാധിക്കൂ.

ലളിതകലാ അക്കാദമിയുടെ ശേഖരത്തിലുള്ള ഈ ചിത്രത്തിന്റെ ആർട്ടിസ്റ്റ് മറ്റൊരു മതവിഭാഗത്തിൽപ്പെട്ട ആളാണെന്ന വിവരം പുറത്തുവിട്ട്, ജനങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കാനും ഹിന്ദു വികാരം ഇതര മതങ്ങൾക്കെതിരെ തിരിച്ചുവിടാനും ചിലർ ഗൂഢമായി ശ്രമിക്കുന്നതായി കെ.എച്ച്.എൻ.എ സംശയിക്കുന്നു.

കെ.എച്ച്.എൻ.എ. പ്രസിഡന്റ് ഉണ്ണികൃഷ്ണൻ ,ജനറൽ സെക്രട്ടറി സിനു നായർ, ട്രഷറർ അശോക് മേനോൻ, വൈസ് പ്രസിഡന്റ് സഞ്ജീവ് കുമാർ, ജോയിന്റ് സെക്രട്ടറി ശ്രീകുമാർ ഹരിലാൽ, ജോയിന്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള, ട്രസ്റ്റീ ബോർഡ് ചെയർ വനജ നായർ എന്നിവർ സംയുക്തമായി വിശ്വാസ സംരക്ഷണത്തിന്റെ ഭാഗമായി ഇത്തരം വിവാദ നടപടികൾ തുടരാതിരിക്കാൻ ശക്തമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിഷേധ പ്രമേയം പാസാക്കി.




# അമേരിക്ക പിന്നിട്ട കാൽ സഹസ്രാബ്ദം



സുരേന്ദ്രൻ നായർ

ഏറെ പ്രതീക്ഷകളും പ്രത്യാശകളും നിറഞ്ഞ ഒരു പുതുയുഗ പിറവിയെക്കൂടി ലോകജനത വലിയ ആരവങ്ങളോടെ വരവേൽക്കുകയാണ്. ലോകത്തിലെ ഏറ്റവും വലിയ രാഷ്ട്രീയ ശക്തിയും സാമ്പത്തിക സൈനിക ശേഷിയുമായ അമേരിക്കൻ ഐക്യനാടുകൾ ബ്രിട്ടീഷ് മേൽക്കോയ്മയിൽ നിന്നും സ്വതന്ത്രമായതിന്റെ കാൽ സഹസ്രാബ്ദം പൂർത്തിയാക്കുന്ന വർഷം കൂടിയാണ് 2026. ഇരുനൂറ്റിഅന്പത് വർഷങ്ങൾക്കു മുൻപ് വടക്കെ അമേരിക്കയിലെ 13 കോളനികൾക്കു ബ്രിട്ടീഷ് ഭരണകൂടം സ്വാതന്ത്ര്യം പ്രഖ്യാപിച്ചുകൊണ്ടു തോമസ് ജെഫേഴ്സൺന്റെ നേതൃത്വത്തിലുള്ള സംഘം എഴുതിയുണ്ടാക്കിയ ഉടമ്പടിയിൽ (Declaration of Independence) 1776 ജൂലായ് നാലിനാണ് ഇരുരാജ്യങ്ങളിലെയും പ്രതിനിധികൾ ഒപ്പുവെച്ചത്. ചരിത്ര പ്രാധാന്യമുള്ള ആ പ്രഖ്യാപ

നത്തിലെ വ്യവസ്ഥകൾ അതിന് ശേഷം ലോകത്തെമ്പാടും ഉടലെടുത്ത നിരവധി ജനാധിപത്യ മനുഷ്യാവകാശ മുന്നേറ്റങ്ങളുടെ അടിസ്ഥാന പ്രമാണമായി മാറുന്നതാണ് ലോകം പിന്നീട് കണ്ടത്.

എല്ലാ മനുഷ്യരും ജന്മനാ തുല്യരാണ് അതിനാൽ അവർക്കു ഈ ഭൂമിയിൽ യാതൊരു വിവേചനവും കൂടാതെ സ്വതന്ത്രമായി ജീവിക്കാൻ അവകാശമുണ്ടെന്നും ആ അവകാശങ്ങൾ സംരക്ഷിക്കുക എന്നതാണ് സർക്കാരിന്റെ കടമയെന്നും ആ രേഖ അസന്നിഗ്ധമായി പ്രഖ്യാപിച്ചു. രാഷ്ട്രമീമാംസ ചരിത്രത്തിൽ ആമന്ത്രണം ചെയ്യപ്പെട്ട ആ വരികൾ ഓർത്തെടുക്കാനും ആഘോഷമാക്കാനുമാണ് അമേരിക്കൻ ഭരണകൂടം ഒരുങ്ങുന്നത്. അന്നത്തെ കോളനികളുടെ തലസ്ഥാനമായിരുന്ന ഫിലാഡൽഫിയ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട പട്ടണങ്ങൾ കേന്ദ്രീകരിച്ചു മാസങ്ങൾ നീളുന്ന വിപുലമായ കലാസാംസ്കാരിക ആഘോഷങ്ങൾക്കും വിദ്യാഭ്യാസ സെമിനാറുകളുമാണ് സംഘാടകർ ലക്ഷ്യമിടുന്നത്.

കേവലം നാനൂറു വർഷത്തെ ചരിത്രം മാത്രമുള്ള അമേരിക്ക അതിന്റെ സാംസ്കാരിക തുടർച്ചയിലും സാഹിത്യ നൈതികതയിലും പുലർത്തുന്ന സമർപ്പണവും അഭിമാനവും ആയിരക്കണക്കിന് വർഷങ്ങളുടെ ചരിത്രമേന്മ അവകാശപ്പെടുന്ന രാജ്യങ്ങൾക്കുപോലും മാതൃകയാണ്. രണ്ടര നൂറ്റാണ്ടു പൂർത്തിയാക്കുന്ന സ്വാതന്ത്ര്യാനന്തര അമേരിക്ക കൈവരിച്ച അഭൂതപൂർവ്വമായ ഭൗതിക പുരോഗതിയും ഇതര ഭൂഖണ്ഡങ്ങളിൽ അതുണ്ടാക്കിയ അനുരണങ്ങളും ശാക്തിക ചേരികളും ചർച്ച ചെയ്യുന്നതിനോടൊപ്പം രാജ്യത്തിനുള്ളിലുണ്ടായ രാഷ്ട്രീയ സാമൂഹ്യ സാമ്പത്തിക പരിവർത്തനങ്ങളും ഇവിടെ ചർച്ച ചെയ്യപ്പെടുന്നുണ്ട്.

ബ്രിട്ടൻ പടിയിറങ്ങി ഒരു ദശകം പിന്നിട്ട് 1787 ലാണ് ഐക്യനാടുകളുടെ ഭരണക്രമവും

ഫെഡറൽ സംവിധാനങ്ങളും രൂപകൽപ്പന ചെയ്യുന്ന ഒരു ഭരണഘടന രാജ്യത്തിനായി എഴുതി ഉണ്ടാക്കുന്നത്. അതിൻപ്രകാരമുള്ള ആദ്യത്തെ

**കേവലം നാനൂറു വർഷത്തെ ചരിത്രം മാത്രമുള്ള അമേരിക്ക അതിന്റെ സാംസ്കാരിക തുടർച്ചയിലും സാഹിത്യ നൈതികതയിലും പുലർത്തുന്ന സമർപ്പണവും അഭിമാനവും ആയിരക്കണക്കിന് വർഷങ്ങളുടെ ചരിത്രമേന്മ അവകാശപ്പെടുന്ന രാജ്യങ്ങൾക്കുപോലും മാതൃകയാണ്.**



അമേരിക്കൻ പ്രസിഡന്റായി ജോർജ് വാഷിംഗ്ടൺ ചുമതലയേൽക്കുന്നതു അടുത്തൊരു രണ്ടു വർഷം കൂടി കഴിഞ്ഞായിരുന്നു. ഭരണഘടനാനുസൃതമായുള്ള ഉത്തരവാദിത്വങ്ങൾ മാത്രം നിറവേറ്റി മുന്നേറിയിരുന്ന സർക്കാർ, കോളനി വാഴ്ചയുടെ തുടർച്ചയെന്നപോലെ അമിതാധികാര പ്രയോഗം നടത്തുന്നുവെന്നും സ്വാതന്ത്ര്യ പ്രഖ്യാപനത്തിലെ പൗര സ്വാതന്ത്ര്യം പ്രയോഗത്തിൽ വരുത്തുന്നില്ല എന്നും തിരിച്ചറിഞ്ഞ അമേരിക്കൻ കോൺഗ്രസ് 1791 ൽ ഭരണഘടനയിൽ ബില്ല് ഓഫ് റൈറ്റ്സ് (Bill of Rights) എന്നപേരിലുള്ള ആദ്യത്തെ 10 ഭേദഗതികൾ വരുത്തി വൻ വിപ്ലവം സൃഷ്ടിച്ചു. സർക്കാരിന്റെ അധികാരങ്ങൾക്കു നിയന്ത്രണം വരുത്തി വ്യക്തികളുടെ അഭിപ്രായ, ആവിഷ്കാര സ്വാതന്ത്യവും സ്വകാര്യതയും മത വിശ്വാസവും ഉറപ്പുവരുത്തുന്നതിൽ തുടങ്ങി ആയുധം കൈവശം വെക്കാനുള്ള അവകാശം വരെയുള്ള പൗരാവകാശങ്ങൾ ഭരണഘടനയിൽ പത്തു പുതിയ വകുപ്പുകളിലൂടെ കൂട്ടി ചേർക്കുകയുണ്ടായി.

പൗരാവകാശ സംരക്ഷണ നിയമങ്ങൾ പകർന്ന സാമൂഹ്യ ഉണർവ്വും ആഡംസ്മിത് എന്ന ധനകാര്യ വിദഗ്ധൻ ഉൽപ്പാദന രംഗത്തു പരീക്ഷിച്ച ലസേ ഫെയർ (Laissez- faire) സിദ്ധാന്തവും കൂടി ചേർന്നതോടെ അമേരിക്കയുടെ വളർച്ചാവേഗത ത്വരിതപ്പെടുകയും 1803 ലെ ലൂസിയാന വാങ്ങലോടെ രാജ്യം സുസ്ഥിരമായ ഒരു വികസന ഘട്ടത്തിലേക്ക് പ്രവേശിക്കുകയും ചെയ്തു. അമേരിക്കൻ പ്രസിഡന്റ് തോമസ് ജെഫേഴ്സൻ ഫ്രഞ്ച് ഭരണാധികാരിയായ നെപ്പോളിയൻ ബോണപ്പാർട്ടിൽ നിന്നും അവരുടെ അധീനതയിലുണ്ടായിരുന്ന ലൂസിയാന പ്രൊവിൻസ് എന്ന വിശാലമായ ഭൂപ്രദേശം 15 മില്ലിയൻ ഡോളറിനു വിലയ്ക്കുവാങ്ങി അമേരിക്കയുടെ ഭൂവിസ്തൃതി ഇരട്ടിയാക്കി വർധിപ്പിച്ചു. രാജ്യവിസ്തൃതി വളർന്നതോടൊപ്പം മിസ്സിസിപ്പി നദിയുടെയും ന്യൂയോർലൈൻസ് തുറമുഖത്തിന്റെയും നിയന്ത്രണം കൂടി ലഭിച്ചതോടെ അമേരിക്കൻ ഉൽപ്പാദന രംഗത്തിന് യൂറോപ്യൻ വിപണിയെ അനായാസേന മറികടക്കുന്ന കുതിച്ചുചാട്ടം നടത്താൻ സാധിച്ചു.

വമ്പിച്ച സാമ്പത്തിക വളർച്ച നേടുന്നതിനിടയിൽ സാമൂഹ്യ രംഗത്ത് പടർന്നുപിടിച്ച വംശീയ വിവേചനങ്ങളും കോളനി വാഴ്ചയുടെ തുടർച്ചയായി തെക്കൻ സംസ്ഥാനങ്ങളിൽ തുടർന്നിരുന്ന അപരിഷ്കൃത അടിമത്വ വ്യവസ്ഥിതിയും തെക്കു വടക്കു സംസ്ഥാനങ്ങളെ തമ്മിൽ ശത്രുതയിലാക്കുകയും 1861 മുതൽ 1865 വരെ നീണ്ടുനിന്ന രക്തരൂക്ഷിത ആഭ്യന്തര

കലാപത്തിലേക്ക് രാജ്യം നീങ്ങുകയും ചെയ്തു. കലാപം തുടരുന്നതിനിടയിലാണ് 1863 ജനുവരി ഒന്നിനു പ്രസിഡന്റ് എബ്രഹാം ലിങ്കൻ തന്റെ പ്രസിദ്ധമായ Emancipation Proclamation (മോചന പ്രഖ്യാപനം) നടത്തുന്നത്. തെക്കൻ സംസ്ഥാനങ്ങളിൽ ഉണ്ടായിരുന്ന മുഴുവൻ അടിമകളെയും സ്വതന്ത്രരാക്കുകയും തുടർന്ന് പുതിയ ഭരണഘടന ഭേദഗതിയിലൂടെ അടിമത്വം രാജ്യത്താകെ നിയമപരമായി നിരോധിക്കുകയും ചെയ്തു.

സംഭവബഹുലമായ അമേരിക്കൻ രാഷ്ട്ര നിർമ്മിതിയുടെ ഓരോ ഘട്ടത്തിലും അർപ്പണബുദ്ധിയും ലക്ഷ്യബോധവുമുള്ള നിരവധി പ്രസിഡന്റുമാരുടെ പേരുകൾ അവിസ്മരണീയമായി നിലനിൽക്കുന്നു. 1929 ഒക്ടോബർ 29 നു അമേരിക്കൻ ഓഹരി വിപണിയിൽ പെട്ടെന്നുണ്ടായ തകർച്ച ഒരു മഹാ സാമ്പത്തിക മാന്ദ്യത്തിലേക്ക് (Great Dipression) ലോകത്തെ തന്നെ നയിച്ചു. അമേരിക്കൻ ബാങ്കുകൾ ഒന്നിനുപിറകെ ഒന്നായി നിലംപൊത്തി. ഉല്പാദന മേഖലയിൽ ആവശ്യം പരിഗണിക്കാതെ കുമിഞ്ഞുകൂടിയ ഉൽപ്പന്ന ബാഹുല്യം വമ്പിച്ച വിലയിടിവിനും സ്തംഭനാവസ്ഥക്കും വലിയ തോതിലുള്ള തൊഴിൽ നഷ്ടങ്ങൾക്കും ഇടയാക്കി.

ഒരു ദശകത്തോളം നീണ്ടു നിന്ന ആ പ്രതിഭാസത്തെ അതിജീവിച്ചത് ഫ്രാങ്ക്ളിൻ റൂസ്വെൽറ്റ് എന്ന പ്രസിഡന്റിന്റെ ന്യൂ ഡീൽ സാമ്പത്തിക പരിഷ്കരണത്തിലൂടെയും രണ്ടാം ലോക യുദ്ധം തുറന്നുകൊടുത്ത യുദ്ധോപകരണ വിപണിയുടെ സാധ്യതയിലൂടെയുമായിരുന്നു.

കാലപ്രവാഹത്തിന്റെ കരുത്തു നേടി മുന്നേറിയ ഐക്യനാടുകളിൽ ശക്തി പ്രാപിച്ച മറ്റൊരു പ്രക്ഷോഭമായിരുന്നു 1950 കളിലും അറുപതുകളിലും നീണ്ടുനിന്ന സിവിൽ റൈറ്റ് മൂവ്മെന്റ്.

കറുത്തവർഗ്ഗക്കാർക്കെതിരെ നിലനിന്ന വർണ്ണ വിവേചനത്തിനും സ്ത്രീ വിരുദ്ധതകൾക്കും എതിരെ രാജ്യവ്യാപകമായി ജനങ്ങൾ മാർട്ടിൻ ലൂഥർ കിംഗ് ജൂനിയർ, റോസാ പാർക്സ് തുടങ്ങിയവരുടെ നേതൃത്വത്തിൽ പ്രക്ഷോഭരംഗത്തു വന്നു. തികച്ചും ഗാന്ധിയൻ രീതിയിൽ അക്രമരഹിതമായിരുന്നു സമരം. സ്കൂളുകൾ ബസുകൾ പാർക്കുകൾ ട്രെയിനുകൾ തുടങ്ങിയ പൊതു ഇടങ്ങളിൽ വെള്ളക്കാരോടൊപ്പം കറുത്തവർഗക്കാർക്ക്

പ്രവേശനം നിഷേധിക്കുകയും അവർക്കായി പ്രത്യേക ഇടങ്ങൾ നിർമ്മിച്ചു അയിത്തത്തിനു സമാനമായ വിവേചനം വേരുറപ്പിച്ചു. ദീർഘനാളത്തെ സഹന സമരങ്ങൾക്കൊടുവിൽ വർണ്ണവിവേചനം പൂർണ്ണമായി അവസാനിപ്പിക്കുന്നതും സാർവ്വത്രിക വോട്ടവകാശം സ്ഥാപിക്കുന്നതുമായ നിയമനിമ്മാണത്തിനു സർക്കാർ വഴങ്ങേണ്ടി വന്നു. ഇത്തരം ആഭ്യന്തരമായ സാമൂഹ്യ വെല്ലുവിളികൾക്കിടയിലും ലോക രാഷ്ട്രങ്ങൾക്ക് മുന്നിൽ അമേരിക്കയുടെ അധീശത്വം അപ്രതിരോധ്യമായി തുടർന്നു.

ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ രാജ്യത്തിന്റെ സുരക്ഷയെയും മികച്ച ഇന്റലിജൻസ് വിഭാഗത്തെയും ഒന്നാകെ ഞെട്ടിച്ചുകൊണ്ടു ഇസ്ലാമിക തീവ്രവാദികൾ നടത്തിയ വേൾഡ് ട്രേഡ് സെന്റർ ആക്രമണം അമേരിക്കയെ ആഴത്തിലുള്ള ആത്മപരിശോധനക്കു വിധേയമാക്കി.പാഠങ്ങൾ ഉൾക്കൊണ്ടു മുന്നേറിയ അമേരിക്കയിൽ നാല്പത്തി നാലാമത്തെ പ്രസിഡന്റായി 2008 ൽ ഒരു കറുത്തവർഗ്ഗക്കാരൻ ആദ്യമായി പ്രസിഡന്റ് സ്ഥാനത്തെത്തി നൂതനമായൊരു മറ്റൊരു ചരിത്രത്തിനു തുടക്കം കുറിച്ചു. 2020 ലെ കോവിഡ് മഹാമാരിയെ അതിജീവിച്ച അതെ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ആണ്

**മൂന്നാം ലോക രാജ്യങ്ങളിൽ പോലും കോവിഡ് അനന്തരം ആരോഗ്യ മേഖലയിൽ നിരവധി മാറ്റങ്ങൾ ദൃശ്യമായിട്ടും വികസിത അമേരിക്കക്ക് സാർവ്വത്രികമായ ഒരു ആരോഗ്യ പരിരക്ഷ സംവിധാനം ഉറപ്പുവരുത്തുവാൻ നാളിതുവരെ സാധിച്ചിട്ടില്ല. 1776 ൽ ശരാശരി ആയുർദൈർഘ്യം 39 വയസ്സായിരുന്നു. കോളറ വസൂരി തുടങ്ങിയ പകർച്ചവ്യാധികളും പോളിയോ പോലുള്ള വൈകല്യ രോഗങ്ങളും വ്യാപകമായി മനുഷ്യരെ കൊന്നൊടുക്കിയപ്പോൾ പ്രതിരോധ മാർഗ്ഗങ്ങളോ ഔഷധങ്ങളോ ഇല്ലാതെ മനുഷ്യർ നിസ്സഹായരായിരുന്നു. 1796 ൽ ഇംഗ്ലീഷുകാരനായ എഡ്വേഡ് ജെന്നർ വസൂരിക്കുള്ള പ്രതിരോധ കുത്തിവയ്പ് കണ്ടെത്തിയെങ്കിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം വരെ നാട്ടറിവുകളും നാട്ടുവൈദ്യന്മാരും മാത്രമായിരുന്നു അമേരിക്കയുടെ ആശ്രയം.**



2026 ൽ അമേരിക്കൻ സ്വാതന്ത്ര്യത്തിന്റെ സെമികിൻസെന്റീനിയൽ ആഘോഷിക്കാൻ നേതൃത്വം നൽകുന്നത്.

ഭൗതിക പുരോഗതിയും അന്തർദേശിയ മേധാവിത്വവും അമേരിക്കക്ക് നിലനിർത്താൻ കഴിയുന്നുണ്ടെങ്കിലും പുരോഗതിയുടെ സങ്കൽപ്പങ്ങളിൽ വന്നുചേരുന്ന നവീന പരിപ്രേക്ഷ്യങ്ങൾ കൈവരിച്ച നേട്ടങ്ങളിൽ പലതും സമഗ്രമായിരുന്നില്ല എന്ന് വിമർശകർ വിലയിരുത്തുന്നു. അടിമത്വം നിയമം മൂലം നിരോധിച്ചിട്ടും പല മേഖലകളിലും വംശീയ വിവേചനവും സ്വത്വപ്രതിസന്ധികളും ഇന്നും പ്രച്ഛന്നമായി നിലനിൽക്കുന്നതായി പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള സാമ്പത്തിക അന്തരം ഭയാനകമായി വർധിക്കുകയും

വലിയ തോതിൽ ധനകേന്ദ്രീകരണം ചെറിയൊരു ന്യൂനപക്ഷത്തിലേക്കു ചുരുങ്ങുകയും ചെയ്യുന്നു.

ജനാധിപത്യ സംരക്ഷണത്തിന്റെ അഖിലലോക നേതൃത്വം അവകാശപ്പെടുന്ന അമേരിക്കയിൽ ജനാധിപത്യ സ്ഥാപനങ്ങളിലും നീതിന്യായ സംവിധാനങ്ങളിലും വ്യാപിച്ചുവരുന്ന ജീർണ്ണതയും സജീവമായി ചർച്ച ചെയ്യേണ്ടതുണ്ട്.

മൂന്നാംലോക രാജ്യങ്ങളിൽ പോലും കോവിഡ് അനന്തരം ആരോഗ്യ മേഖലയിൽ നിരവധി മാറ്റങ്ങൾ ദൃശ്യമായിട്ടും വികസിത അമേരിക്കക്ക് സാർവ്വത്രികമായ ഒരു ആരോഗ്യ പരിരക്ഷ സംവിധാനം ഉറപ്പുവരുത്തുവാൻ നാളിതുവരെ സാധിച്ചിട്ടില്ല. 1776 ൽ ശരാശരി ആയുർദൈർഘ്യം 39 വയസ്സായിരുന്നു. കോളറ വസൂരി തുടങ്ങിയ പകർച്ചവ്യാധികളും പോളിയോ പോലുള്ള വൈകല്യ രോഗങ്ങളും വ്യാപകമായി മനുഷ്യരെ കൊന്നൊടുക്കിയപ്പോൾ പ്രതിരോധ മാർഗ്ഗങ്ങളോ ഔഷധങ്ങളോ ഇല്ലാതെ മനുഷ്യർ നിസ്സഹായരായിരുന്നു. 1796 ൽ ഇംഗ്ലീഷുകാരനായ എഡ്‌വേഡ് ജെന്നർ വസൂരിക്കുള്ള പ്രതിരോധ കുത്തിവയ്പ കണ്ടെത്തിയെങ്കിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം വരെ നാട്ടറിവുകളും നാട്ടുവൈദ്യന്മാരും മാത്രമായിരുന്നു അമേരിക്കയുടെ ആശ്രയം.

ആരോഗ്യപരിപാലന രംഗത്ത് സുപ്രധാനമായ ഒരു മാറ്റം സംഭവിക്കുന്നത് 1946 ൽ രോഗങ്ങൾ നിയന്ത്രിക്കുകയും തടയുകയും ചെയ്യുന്ന ഒരു ഫെഡറൽ ഏജൻസിയായി സി.ഡി.സി. (Centers for Disease Control and Prevention) നിലവിൽ വരുന്നതോടെയാണ്. പകർച്ചവ്യാധികൾക്ക് ചികിത്സ ഉറപ്പാക്കുക പ്രതിരോധ കുത്തിവയ്പ്പുകൾ എടുപ്പിക്കുക മറ്റെല്ലാ രോഗങ്ങൾക്കുമുള്ള മരുന്നുകൾ ലഭ്യമാക്കുക ഉൾപ്പെടെയുള്ള ഉത്തരവാദിത്വങ്ങൾ സി ഡി സി യിലൂടെ ഫെഡറൽ സർക്കാർ ഏറ്റെടുത്തു. അതെ കാലഘട്ടത്തിൽ തന്നെ അമേരിക്കൻ കോൺഗ്രസ് Hill Burton Act പാസാക്കുകയും അതിലൂടെ ആശുപത്രി കെട്ടിടങ്ങൾ നിർമ്മിക്കാൻ സംസ്ഥാനങ്ങൾക്കും സ്ഥാപനങ്ങൾക്കും ധനസഹായം ചെയ്യാനും ആരംഭിച്ചു.

തുടർന്നുള്ള ദശകങ്ങളിൽ ദേശവ്യാപകമായി ആരോഗ്യരംഗവും ചികിത്സ രീതികളും വികസിച്ചു അമേരിക്ക ഗ്ലോബലും ഡിജിറ്റലുമായ ഐക്കോൺ ആയി മാറുകയും ചെയ്തു.

ആയുർദൈർഘ്യം 77 ആയി ഉയർന്നുവെങ്കിലും അമേരിക്കയിലെ മൂന്നിലൊന്നു ജനവിഭാഗങ്ങൾക്ക് ചികിത്സാലയങ്ങൾ അപ്രാപ്യവും

ചെലവുകൾ താങ്ങാനാകുന്നതിലും അധികവുമായി തുടരുന്നു. ലോകോത്തര ചികിത്സാ രീതികൾ ഉണ്ടെങ്കിലും അത്തരം കേന്ദ്രങ്ങളെയോ അവിടത്തെ വിദഗ്ധരെയോ ലഭ്യമാക്കുക സാധാരണക്കാർക്ക് എളുപ്പമല്ല. അഥവാ കണ്ടെത്തിയാലും അടുത്തെത്തുക മാസങ്ങൾ നീണ്ട കാത്തിരിപ്പിനു ശേഷമായിരിക്കും. ഈ ഇടവേളകളിൽ പലരും മരണപ്പെടുകയോ ശാരീരിക അവശതകൾ മറക്കുന്ന മാനസിക പ്രശ്നങ്ങളിലേക്ക് കൂപ്പുകുത്തുകയോ ചെയ്തിട്ടുണ്ടാകും.

വ്യാവസായിക വിപ്ലവാനന്തരം രൂപംകൊണ്ട വൻകിട ഫാക്ടറികളിൽ സംഭവിക്കുന്ന തൊഴിൽബന്ധ അപകടങ്ങളും ചികിത്സാ ചെലവുകളും പരിഗണിച്ചു മുതലാളിമാർ അവിടങ്ങളിലെ തൊഴിലാളികൾക്ക് എംപ്ലോയീ ഹെൽത്ത് ബെനിഫിറ് പദ്ധതികൾ ആവിഷ്കരിച്ചതും ലോകമഹായുദ്ധത്തിൽ സൈനികരെ ആകർഷിക്കാൻ ചികിത്സാ സഹായം സർക്കാർ ഉറപ്പാക്കിയതിന്റെയും തുടർച്ചയായിട്ടാണ് ആരോഗ്യ ഇൻഷുറൻസ് പദ്ധതികൾ ജന്മം കൊള്ളുന്നത്. താഴ്ന്ന വരുമാനക്കാർക്ക് കുറഞ്ഞ പ്രീമിയത്തിൽ അവശ്യമനുസരിച്ചു ചികിത്സ ഉറപ്പാക്കുന്ന ആശ്വാസ പദ്ധതി എന്ന നിലയിൽ ആരംഭിച്ച ഇൻഷുറൻസ് സംവിധാനമാണ് ചികിത്സാ രംഗത്തെ പ്രഥമ വില്ലനായി ഇന്ന് വേഴപ്പകർച്ച നേടിയിരിക്കുന്നത്. ഇന്നുകാണുന്ന ബ്ലൂ ക്രോസ്സ് എന്ന ഇൻഷുറൻസിന്റെ പൂർവ്വരൂപം 1929 ൽ ബെയ്‌ലർ യൂണിവേഴ്സിറ്റി അവരുടെ ജീവനക്കാർക്ക് പ്രതിമാസം നൽകുന്ന നിശ്ചിത തുകക്ക് ആശുപത്രി സ്റ്റേ ഉൾപ്പെടെയുള്ള ചികിത്സകൾ വാഗ്ദാനം ചെയ്തു ആരംഭിച്ച പദ്ധതിയായിരുന്നു. ജീവനക്കാർക്ക് നൽകുന്ന ആരോഗ്യ ഇൻഷുറൻസ് പ്രീമിയത്തിന്റെ പൂർണ്ണമായതോ ഭാഗി



**വ്യാവസായികവിപ്ലവാനന്തരംരൂപംകൊണ്ട വൻകിട ഫാക്ടറികളിൽ സംഭവിക്കുന്ന തൊഴിൽബന്ധ അപകടങ്ങളും ചികിത്സാ ചെലവുകളും പരിഗണിച്ചു മുതലാളിമാർ അവിടങ്ങളിലെ തൊഴിലാളികൾക്ക് എംപ്ലോയീ ഹെൽത്ത് ബെനിഫിറ് പദ്ധതികൾ ആവിഷ്കരിച്ചതും ലോകമഹായുദ്ധത്തിൽ സൈനികരെ ആകർഷിക്കാൻ ചികിത്സാ സഹായം സർക്കാർ ഉറപ്പാക്കിയതിന്റെയും തുടർച്ചയായിട്ടാണ് ആരോഗ്യ ഇൻഷുറൻസ് പദ്ധതികൾ ജന്മം കൊള്ളുന്നത്.**




**എല്ലാ പോളിസി വ്യവസ്ഥകളും ഒരു വർഷത്തേക്ക് മാത്രമായി നിജപ്പെടുത്തുന്നതിലൂടെ അംഗങ്ങൾക്ക് കാര്യമായ തുക ചെലവാക്കാതെ പന്ത്രണ്ടു മാസം വസൂലാക്കിയ പണവും കൊണ്ട് കമ്പനികൾ കളം വിടുന്ന അവസ്ഥയുണ്ടാകുന്നു. ജീവൽ ഭീഷണിയുള്ള പല രോഗങ്ങൾക്കും സാധാരണ ഇൻഷുറൻസ് കരുതൽ നൽകാത്ത അവസ്ഥ.**

കമായാതോ ആയ വിഹിതം ഏറ്റെടുക്കാൻ തൊഴിൽ ദാതാക്കൾ തയ്യാറായതും ആ തുക നികുതിമുക്തമായി സർക്കാരുകൾ പ്രഖ്യാപിച്ചതും

ആരോഗ്യ ഇൻഷുറൻസ് രംഗത്ത് ഉണ്ടായ തുടർ മാറ്റങ്ങളായിരുന്നു. അത്തിന്റെ ഫലമായി ഇൻഷുറൻസ് എന്ന ചികിത്സാ ഗ്യാരന്റി തൊഴിൽ സംബന്ധമായ ഒരു ഉടമ്പടിയായി പരിണമിച്ചു. തൊഴിൽ നഷ്ടമോ മാറ്റമോ ഉണ്ടാകുമ്പോൾ ജീവൻ നിലനിർത്താനുള്ള ചികിത്സാ സാധ്യതകൾ പ്രതിസന്ധിയിലാകുന്ന ദുഃസ്ഥിതിയുണ്ടായി. വാർദ്ധക്യം ബാധിച്ചവർക്കും തൊഴിൽ ശേഷി നഷ്ടപ്പെട്ടവർക്കും ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി 1965 ൽ ഫെഡറൽ സർക്കാർ ആരംഭിച്ച മെഡികെയർ പദ്ധതിയിലും ക്ഷേമ പ്രവർത്തനങ്ങളിൽ നിന്നും സർക്കാരുകൾ ഒഴിഞ്ഞു മാറുന്ന പ്രവണതയുടെ ഭാഗമായ ശോഷണങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുന്നു.

പുതിയ നൂറ്റാണ്ടിന്റെ പിറവിയോടുകൂടി ഇൻഷുറൻസ് പദ്ധതികൾ കൂടുതൽ സങ്കീർണ്ണമാകുകയും വലിയ ലാഭംകൊയ്യുന്ന വ്യവസായമായി മാറുകയും ചെയ്തു.ചെറിയ ഡിഡക്ടബിൾ (രോഗി കയ്യിൽ നിന്നും കൊടുക്കേണ്ട തുക) കാണിച്ചു ഉയർന്ന പ്രീമിയവും ചെറിയ പ്രീമിയം പറഞ്ഞു വലിയ ഡിഡക്റ്റബിൾ ബാധ്യതയും പൊതുജനങ്ങളുടെ പേരിൽ അടിച്ചേൽപ്പിക്കുന്ന ദ്രോഹ നടപടികൾ സാർവ്വത്രികമായി. എല്ലാ പോളിസി വ്യവസ്ഥകളും ഒരു വർഷത്തേക്ക് മാത്രമായി നിജപ്പെടുത്തുന്നതിലൂടെ അംഗങ്ങൾക്ക് കാര്യമായ തുക ചെലവാക്കാതെ പന്ത്രണ്ടു മാസം വസൂലാക്കിയ പണവും കൊണ്ട് കമ്പനികൾ കളം വിടുന്ന അവസ്ഥയുണ്ടാകുന്നു. ജീവൽ ഭീഷണിയുള്ള പല രോഗങ്ങൾക്കും സാധാരണ ഇൻഷുറൻസ് കരുതൽ നൽകാത്ത അവസ്ഥ.

ഒരു ഭൂപ്രദേശത്തെ അതിന്റെ രാഷ്ട്രസങ്കൽപ്പത്തിലേക്കു നയിക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകം അതുൾപ്പെടുന്ന മണ്ണിലെ മനുഷ്യ വിഭവശേഷിയാണ്. ആ ശേഷിയെ സക്രിയമാക്കി നിലനിർത്തുന്നതാകട്ടെ അവരുടെ ആരോഗ്യ സംരക്ഷണവും. ആരോഗ്യ സംരക്ഷണം പ്രാഥമികമായി ഭരിക്കുന്ന സർക്കാരുകളുടെ ഉത്തരവാദിത്വമാണ്. വികസിത രാജ്യങ്ങളുടെ കൂട്ടത്തിൽ ഏറ്റവും കൂടുതൽ ചികിത്സാ ചെലവുള്ള രാജ്യം അമേരിക്കയാണ്. ഹോസ്പിറ്റൽ ബില്ലുകൾ കൂടുന്നതിന്റെ

കാരണമായി അധികാരികൾ നിരത്തുന്ന ന്യായങ്ങൾ ഇങ്ങനെയാണ്. മരുന്നുകളുടെ വിലനിർണ്ണയത്തിൽ സർക്കാർ ഇടപെടലുകൾ അസാധ്യമായതിനാൽ ആഗോള ഔഷധ വിപണിയിലെ അമേരിക്കയിലെ ഏറ്റവും ഉയർന്ന വിലനിലവാരം, നൂറുകണക്കിന് ഇൻഷുറൻസ് കമ്പനികളുമായി അവർ ഏറ്റെടുത്തിരിക്കുന്ന വ്യത്യസ്തമായ ബാധ്യതകൾ സംബന്ധിച്ച വ്യവസ്ഥകൾ ബോധ്യപ്പെടുത്തി അവരിൽനിന്നും പണം ഈടാക്കാൻ ഉണ്ടാകുന്ന ഭാരിച്ച ഭരണച്ചെലവ്, ആരോഗ്യ പ്രവർത്തകർക്ക് നൽകുന്ന ഏറ്റവും ഉയർന്ന പ്രതിഫലം, ഔഷധ നിർമ്മാണ രംഗത്തും രോഗപ്രതിരോധ മേഖലയിലും നടന്നുവരുന്ന ഗൗരവകരമായ റിസേർച്ചുകൾക്കും നവീകരണങ്ങൾക്കും നടത്തുന്ന ധനസഹായങ്ങൾ, അത്യാധുനിക യന്ത്ര സഹായങ്ങളോടെയുള്ള രോഗനിർണ്ണയം, അങ്ങനെ നീളുന്ന പട്ടികകൾ.

ഡോക്ടർമാരുമായുള്ള സാധാരണക്കാരുടെ അകലവും അപ്രാപ്യതയും, അമേരിക്കൻ പൗരന്മാരിൽ തന്നെ 27 മില്ലിയൻ ആളുകളും കുടിയേറ്റക്കാരായ പൗരത്വം ഇല്ലാത്തവരിലേറെയും അനുഭവിക്കുന്ന ഇൻഷുറൻസ് പരിരക്ഷയുടെ അഭാവവും ഈ വാർഷിക വേളയിൽ ചിന്താ വിഷയമാകുമ്പോൾ ചികിത്സാ പിഴവുകൊണ്ടോ മെഡിക്കൽ അവഗണകൊണ്ടോ അമേരിക്കയിൽ പ്രതി വർഷം മരണപ്പെടുന്ന രോഗികളുടെ എണ്ണം കാൽ മില്യണിലേറെയാണെന്നു ജോൺ ഹോപകിൻസ് ഉൾപ്പെടെയുള്ള പ്രമുഖ സർവ്വകലാശാലകളുടെ റിസേർച്ചുകൾ വ്യക്തമാക്കുന്നു. പണമില്ലെങ്കിലും ഉണ്ടെങ്കിലും അത്യാസന്ന നിലയിലുള്ള ഏതു രോഗിയുടെയും ആരോഗ്യ സ്ഥിതി സ്ഥിരതയുള്ളതാക്കാൻ അനുശാസിക്കുന്ന EMTALA

(Emergency medical Treatment and Labor Act)

എന്ന കർശന നിയമം നിലവിലുണ്ടെങ്കിലും അമേരിക്കയിൽ ഇത്തരം കുറ്റങ്ങൾ ക്രിമിനൽ പരിധിയിൽ വരുന്നില്ല. സിവിൽ കോടതി പരിഹാരം മാത്രമേ സാധ്യമാകു.അവിടെയും വീഴ്ച്ച കോടതിയെ ബോധ്യപ്പെടുത്താൻ മറ്റൊരു ഡോക്ടറെ സാക്ഷിയാക്കി (expert witness) കോടതിയിൽ എത്തിക്കേണ്ടതും പരാതിക്കാരന്റെ ബാധ്യതയാണ്.

ഒരു ജൂറിയോ ജഡ്‌ജോ മാത്രം വാദം കേൾക്കുന്ന ഇത്തരം കേസുകളിൽ ഭൂരിഭാഗവും ഇൻഷുറൻസ് കമ്പനികളും അഭിഭാഷകരും ചേർന്ന് കോടതിക്ക് പുറത്തു ഒത്തുതീർക്കുകയാണ് പതിവ് രീതി.


SPECTRUM
AUTO
Exceeding Perfection
SPECTRUM AUTO
CERTIFIED COLLISION CENTER
TESLA
APPROVED COLLISION CENTER
GOLD CLASS
PLATINUM
5.0 average rating
OEM CERTIFICATIONS
INFINITI
ACURA
Jeep
KIA
FIAT
NISSAN
SCAN ME
845 348 7777 | SPECTRUMAUTOINC.COM
175 SOUTH ROUTE 303, WEST NYACK, NY 10994



# ട്രപ് നടപ്പിലാക്കിയത് "മൺറോ സിദ്ധാന്തമോ?"

മൊയ്തീൻ പുത്തൻചിറ

2025-26 ൽ മനസ്സിൽ കൃത്രിമ ബുദ്ധി സ്ഥാപിച്ചുകൊണ്ട് അമേരിക്ക മനുഷ്യരാശിയെ അത്ഭുതപ്പെടുത്തിയപ്പോൾ, 2026 ജനുവരി 3 ന് രാത്രി വെനിസ്വേലയുടെ പ്രസിഡന്റിനെ പിടികൂടി യു എസ് സൈന്യം ലോകത്തെ ഞെട്ടിച്ചു. ഡൊണാൾഡ് ട്രംപിനെ ഇതിന് ''യജമാനൻ'' എന്ന് വിളിക്കുന്നത് വ്യർത്ഥമാണ്. യഥാർത്ഥ സത്യം ഇരുനൂറ്റമ്പത് വർഷം പഴക്കമുള്ള അമേരിക്കൻ ഭരണഘടനയിലാണ്, അസാധ്യമായത് സാധ്യമാക്കാനുള്ള ഡിഎൻഎ വ്യക്തിസ്വാതന്ത്ര്യത്തിന്റെ ആത്മാവിൽ തന്നെ ഉൾച്ചേർത്തിരിക്കുന്ന വ്യവസ്ഥയാണിത്. അസാധ്യമായത് സാധ്യമാക്കാനുള്ള അവസരം ഓരോ വ്യക്തിയും തേടുകയും പിടിച്ചെടുക്കുകയും അതിൽ നിക്ഷേപിക്കുകയും ചെയ്യുന്ന ഒരു വ്യവസ്ഥയുടെ ഘടനയാണിത്.

തീർച്ചയായും, യഥാർത്ഥ അമേരിക്കക്കാർ മരണാനന്തര ജീവിതം, പുനർജന്മം അല്ലെങ്കിൽ രക്ഷ എന്നിവയെക്കുറിച്ചുള്ള സങ്കൽപ്പങ്ങളിലൂടെ ജീവിക്കുന്നവരല്ല. അവർ വർത്തമാനകാല സത്യത്തിലാണ് ജീവിക്കുന്നത്. അമേരിക്കൻ പൗരന്മാർ അന്ധവിശ്വാസങ്ങൾ, മന്ത്രവാദം, ഭക്തി, വ്യാജം എന്നിവയിൽ നിന്ന് ഫലത്തിൽ മുക്തരാണ്. അവർ ഭൂതകാലത്തിലല്ല, ആധുനികതയിലാണ് മുന്നോട്ട് പോകാൻ ശ്രമിക്കുന്നത്.

അതുകൊണ്ട്, ഡൊണാൾഡ് ട്രംപിന്റെ അമേരിക്ക ജോർജ്ജ് ഡബ്ല്യു. ബുഷ്, ബരാക് ഒബാമ, അല്ലെങ്കിൽ പ്രസിഡന്റ് ഐസൻഹോവർ, അദ്ദേഹത്തിന്റെ സ്റ്റേറ്റ് സെക്രട്ടറി ജോൺ ഫോസ്റ്റർ ഡുള്ളസ് എന്നിവരുടെ ''ദാതാവിന്റെ സിദ്ധാന്തം'' എന്നിവയിലും വേരൂന്നിയതാണ്. സമീപകാല വെനിസ്വേലൻ എപ്പിസോഡിൽ, പ്രസിഡന്റ് നിക്കോളാസ് മഡുറോയുടെ ആഡംബരവും ശരീരഭാഷയും ധാർഷ്ട്യവും സദ്ദാം ഹുസൈൻ, കേണൽ ഗദ്ദാഫി, ഒസാമ ബിൻ ലാദൻ, ഇസ്ലാമിക് സ്റ്റേറ്റിലെ ബാഗ്ദാദി എന്നിവരെ ഓർമ്മിപ്പിക്കുന്നു, അവരെല്ലാം അധികാരത്തിന്റെയും ക്രൂരതയുടെയും യോദ്ധാക്കളായിരുന്നു.

ഹിറ്റ്ലർ ചരിത്രത്തിൽ ഒരു പൊതുനാമവുമാണ്.

യുഎസ് സൈനിക നടപടികളെക്കുറിച്ച് പറയുകയാണെങ്കിൽ റിപ്പബ്ലിക്കൻ പാർട്ടി പ്രസിഡന്റുമാർ ഈ ദൗത്യത്തിൽ കൂടുതൽ പങ്കാളികളാണെന്നത് ശരിയാണ്. പക്ഷേ, ഡെമോക്രാറ്റിക് പാർട്ടി പ്രസിഡന്റുമാരും മടിച്ചിട്ടില്ല. ട്രംപിന്റെ ഏറ്റവും പുതിയ 'ഓപ്പറേഷൻ അബ്സൊല്യൂട്ട് റിസോൾവ്' പോലെ, 'ഓപ്പറേഷൻ നെപ്റ്റ്യൂൺ സ്പിയർ' എന്ന പദ്ധതിക്ക് പ്രസിഡന്റ് ബരാക് ഒബാമ പച്ചക്കൊടി കാണിച്ചിരുന്നു. 2011 മെയ് 1-2 തീയതികളിൽ പാക്കിസ്താനിലെ അബോട്ടാബാദിൽ യുഎസ് നേവി സീൽ സംഘം നടത്തിയ 9/11 ആക്രമണത്തിന്റെ സൂത്രധാരനായ ഒസാമ ബിൻ ലാദനെ കൊല്ലാനുള്ള ഓപ്പറേഷൻ, ജനുവരി 3 ന് അർദ്ധരാത്രിയിൽ കാരക്കാസിലെ പ്രസിഡന്റ് കൊട്ടാരത്തിൽ നിക്കോളാസ് മഡുറോയെ പിടികൂടാനുള്ള സൈനിക നടപടിയുടെ അതേ രീതിയിലാണ് നടത്തിയത്.

അതുകൊണ്ട്, ഒബാമ ആയാലും ഡൊണാൾഡ് ട്രംപായാലും, അവർ ഒരു അമേരിക്കൻ സംവിധാനത്തെ പ്രതിനിധീകരിക്കുന്നു, അതിൽ ഒളിമ്പിക്സ് മെഡലുകൾ നേടുന്നത് സാധാരണമാണ്, സിലിക്കൺ വാലിയിൽ കൃത്രിമബുദ്ധി (AI) സൃഷ്ടിക്കുന്നതും സാധാരണമാണ്; നേവി സീൽ ടീമായാലും ഡെൽറ്റ ഫോഴ്സായാലും സിഐഎ ആയാലും, എല്ലാവരും അവരുടെ കഴിവുകളോട് ഒരു അഭിനിവേശം പുലർത്തുന്നു, അത് വ്യക്തിഗത അഭിനിവേശം, ടീം വർക്ക് എന്നിവയിലൂടെ വളർത്തിയെടുക്കുന്നു, അത് നടപ്പിലാക്കാൻ ലക്ഷ്യവും ആജ്ഞയും ആവശ്യമാണ്.

അത്തരമൊരു അഭിനിവേശമുള്ള മറ്റൊരു രാജ്യം ഇസ്രായേൽ ആണ്. ജൂത ജനതയുടെ ചരിത്രബോധവും ദൃഢനിശ്ചയവുമാണ് ഇസ്രായേൽ അതിന്റെ നിലനിൽപ്പിന് കടപ്പെട്ടിരിക്കുന്നത്. 1948-ൽ രൂപീകൃതമായതു മുതൽ, വ്യക്തിസ്വാതന്ത്ര്യത്തിന്റെ ശക്തിയിലൂടെ, പ്രധാനമന്ത്രി ആരായാലും, അറിയപ്പെടുന്ന ഭീഷണികളെക്കുറിച്ച് ഒരിക്കലും അലംഭാവം കാണിക്കാത്ത വിധത്തിലാണ് ഇസ്രായേൽ അതിന്റെ പൗരന്മാരെയും വ്യവസ്ഥയെയും രൂപപ്പെടുത്തിയത്. ഇസ്രായേൽ സംവിധാനവും പരിശോധനകൾക്കും സന്തുലിതാവസ്ഥകൾക്കും വിധേയമാണ്. അത് നെതന്യാഹു ആയാലും മറ്റേതെങ്കിലും പ്രധാനമന്ത്രി ആയാലും, അവർ ഒരിക്കലും സ്ഥാപനങ്ങളുടെയും സംവിധാനങ്ങളുടെയും സ്വാതന്ത്ര്യത്തെയും ചൈതന്യത്തെയും അടിച്ചമർത്തുന്നില്ല. അതുകൊണ്ടാണ് ലോക രാഷ്ട്രീയത്തിലെ നേതാക്കളെന്ന നിലയിൽ ഈ രണ്ട് രാജ്യങ്ങളും മറ്റെല്ലാവരെയും ധിക്കരിക്കുന്നത്. അവർ ആഗ്രഹിക്കുന്നതെന്തും ചെയ്യുന്നു, ആരെങ്കിലും അതിനെ ഭീഷണിപ്പെടുത്തൽ അല്ലെങ്കിൽ ഗുണ്ടായിസം എന്ന് വിളിച്ചാലും അവർക്കതൊരു പ്രശ്നമല്ല! ട്രംപിന്റെ ആജ്ഞ പ്രകാരമാണ് നെതന്യാഹു ഓരോ ചുവടു വെയ്പും നടത്തുന്നത്. അതുപോലെ തിരിച്ചും.



2025 ജനുവരി മുതൽ ജനുവരി 3 ലെ ഏറ്റവും പുതിയ സംഭവങ്ങൾ വരെ, ഡൊണാൾഡ് ട്രംപ് തന്റെ ഏകപക്ഷീയതയാൽ സവിശേഷമാണ്. ഇത് അമേരിക്കൻ സ്വത്വത്തിന് കേടുപാടുകൾ വരുത്തി, അമേരിക്കയ്ക്കുള്ളിൽ ഒരു രാഷ്ട്രീയ വിഭജനവും സൃഷ്ടിച്ചു. എന്നാൽ, അമേരിക്കൻ താൽപ്പര്യങ്ങളുടെ മാനദണ്ഡങ്ങൾ പരിഗണിക്കുകയാണെങ്കിൽ, സാമ്പത്തികശാസ്ത്രം, സൈനിക ശേഷി, സംരംഭകത്വം, സാമൂഹിക ഘടന, മുതലാളിത്തം തുടങ്ങിയ എല്ലാ പാരാമീറ്ററുകളിലും ട്രംപിന്റെ തീരുമാനങ്ങൾ ശരിയാണ്. വ്യത്യാസം ഭാഷയിലും രീതിയിലുമാണ്; നയതന്ത്രമല്ല ബിസിനസ് തന്ത്രമാണ് തന്റെ തുറുപ്പു ചീട്ട് എന്ന് അദ്ദേഹത്തിന്റെ വാക്കുകളും ശരീര ഭാഷയും കണ്ടാൽ മനസ്സിലാകും. ദേശീയ താൽപ്പര്യം മുൻനിർത്തിയുള്ള അദ്ദേഹത്തിന്റെ ആഗോള തീരുമാനങ്ങളെ (താരിഫ് യുദ്ധങ്ങൾ, ചൈനയെ കർശനമാക്കൽ, യൂറോപ്യൻ രാജ്യങ്ങളുടെ സുരക്ഷാ ചെലവുകളുടെ ഭാരം കുറയ്ക്കൽ, അയൽരാജ്യങ്ങളായ



ദക്ഷിണ അമേരിക്കൻ രാജ്യങ്ങളിൽ, അതായത് പടിഞ്ഞാറൻ അർദ്ധഗോളത്തിൽ) അമേരിക്കയിലെ ആരെങ്കിലും എതിർക്കാത്തത് എന്തുകൊണ്ട്?

വെനിസ്വേലയുടെ സ്വേച്ഛാധിപത്യ പ്രസിഡന്റിനെ പുറത്താക്കിയ ശേഷം ട്രംപ് പ്രഖ്യാപിച്ചു, ''ഇനി മുതൽ, പടിഞ്ഞാറൻ അർദ്ധഗോളത്തിലെ അമേരിക്കൻ ആധിപത്യം ഇനി ഒരിക്കലും ചോദ്യം ചെയ്യപ്പെടില്ല. വളരെക്കാലം, *മൺറോ സിദ്ധാന്തം നടപ്പിലാക്കുന്നതിൽ അമേരിക്ക അശ്രദ്ധയായിരുന്നു. ഇനി അങ്ങനെയാകില്ല.'' ലാറ്റിൻ അമേരിക്കയിൽ നിന്ന് വിദേശ ശക്തികളെ അകറ്റി നിർത്തുക എന്നതാണ് മൺറോ സിദ്ധാന്തത്തിന്റെ ലക്ഷ്യം എന്ന് ഓർമ്മിക്കുക. അതിനർത്ഥം മുതലാളിത്ത അമേരിക്കയ്ക്ക് സോവിയറ്റ് യൂണിയന്റെയോ റഷ്യയുടെയോ ഇടതുപക്ഷക്കാരുടെയോ സ്വാധീനം അതിന്റെ പിൻമുറ്റത്തോ അയൽപക്കത്തോ സഹിക്കാൻ കഴിയില്ല എന്നാണ്. ഈ നയം കാരണം, പത്തൊൻപതാം നൂറ്റാണ്ടിൽ, പനാമ, നിക്കരാഗ്വ, ക്യൂബ, ബൊളീവിയ, ചിലി, അർജന്റീന തുടങ്ങിയ രാജ്യങ്ങളിൽ യുഎസ് ഇടപെട്ട് സർക്കാരുകൾ മാറ്റി, വലതുപക്ഷ സർക്കാരുകൾ സ്ഥാപിച്ചു. ശീതയുദ്ധകാലത്ത്, യുഎസും സോവിയറ്റ് യൂണിയനും ക്യൂബയെച്ചൊല്ലി ഏറ്റുമുട്ടി, സോവിയറ്റ് യൂണിയൻ അത് സമ്മതിക്കുകയും ക്യൂബയിൽ നിന്ന് മിസൈലുകൾ നീക്കം ചെയ്യുകയും ചെയ്തു.

ആ കാലം തിരിച്ചുവന്നിരിക്കുന്നു. ആവശ്യമെങ്കിൽ സൈന്യത്തെ വിന്യസിച്ചുകൊണ്ട് പോലും അമേരിക്ക വെനിസ്വേലയെ ''ഭരിക്കുമെന്ന്'' ട്രംപ് പ്രഖ്യാപിച്ചു. ലോകത്തിലെ ഏറ്റവും വലിയ എണ്ണ ശേഖരം വെനിസ്വേലയിലാണ്. അവരുടെ കമ്പനികൾ ''അതിശക്തമായ സമ്പത്ത്'' വേർതിരിച്ചെടുക്കും. അമേരിക്കക്കാരും വെനിസ്വേലക്കാരും ഒരുപോലെ സമ്പന്നരാകും. കൊളംബിയയെയും ക്യൂബയെയും ട്രംപ് ഭീഷണിപ്പെടുത്തിയിട്ടുണ്ട്. കൊളംബിയൻ പ്രസിഡന്റ് ഗുസ്താവോ പെട്രോ ''കൊക്കെയ്ൻ ഉത്പാദിപ്പിക്കുകയും'' അത് ''യുഎസിലേക്ക് അയയ്ക്കുകയും'' ചെയ്യുന്നതായി അദ്ദേഹം ആരോപിക്കുന്നു. സ്വയം സംരക്ഷിക്കാൻ അവർക്ക് മുന്നറിയിപ്പ് നൽകിക്കഴിഞ്ഞു.

ട്രംപിന്റെ ഈ വിളംബരം ലോക ചരിത്രത്തിൽ എപ്പോഴേ എഴുതിച്ചേർത്തതാണ്. അമേരിക്കൻ താല്പര്യത്തിന് എതിരു നിൽക്കുന്നവരെ, അവർ എത്ര വമ്പന്മാരായാലും, അടിച്ചമർത്തപ്പെടുമെന്നതിന്റെ ഉദാഹരണമാണ് ഇറാൻ, ചിലി, ഗ്വാട്ടിമാല, കോംഗോ, ഇന്തോനേഷ്യ, അർജന്റീന, ഹെയ്ത്തി എന്നീ രാജ്യങ്ങൾക്കുമേൽ അമേരിക്കൻ സൈന്യം അല്ലെങ്കിൽ ഭരണകൂടം നടത്തിയ അട്ടിമറികൾ. ഇപ്പോൾ വെനിസ്വേലയിൽ നടത്തിയ അട്ടിമറി പോലെയാണ് മേല്പറഞ്ഞ രാജ്യങ്ങളിലും അമേരിക്കൻ ഭരണകൂടം നടത്തിയത്. ''വെടക്കാക്കി തനിയ്ക്കാക്കുക'' എന്ന തന്ത്രം. അതായത് ആരാന്റെ മുതലിനെ പാര വെച്ച് ചുളുവിൽ സ്വന്തമാക്കുക. അവിടങ്ങളിലെ ധാതു സമ്പത്ത് കൈക്കലാക്കാനുള്ള ദുഷ്ട ലാക്കോടെ ജനാധിപത്യപര

മായി തിരഞ്ഞെടുക്കപ്പെട്ട ഭരണകൂടത്തെ അട്ടിമറിച്ച് തങ്ങൾക്ക് അനുകൂലമായവരെ അവരോധിക്കുന്ന പ്രവണത ഇപ്പോൾ വെനിസ്വേലയിൽ എത്തി നിൽക്കുന്നു. ഇനിയുമുണ്ട് ട്രംപ് നോട്ടമിട്ടിരിക്കുന്ന പല രാജ്യങ്ങളും (കൊളംബിയ, ക്യൂബ, ബ്രസീൽ, ഗ്രീൻലാൻഡ്, കാനഡ എന്നിവ ഉദാഹരണം).

**ലോക രാഷ്ട്രീയത്തിൽ, എല്ലാ ശക്തരായ ശക്തികളും സ്വന്തം പ്രദേശത്ത് ആധിപത്യം സ്ഥാപിക്കാൻ ശ്രമിച്ചിട്ടുണ്ട്. അതുകൊണ്ടാണ് റഷ്യയുടെ പുടിൻ ഉക്രെയ്നിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചത്. അതുപോലെ, ചൈനയും തങ്ങളുടെ സ്വാധീന മേഖലയ്ക്കായി വാശി പിടിക്കുന്നു. ദക്ഷിണേഷ്യയിൽ ഇന്ത്യയുടെ താൽപ്പര്യങ്ങൾ അയൽ രാജ്യങ്ങളുടെ മേൽ സ്വാധീനം നിലനിർത്തുന്നതിലും പുറത്തുനിന്നുള്ള സ്വാധീനം, പ്രത്യേകിച്ച് ചൈനയെ, അകറ്റി നിർത്തുന്നതിലുമാണ്.**

ലോക രാഷ്ട്രീയത്തിൽ, എല്ലാ ശക്തരായ ശക്തികളും സ്വന്തം പ്രദേശത്ത് ആധിപത്യം സ്ഥാപിക്കാൻ ശ്രമിച്ചിട്ടുണ്ട്. അതുകൊണ്ടാണ് റഷ്യയുടെ പുടിൻ ഉക്രെയ്നിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചത്. അതുപോലെ, ചൈനയും തങ്ങളുടെ സ്വാധീന മേഖലയ്ക്കായി വാശി പിടിക്കുന്നു. ദക്ഷിണേഷ്യയിൽ ഇന്ത്യയുടെ താൽപ്പര്യങ്ങൾ അയൽ രാജ്യങ്ങളുടെ മേൽ സ്വാധീനം നിലനിർത്തുന്നതിലും പുറത്തുനിന്നുള്ള സ്വാധീനം, പ്രത്യേകിച്ച് ചൈനയെ, അകറ്റി നിർത്തുന്നതിലുമാണ്. എന്നാൽ, ഇന്ത്യയുടെ സംവിധാനം ദുർബലവും വഞ്ചനാപരവുമാണ്; അതിനാൽ, ചൈനയെ വെല്ലുവിളിക്കാനോ സ്വന്തം പ്രദേശത്ത് അതിന്റെ സ്ഥാനം ഉറപ്പിക്കാനോ അതിന് ശക്തിയില്ല. ലാൽ ബഹാദൂർ ശാസ്ത്രിയും ഇന്ദിരാഗാന്ധിയും (അവരുടെ നേതൃത്വത്തിലാണ് ലോകം അവരുടെ യഥാർത്ഥ സൈനിക കഴിവുകൾ തിരിച്ചറിഞ്ഞത്) ഒഴികെ, ഇന്ത്യയുടെ സംവിധാനവും പ്രധാനമന്ത്രിമാരും പ്രതിരോധത്തിലായിട്ടുണ്ട് അല്ലെങ്കിൽ പരസ്യമായി ധീരതയും വീര്യവും പ്രകടിപ്പിച്ചിട്ടുണ്ട്.



ഉഗാണ്ടയിലെ ഒരു വിമാനത്താവളത്തിൽ നിന്ന് സാധാരണക്കാരെ രക്ഷപ്പെടുത്താനുള്ള ഇസ്രായേലി ഓപ്പറേഷനെക്കുറിച്ചോ, പാക്കിസ്താനിൽ തീവ്രവാദികളെ കൊലപ്പെടുത്തി ഇറാനിയൻ ആണവ കേന്ദ്രങ്ങൾ ആക്രമിച്ചതിനെക്കുറിച്ചോ, വെനിസ്വേലയുടെ ഏറ്റവും പുതിയ ''ഓപ്പറേഷൻ അബ്സൊല്യൂട്ട് റിസോൾവിന്റെ'' ഫലങ്ങളെക്കുറിച്ചോ ഓർക്കുക. ഇനി, പ്രധാനമന്ത്രി മോദിയുടെ 56 ഇഞ്ച് നെഞ്ചിന്റെ നേതൃത്വത്തിൽ നടത്തിയ ഓപ്പറേഷനുകൾ പരിഗണിക്കുക? കഥകളും ഉപകഥകളും സിനിമകളും ഏറെയുണ്ട്... പക്ഷേ ഫലമൊന്നുമില്ല. കഴിഞ്ഞ പതിനൊന്ന് വർഷത്തിനിടയിൽ, ഉറി ക്യാമ്പിലേക്കുള്ള നുഴഞ്ഞുകയറ്റത്തിന് ഇന്ത്യ സാക്ഷ്യം വഹിച്ചു. പുൽവാമയിലെ ഭീകരാക്രമണം ഭയാനകമായിരുന്നു; പഹൽഗാമിലെ കൊലപാതകങ്ങൾ ക്രൂരമായിരുന്നു... എന്നിട്ടും ഈ സംഭവങ്ങളിലെ ഒരു കുറ്റവാളി പോലും, ഒരു തീവ്രവാദിയും ഇന്ത്യൻ ജയിലിൽ ഇല്ല. പകരം എല്ലാം 'രഹസ്യമായി' വെച്ചിരിക്കുന്നു. ആരെങ്കിലും അതേക്കുറിച്ച് അന്വേഷിച്ചാൽ/ചോദിച്ചാൽ അവരെ 'രാജ്യദ്രോഹി'യായി മുദ്ര കുത്തി വിചാരണ കൂടാതെ ജയിലിലടയ്ക്കുന്നു. അതേസമയം, കൊക്കെയ്ൻ വിതരണം ആരോപിച്ച് വെനിസ്വേലൻ പ്രസിഡന്റിനെ അറസ്റ്റ് ചെയ്ത് ന്യൂയോർക്ക് കോടതിയിൽ ഹാജരാക്കാൻ ട്രംപിന്റെ പട്ടാളം പോകുന്നു; വെനിസ്വേലൻ പ്രസിഡന്റിനെയും ഭാര്യയേയും ചങ്ങലയ്ക്കിട്ട് രായ്ക്ക് രാമാനം ന്യൂയോർക്കിലെ തടവു കേന്ദ്രത്തിൽ അടച്ചു; ആണവ ഭീഷണിയുടെ പേരിൽ ഇറാന്റെ ആണവ കേന്ദ്രങ്ങൾ നിലംപരിശാക്കി. ഇന്ത്യയിലെ ശക്തമായ ഏജൻസി

കൾക്കും വിദഗ്ധർക്കും ദാവൂദ് ഇബ്രാഹിമിനെയോ ഇന്ത്യയിലെ ഭീകര സംഭവങ്ങൾക്ക് ഉത്തരവാദികളായ തീവ്രവാദികളെയോ പാക്കിസ്താനിൽ നിന്നുള്ള മൗലാന മസൂദ് അസ്ഹർ, ഹാഫിസ് സയീദ്, ലഖ്വി, കസ്കർ എന്നിവരെയോ അറസ്റ്റ് ചെയ്ത് ജയിലിലടയ്ക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല.

യുഎസ് ഏജൻസികളും സ്ഥാപനങ്ങളും ഉറച്ചതാണെങ്കിൽ, ഫലങ്ങൾ യഥാർത്ഥവും മൂർത്തവുമായിരിക്കും. വെനിസ്വേലൻ പ്രവർത്തനത്തിന്റെ പ്രത്യാഘാതങ്ങൾ ചൈനയെയും റഷ്യയെയും അവരുടെ നിലപാടിനെയും പരീക്ഷിക്കും. ഇരു രാജ്യങ്ങളും പരിഭ്രാന്തിയിലാകും. ബാറ്ററികളുടെയോ ഇവി വാഹനങ്ങളുടെയോ ഉത്പാദനത്തിലൂടെ ആഗോള വിപണിയിൽ ചൈന നിലവിൽ ആസ്വദിക്കുന്ന ആധിപത്യത്തിന് ഭീഷണിയാകാം. അതിന്റെ അസംസ്കൃത വസ്തുക്കളിൽ ഭൂരിഭാഗവും ലിഥിയം, നിക്കൽ, കൊബാൾട്ട്, ഗ്രാഫൈറ്റ് തെക്കേ അമേരിക്കൻ ഖനികളിൽ നിന്നാണ് (ചിലി, അർജന്റീന, ബൊളീവിയ എന്നിവിടങ്ങളിലെ ''ലിഥിയം ട്രയാംഗിൾ'', ബ്രസീലിലെ ''ലിഥിയം വാലി'') ലഭിക്കുന്നത്. അതിനാൽ, ട്രംപ് ഭരണകൂടം അവരുടെ ശക്തി ഉപയോഗിച്ച് ചൈനീസ് വിതരണത്തെ തടസ്സപ്പെടുത്തുന്നതിൽ അത്ഭുതപ്പെടാനില്ല. യുഎസ് വിദേശ, പ്രതിരോധ നയങ്ങളിൽ *''മൺറോ സിദ്ധാന്തം'' നടപ്പിലാക്കാനുള്ള ദൃഢനിശ്ചയം മൂർത്തമായാൽ, ഏറ്റവും കൂടുതൽ ബാധിക്കപ്പെടുന്നത് ചൈനയെയായിരിക്കും.

ചൈന നിശബ്ദമായി തെക്കേ അമേരിക്കയെ വളഞ്ഞിരിക്കുകയാണ്. ബ്രിക്സ് വഴി ചൈനയുമായി ബ്രസീലിയൻ പ്രസിഡന്റ് ലുല വളർത്തിയെടുത്ത ബന്ധത്തെക്കുറിച്ച് ട്രംപ് ഭരണകൂടം ആശങ്കാകുലരാണ്. തൽഫലമായി, 2026 ൽ കൊളംബിയയ്ക്കും ക്യൂബയ്ക്കും പിന്നാലെ ബ്രസീലും ട്രംപ് ഭരണകൂടത്തിന്റെ ലക്ഷ്യമാകും. അതേസമയം, ഇറാന്റെ ആയത്തുള്ള ഭരണകൂടത്തെ പ്രതിഷേധക്കാർക്കെതിരെ വെടിയുതിർക്കരുതെന്ന് ട്രംപ് ഭീഷണിപ്പെടുത്തിയിട്ടുണ്ട്; അല്ലാത്തപക്ഷം, അവിടെയും കടന്നു ചെല്ലാൻ യുഎസ് മടിക്കില്ല. ഇസ്രായേലും സുന്നി ഭൂരിപക്ഷ ഗൾഫ് അറബ് രാജ്യങ്ങളും എല്ലാം ചേർന്ന് ട്രംപ് ഭരണകൂടം ഷിയകളുടെ ഇറാനെതിരെ നടപടിയെടുക്കണമെന്ന് ആഗ്രഹിക്കുമെന്ന് വിശ്വസിക്കാതിരിക്കാൻ കഴിയില്ല.

ഇറാനും റഷ്യയെയും ചൈനയെയും ആശ്രയിച്ചിരിക്കുന്നു എന്നതിനാൽ വെനിസ്വേലയെപ്പോലെ അമേരിക്ക ഇറാനെ ഏറ്റെടുത്താൽ, ലോക രാഷ്ട്രീയത്തിൽ സങ്കൽപ്പിക്കാനാവാത്ത കോളിളക്കം സൃഷ്ടിക്കും. പാക്കിസ്താൻ, ഇന്ത്യ, റഷ്യ, ദക്ഷിണേഷ്യ എല്ലാവരും ബാധിക്കപ്പെടും. അതിനാൽ, 2026 ന്റെ ആരംഭം അസാധാരണമാണ്. വെനിസ്വേലയിലെ യുഎസ് സൈനിക നടപടിയെക്കുറിച്ച് ലോകം എന്ത് പറഞ്ഞാലും നിലവിളിച്ചാലും ട്രംപിനെ തടയാനാവില്ല. കഴിഞ്ഞ വർഷം, വ്യാപാര-സാമ്പത്തിക രംഗത്ത് അദ്ദേഹം ലോകത്തെ മുറിവേൽപ്പിച്ചു; ഈ വർഷം, തന്ത്രപരവും ഭൗമരാഷ്ട്രീയവുമായ രംഗത്ത് അദ്ദേഹം അത്ഭുതപ്പെടുത്തുകയും അസ്വസ്ഥമാക്കുകയും ചെയ്യും. ശ്രദ്ധിക്കുക ആർക്കും ഒന്നും ചെയ്യാൻ കഴിയില്ല. അമേരിക്കൻ വ്യവസ്ഥയ്ക്ക് ഒരു പരിഹാരവുമില്ലാത്തതിനാലാണിത്.

++++++++++++++++++++++

*യൂറോപ്യൻ കൊളോണിയലിസത്തെയും പടിഞ്ഞാറൻ അർദ്ധഗോളത്തിലെ ഇടപെടലിനെയും എതിർക്കുന്ന ഒരു യുഎസ് വിദേശനയമാണ് മൺറോ സിദ്ധാന്തം, ഇത് അതിനെ ഒരു പ്രത്യേക സ്വാധീന മേഖലയായി പ്രഖ്യാപിക്കുന്നു. 1823-ൽ പ്രസിഡന്റ് ജെയിംസ് മൺറോ പ്രഖ്യാപിച്ച അതിന്റെ പ്രധാന ലക്ഷ്യങ്ങൾ, യൂറോപ്യൻ ശക്തികൾ അമേരിക്കയുടെ കാര്യങ്ങളിൽ ഇടപെടരുത്, യൂറോപ്യൻ രാജ്യങ്ങളുടെ ഭാവി കോളനിവൽക്കരണത്തിന് ഭൂഖണ്ഡങ്ങൾ തുറന്നിട്ടില്ല, യുഎസ് യൂറോപ്യൻ കാര്യങ്ങളിൽ ഇടപെടില്ല എന്നതാണ്. പകരമായി സ്വതന്ത്രരായ ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളെ സംരക്ഷിക്കുകയും മേഖലയിൽ യുഎസ് ആധിപത്യം സ്ഥാപിക്കുകയും ചെയ്യുക എന്നതായിരുന്നു നയത്തിന്റെ പ്രാഥമിക ധർമ്മം.

**വെനിസ്വേലയിലെ യുഎസ് സൈനിക നടപടിയെക്കുറിച്ച് ലോകം എന്ത് പറഞ്ഞാലും നിലവിളിച്ചാലും ട്രംപിനെ തടയാനാവില്ല. കഴിഞ്ഞ വർഷം, വ്യാപാര-സാമ്പത്തിക രംഗത്ത് അദ്ദേഹം ലോകത്തെ മുറിവേൽപ്പിച്ചു; ഈ വർഷം, തന്ത്രപരവും ഭൗമരാഷ്ട്രീയവുമായ രംഗത്ത് അദ്ദേഹം അത്ഭുതപ്പെടുത്തുകയും അസ്വസ്ഥമാക്കുകയും ചെയ്യും.**

# ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക (IPCNA) ഡാളസ് ചാപ്റ്റർ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു




ഡാളസ് : ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക (IPCNA) ഡാളസ് ചാപ്റ്ററിന്റെ 2026–27 വർഷത്തേക്കുള്ള പുതിയ ഭാരവാഹികൾ ഔദ്യോഗികമായി ചുമതലയേറ്റു. സജി സ്റ്റാർലൈൻ (പ്രസിഡന്റ്), ജോസ് പ്ലാക്കാട്ട് (വൈസ് പ്രസിഡന്റ്), സുധ പ്ലാക്കാട്ട് (സെക്രട്ടറി), മാർട്ടിൻ വിലങ്ങോലിൽ (ജോയിന്റ് സെക്രട്ടറി), തോമസ് കോശി (ട്രഷറർ) എന്നിവരാണ് വരും വർഷങ്ങളിൽ സംഘടനയെ നയിക്കുന്നത്.

ഏഷ്യാനെറ്റ് ന്യൂസ് 'അമേരിക്ക ഈ ആഴ്ച' പ്രോഗ്രാമിന്റെ ഡാളസ് ഏരിയ പ്രൊഡക്ഷൻ ഹെഡും കഴിഞ്ഞ മുപ്പതു വർഷത്തോളമായി ദൃശ്യമാധ്യമ രംഗത്ത് സജീവമായി പ്രവർത്തിക്കുകയും ചെയ്യുന്ന സജി സ്റ്റാർലൈൻ ആണ് ചാപ്റ്ററിന്റെ പുതിയ പ്രസിഡന്റ്. ഏഷ്യാനെറ്റ് ഡട വീക്കിലി റൗണ്ടപ്പ് ഡാളസ് ഏരിയ പ്രൊഡക്ഷൻ ഹെഡ്, IPCNA ഡാളസ് ചാപ്റ്റർ സെക്രട്ടറി എന്നീ നിലകളിൽ ഉള്ള പ്രവർത്തി പരിചയവും മുതൽകൂട്ടായി ഉണ്ട് . കൈരളി ന്യൂസ് ഡാളസ് പ്രൊഡക്ഷൻ ഹെഡ് ആയി വർഷങ്ങളായി സേവനമനുഷ്ഠിക്കുന്ന ജോസ് പ്ലാക്കാട്ട് വൈസ് പ്രസിഡന്റായും, സുധ പ്ലാക്കാട്ട് (കൈരളി റിപ്പോർട്ടർ ആൻഡ് ന്യൂസ് റീഡർ ഡാളസ്യു,) സെക്രട്ടറിയായും തിരഞ്ഞെടുക്കപ്പെട്ടു.

ട്രഷറർ ആയി തിരഞ്ഞെടുക്കപ്പെട്ട തോമസ് കോശിയും വർഷങ്ങളായി ദൃശ്യമാധ്യമ രംഗത്ത് ശ്രദ്ധേയനാണ്. അമേരിക്കയിലെ ഓൺലൈൻ മാധ്യമ രംഗത്ത് പ്രവർത്തനപരിചയവും, സംഘടനയുടെ മുൻകാല ഭാരവാഹിയുമാണ് ജോയിന്റ് സെക്രട്ടറി ജോസഫ് മാർട്ടിൻ വിലങ്ങോലിൽ.

നോർത്ത് അമേരിക്കയിലെ മലയാളി മാധ്യമപ്രവർത്തകരുടെ കൂട്ടായ്മയായ IPCNA-യുടെ ഡാളസ് ചാപ്റ്റർ വരും വർഷങ്ങളിൽ കൂടുതൽ ക്രിയാത്മകമായ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുമെന്ന് പുതിയ ഭാരവാഹികൾ അറിയിച്ചു. മാധ്യമരംഗത്തെ ദീർഘകാലത്തെ പ്രവൃത്തിപരിചയമുള്ള പുതിയ നേതൃത്വം ചാപ്റ്ററിന്റെ പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം നൽകുമെന്ന് ചടങ്ങിൽ പങ്കെടുത്തവർ ആശംസിച്ചു.

# കെ.എച്ച്.എൻ.എ ടെന്നസി റീജിയണൽ വൈസ് പ്രസിഡന്റായി ആശാ പതിയേരിയെ നാമനിർദേശം ചെയ്തു




നാഷ്‌വിൽ: നോർത്ത് അമേരിക്കയിലെ മലയാളി ഹിന്ദുക്കളുടെ കേന്ദ്ര സംഘടനയായ കെ.എച്ച്.എൻ.എ (KHNA) യുടെ ടെന്നസി റീജിയണൽ വൈസ് പ്രസിഡന്റായി (RVP) ആശാ പതിയേരിയെ നാമനിർദേശം ചെയ്തു. സംഘടനയുടെ പ്രവർത്തനങ്ങൾ ടെന്നസി മേഖലയിൽ കൂടുതൽ കരുത്തുറ്റതാക്കുന്നതിന്റെ ഭാഗമായാണ് സാംസ്കാരിക-സാമൂഹിക രംഗത്തെ സജീവ സാന്നിധ്യമായ ആശയെ ഈ ഉത്തരവാദിത്തം ഏൽപ്പിച്ചത്.

നാഷ്‌വില്ലിലെ 'നിർമാല്യം' സത്സംഗ ഗ്രൂപ്പിന്റെ സ്ഥാപക അംഗങ്ങളിൽ ഒരാളായ അവർ, ടെന്നസിയിലെ മലയാളി ഹിന്ദുക്കളുടെ കൂട്ടായ്മയായ 'അത്മ' (ATHMA - All Tennessee Hindu Malayalee Association) രൂപീകരിക്കുന്നതിലും നിർണ്ണായക പങ്കുവഹിച്ചു. 2024-ൽ അന്നത്തെ കെ.എച്ച്.എൻ.എ പ്രസിഡന്റായിരുന്ന ഡോ. നിഷ പിള്ളയാണ് 'അത്മ'യുടെ ഉദ്ഘാടനം നിർവഹിച്ചത്. മുൻപ് 2021-2023 കാലയളവിൽ കെ.എച്ച്.എൻ.എ നാഷ്‌വിൽ ആർ.വി.പി ആയും, 2023-2025 കാലയളവിൽ ടെന്നസി സ്റ്റേറ്റ് വൈസ് പ്രസിഡന്റായും ആശാ പതിയേരി സ്തുത്യർഹമായ സേവനം കാഴ്ചവെച്ചിട്ടുണ്ട്.

കോഴിക്കോട് കൊയിലാണ്ടി സ്വദേശിനിയായ ആശാ പതിയേരി നിലവിൽ നാഷ്‌വില്ലിലാണ് താമസം. വെറ്ററൻസ് അഫയേഴ്സിൽ (Veterans Affairs) ഗ്യാസ്ട്രോ എന്ററോളജി നഴ്സായി ജോലി ചെയ്യുന്ന അവർ ഔദ്യോഗിക രംഗത്തും മികച്ച പ്രവർത്തനം കാഴ്ചവെക്കുന്നു. അനിൽ പതിയേരിയാണ് ഭർത്താവ്. മകൾ കല്ല്യാണി പതിയേരി. സനാതന ധർമ്മവും സാംസ്കാരിക പൈതൃകവും വരുംതലമുറകളിലേക്ക് പകർന്നു നൽകുക എന്നതും, ആ മൂല്യങ്ങൾ സമൂഹത്തിന് വഴികാട്ടിയാവുക എന്നതുമാണ് തന്റെ ലക്ഷ്യമെന്ന് അവർ വ്യക്തമാക്കി.

ആശാ പതിയേരിയുടെ സംഘാടക മികവും അനുഭവസമ്പത്തും സംഘടനയുടെ വരുംകാല പ്രവർത്തനങ്ങൾക്ക് വലിയ ഊർജ്ജമാകുമെന്ന് കെ.എച്ച്.എൻ.എ പ്രസിഡന്റ് ടി. ഉണ്ണികൃഷ്ണൻ പറഞ്ഞു. 'സംഘടനയുടെ വിവിധ തലങ്ങളിൽ പ്രവർത്തിച്ചുള്ള ആശയുടെ പരിചയസമ്പത്ത് കെ.എച്ച്.എൻ.എയ്ക്ക് വലിയൊരു കരുത്താണ്. ടെന്നസി മേഖലയിൽ നമ്മുടെ സാംസ്കാരിക പ്രവർത്തനങ്ങളെ പുതിയ തലങ്ങളിലേക്ക് എത്തിക്കാൻ അവരുടെ നേതൃത്വത്തിന് സാധിക്കും,' എന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

ജനറൽ സെക്രട്ടറി സിനു നായർ, ട്രഷറർ അശോക് മേനോൻ, വൈസ് പ്രസിഡന്റ് സഞ്ജീവ് കുമാർ, ജോയിന്റ് സെക്രട്ടറി ശ്രീകുമാർ ഹരിലാൽ, ജോയിന്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള, ബോർഡ് ഓഫ് ഡയറക്ടേഴ്സ്, ട്രസ്റ്റീ ബോർഡ് എന്നിവരും ആശാ പതിയേരിക്ക് ആശംസകൾ നേർന്നു.


Spice Village
TODDY SHOP
കള്ള് ഷാപ്പ്
ഷാപ്പിലെ കറികളും
നല്ല നാടൻ കള്ളും
Kallummakkaya (കല്ലുമ്മക്കായ)
Duck Mappas (താറാവ് മപ്പാസ്)
Meen Curry (മീൻകറി)
Mathi Varuthathu (മത്തി വറുത്തത്)
Beef Coconut Fry (പോത്ത് ഉലർത്ത്)
Crab Roast (ഞണ്ട് റോസ്റ്റ്)
Kappa (കപ്പ)
Idiyappam/Paratha (ഇടിയപ്പം പറോട്ട)
വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ 5–10 PM
8 Columbus Avenue, Tuckahoe, NY.
+1 (914) 779-5400 spicevillageny@gmail.com
www.spicevillageny.com

# പമ്പ അസോസിയേഷനിൽ അലക്സ് തോമസ്, സുമോദ് നെല്ലിക്കാല, ജോയ് തട്ടാർകുന്നേൽ നയിക്കുന്ന ഭരണസമിതി



**Alex Thomas**
**President**

**Sumodh Thomas Nellikala**
**General Secretary**

**Joy Thattarkunnel**
**Treasurer**

സുമോദ് തോമസ് നെല്ലിക്കാല

ഫിലാഡൽഫിയ: പെൻസിൽവാനിയ അസോസിയേഷൻ ഓഫ് മലയാളി പ്രോസ്പിരിറ്റി ആൻഡ് അഡ്വാൻസ്മെന്റ് (പമ്പ) അസോസിയേഷന്റെ പുതിയ പ്രസിഡന്റായി അലക്സ് തോമസ്, വൈസ് പ്രസിഡന്റായി ജോർജ് ഓലിക്കൽ എന്നിവരെ തിരഞ്ഞെടുത്തു. സുമോദ് തോമസ് നെല്ലിക്കാല ജനറൽ സെക്രട്ടറിയായും അഭിലാഷ് ജോൺ അസോസിയേറ്റ് സെക്രട്ടറിയായും ചുമതലയേറ്റു.

ട്രഷററായി ജോയ് തട്ടാർകുന്നേൽ, അസോസിയേറ്റ് ട്രഷററായി തോമസ് പോൾ, അക്കൗണ്ടന്റായി ഫിലിപ്പോസ് ചെറിയാൻ എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു.

ജോൺ പണിക്കറുടെ അധ്യക്ഷതയിൽ നടന്ന വാർഷീക യോഗത്തിൽ ജോർജ് ഓലിക്കൽ റിപ്പോർട്ടും സുമോദ് നെല്ലിക്കാല കണക്കും അവതരിപ്പിച്ചതിനുശേഷം ബോർഡ് ഓഫ് ട്രസ്റ്റീ ചെയർമാൻ സുധാ കർത്തയുടെ നേതൃത്വത്തിൽ നടന്ന ഇലക്ഷനിൽ നടന്നത്. തമ്പി പോത്തൻ, രാജൻ സാമുവേൽ, ജോർജ് ഓലിക്കൽ എന്നിവർ ഇലക്ഷൻ നടപടികൾ സുമഗമമാക്കുന്നതുവേണ്ടിയുള്ള ക്രമീകരണം നടത്തി.

പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട അലക്സ് തോമസ് അമേരിക്കൻ മലയാളികൾക്ക് സുപരിചിതനാണ്.

ഫൊക്കാന, ട്രൈസ്റ്റേറ്റ് കേരളാ ഫോറം, ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് എന്നീ സംഘടനകളിൽ അദ്ദേഹം മുൻപ് സുപ്രധാന നേതൃത്വചുമതലകൾ വഹിച്ചിട്ടുണ്ട്. മികച്ച വാഗ്മിയായ അലക്സ് തോമസ് വിവിധ സാമൂഹിക -സാംസ്കാരിക പ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യവുമാണ്.

ജനറൽ സെക്രട്ടറി സുമോദ് തോമസ് നെല്ലിക്കാല ട്രൈസ്റ്റേറ്റ് കേരളാ ഫോറം, ഇന്ത്യൻ ഓവർസീസ് കോൺഗ്രസ്, ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക തുടങ്ങിയസംഘടനകളിൽ നേതൃത്വസ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.

ട്രഷറർ ജോയ് തട്ടാർകുന്നേൽ സംഘടനയുടെ സാമ്പത്തിക കാര്യങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ കഴിവുള്ള വ്യക്തിയാണെന്ന് മുൻകാല പ്രവർത്തനങ്ങളിൽ തെളിയിച്ചിട്ടുണ്ട്.

മറ്റ് ഭാരവാഹികൾ: ആർട്ട് രാജു പി. ജോൺ, സിവിക് & ലീഗൽ സുധാ കർത്ത, ലിറ്ററി ഡോ. ഈപ്പൻ ഡാനിയേൽ, എഡിറ്റോറിയൽ ബോർഡ് ജോൺ പാണിക്കർ, ബിൽഡിംഗ് പ്രോജക്ട് അലക്സ് തോമസ്, ഐടി കോഓർഡിനേറ്റർ മോഡി ജേക്കബ്, പ്രോഗ്രാം കോഓർഡിനേറ്റർ സുരേഷ് നായർ, പബ്ലിക് റിലേഷൻസ് ജോൺസൺ യോഹന്നാൻ, ഫെസിലിറ്റി ജേക്കബ് കോര, ലൈബ്രറി വൽസ തട്ടാർകുന്നേൽ, മെമ്പർഷിപ്പ് വി.വി ചെറിയാൻ, ഫണ്ട്രെയ്സിംഗ് രാജൻ സാമുവൽ, ഇൻഡോർ ഗെയിംസ് തമ്പി പോത്തൻ, യൂത്ത് കോഓർഡിനേറ്റർ മോൻസൺ വർഗീസ്, ഫുഡ് & റിഫ്രഷ്മെന്റ് റേച്ചൽ തോമസ്, സ്പോർട്സ് അലക്സ് ബാബു, കമ്മ്യൂണിറ്റി ആക്ടിവിറ്റീസ് റവ. ഫിലിപ്സ് മോടയിൽ , ചാരിറ്റി ജയ സുമോദ്, ഫോട്ടോഗ്രാഫി എബി മാത്യു, വിഷ്വൽ മീഡിയ ടിനു ജോൺസൺ, വുമൺസ് ഫോറം സെലീൻ ഓലിക്കൽ.

ബോർഡ് ഓഫ് ട്രസ്റ്റിയിലേക്ക് സുധാ കർത്ത, ബോർഡ് ഓഫ് ട്രസ്റ്റി സെക്രട്ടറിയായി തമ്പി പോത്തൻ എന്നിവരെയും, ഓഡിറ്ററായി മേഴ്സി പണിക്കരെയും തിരഞ്ഞെടുത്തു.

പുതിയ നേതൃത്വത്തിന് കീഴിൽ സംഘടനയുടെ സാമൂഹിക, സാംസ്കാരിക, ദാന പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുമെന്ന് ഭാരവാഹികൾ അറിയിച്ചു.

പെൻസിൽവാനിയയിലെ മലയാളികളുടെ ഉന്നമനത്തിനുവേണ്ടി രൂപം കൊണ്ട പമ്പ അസോസിയേഷൻ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മേഖലകയിൽ ഉയർന്ന പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നതിന് പ്രശംസ പിടിച്ചു പറ്റിയിട്ടുണ്ട്.




#1 'OTT' Platform
Download FREE
Scan QR Code to
Download App Instantly
Watch
MediaAppUSA
LIVE Television Channels
LIVE Streaming
Video on Demand
News Portals
On your Phones, All Smart TV's and
Any Streaming Devices
www.mediaappusa.com | info@medialogistics.us | 1-917-900-2123


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA



THE ONE AND ONLY
daily news
BULLETIN
For North American Malayalees!
pravasi CHANNEL HD
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch
Pravasi Channel
LIVE 24 Hrs
www.pravasichannel.com
or Watch Anytime via 'VOD' Video on Demand
by downloading MediaAppUSA App FREE!
Scan the QR Code for instant download
Download on the App Store
Google play
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News